UNI... 29 JAN 1928 MADRAS

# ഗുരുനാഥൻ.

പുസ്തകം 7. | 1103 മകരം | ലക്കം 6.

## ഭാഷാസാഹിത്യത്തിൻെറ മറുവശം

(തുടർച്ച)

(ആർ. ഈശ്വരപിള്ള ബി. എ)

അവതാരിക എഴുത്തുകാരാണ് ഇനിയും ഒരുവക നിരൂപകന്മാരായിരിക്കുന്നതു്. പക്ഷേ ഇവരും നിർദ്ദാക്ഷിണ്യമായ നിരൂപണം ചെയ്തല്ല അവതാരിക എഴുതുന്നതു്. അവരുടെ ചുമതല ഗ്രന്ഥത്തെ പൊതുജനസമക്ഷം അവതരിപ്പിക്കുക മാത്രമാണല്ലോ. അതിലേയ്ക്കു വിഷയത്തെ സംക്ഷിപ്തമായി പ്രതിപാദിക്കയും, രചനാരീതിയേപ്പററി അല്പം ചിലതെല്ലാം പ്രസ്താവിക്കയും ചെയ്യുകയാണ് സാധാരണ. അവതാരികയും അപേക്ഷാനുസരണം എഴുതപ്പെടുന്നതായിരിക്കുന്നതിനാൽ അതു പ്രശംസകൊണ്ടു് അല്പം മധുരമാക്കുന്നതും അസാധാരണമല്ല. ഇതിൽനിന്നു മാത്രം ഗ്രന്ഥത്തിൻെറ ഗുണദോഷം ആർക്കും യഥാർത്ഥമായി ഗ്രഹിക്കുവാൻ സാധിക്കുമോ എന്നു സംശയമാണ്. സ്നേഹിതന്മാരായിരിക്കും പലപ്പോഴും അവതാരിക എഴുതുന്നതു്. ആ സ്ഥിതിക്കു് അവരുടെ അഭിപ്രായത്തിൻെറ മൂനസ്സുകു് നിശിതത്വം അല്പം കുറഞ്ഞിരിക്കുവാനും ഇടയുള്ള. അതുകൊണ്ടു് ഇവിടെയും നിരൂപണം അധികം ഉണ്ടെന്നു തോന്നുന്നില്ല. ഉണ്ടെങ്കിൽ അതു മതിയാകുമെന്നു പറവാനും തരമില്ല. അവതാരികാകർത്താക്കന്മാർ ഗ്രന്ഥങ്ങളെ നോക്കുന്നതും നിരൂപണദൃഷ്ടിയോടുകൂടിയല്ല. പലപ്പോഴും അവതാരിക എഴുതുന്നതു് അതു സ്നേഹശൂന്യമായ ഒരു കടമയെ നിറവേററുന്നതിനു മാത്രമായിട്ടാണെന്നും ഓർമ്മിക്കേണ്ടിയിരിക്കുന്നു. ഇവിടെ നിർദ്ദാക്ഷിണ്യമായി നിരൂപണ പദ്ധതിയെ ഉപയോഗിക്കാൻ പക്ഷെ സൗകര്യമുണ്ടെങ്കിലും മനസ്സുണ്ടാവുകയില്ല.

പത്രങ്ങളിലുള്ള പരസ്യങ്ങളാണു മറെറാരുവക നിരൂപണകർത്താക്കൾ. ഇവയുടെ നിരൂപണഫലത്തെ രേഖപ്പെടുത്തുന്നതിനു് "ഒന്നാന്തരം" എന്നൊരു പദം മാത്രമേ ഉള്ളു എന്നു വിചാരിക്കേണ്ടിയിരിക്കുന്നു. ഭാഷയിൽ "രണ്ടാംതരം" പുസ്തകങ്ങൾ ഒന്നുംതന്നെ ഇല്ലെന്നു് തോന്നിപ്പോകും. ഇതു വാസ്തവമായിരുന്നാൽ മലയാളഭാഷാസാഹിത്യത്തിനു് ഇനി ഒരു പടിപോലും ഉയർച്ച വരുവാനില്ലെന്നുതന്നെ സമ്മതിക്കണം. എ

ന്നാൽ ഈ അഭിപ്രായത്തിന്റെ ഉല്പത്തിസ്ഥാനം ഗ്രന്ഥകർത്താവു തന്നെ ആയിരിക്കാൻ ഇടയുള്ളതുകൊണ്ടു് ഇതിന് ആത്മപ്രശംസയുടെ സ്വാദ് അല്പം ഉണ്ടായിരിക്കുമെന്നു തോന്നുന്നു. പത്രക്കാർ പരസ്യം ചെയ്യുന്നതു പുസ്തകം വായിച്ചു ജനങ്ങൾ രസിക്കട്ടെ എന്നുദ്ദേശിച്ചല്ല. പരസ്യക്കൂലി ലഭിക്കുന്നതിനു മാത്രമായിട്ടാണല്ലോ. പുസ്തകം നല്ലതോ ചീത്തയോ എന്നറിഞ്ഞിട്ടു് അവർക്കു് ആവശ്യമേ ഇല്ല. അതുകൊണ്ടു് ഇവിടെയുള്ള നിരൂപണം ധനകാര്യനിരൂപണം തന്നെയായിട്ടാണു കലാശിക്കുന്നതു്. പക്ഷേ ഗ്രന്ഥകർത്താക്കന്മാരുടെ ബുദ്ധിയിൽ അവരെഴുതുന്ന പുസ്തകം ഒന്നാംതരമാണെന്നു തോന്നീട്ടായിരിക്കാം ഇങ്ങിനെ പരസ്യം ചെയ്യുന്നതു്. ഇതു ക്ഷന്തവ്യമാണല്ലോ. അവരവരുടെ ചിന്താസന്താനങ്ങളെക്കുറിച്ചു സ്നേഹമില്ലാതെവരാൻ ആർക്കും ഇടയില്ലല്ലോ.

ഗ്രന്ഥനിരൂപണം ചെയ്യുന്ന മറെറാരു കൂട്ടർ വായനക്കാരാണ്. കാലാന്തരത്തിൽ ഇവരുടെ അഭിപ്രായമാണു ശരിയാണെന്നു കണ്ടുവരുന്നതു്. എന്നാൽ സാഹിത്യഗ്രന്ഥങ്ങളെപ്പററി ഇവരിൽനിന്നും ഒരഭിപ്രായം ലഭിക്കണമെങ്കിൽ അല്പം കാലവിളംബനം കൂടാതെ കഴികയില്ല. ജനസാമാന്യത്തിന്റെ ഏതഭിപ്രായവും അതു പക്വമായതിൽ പിന്നെ മാത്രമേ വെളിയിൽ വന്നു കാണുന്നുള്ളൂ. അങ്ങിനെ വെളിപ്പെടുന്ന അഭിപ്രായം പ്രായേണ നിരാക്ഷേപമായിട്ടാണു കണ്ടുവരുന്നതു്. വ്യക്തികളെപ്പോലെ സ്നേഹമോ, പക്ഷപാതമോ ജനസാമാന്യത്തെ ബാധിക്കാത്തതുകൊണ്ടാണ് ഇങ്ങനെ സംഭവിക്കുന്നതു്. പക്ഷേ ഇന്നു മലയാളസാഹിത്യഗ്രന്ഥങ്ങളെ വായിക്കുന്ന ജനസാമാന്യം ഏതു തരത്തിലുള്ളതാണെന്ന് ആലോചിക്കാനുണ്ടു്. ഇംഗ്ലീഷു വിദ്യാഭ്യാസം ലഭിച്ചവരുടെ മലയാളത്തോടുള്ള പെരുമാററം അത്ര ആശാസ്യമാണെന്നു പറവാൻ തരമില്ല. അവർ ഭാഷാപുസ്തകങ്ങൾ വായിക്കുക എന്നുള്ളതു വളരെ അപൂർവ്വംതന്നെയാണ്. യൂറോപ്യൻവാർത്തകൾ അടങ്ങിയ വല്ല ഇംഗ്ലീഷുപത്രങ്ങളുമാണു വിശ്രമാവസരത്തിൽ ഇവർ വായിച്ചു രസിക്കുക പതിവു്. അവയിലും രാഷ്ട്രീയകാര്യങ്ങളാണ് ഇവരുടെ ശ്രദ്ധയെ പ്രധാനമായി ആകർഷിക്കുന്നതു്. ഈ വഴിക്കാണു മനുഷ്യന്റെ ഭാവിനിർവൃതിയെന്നാകുന്നു പലരുടേയും അഭിപ്രായം. മലയാളപത്രങ്ങളും പുസ്തകങ്ങളും ഇവർക്കു് ഏറെക്കുറെ അരോചകഹേതുക്കളായിട്ടാണു ഇരിക്കുന്നതു്. ഇംഗ്ലീഷു വിദ്യാഭ്യാസത്തിന്റെ അനാശാസ്യഫലങ്ങളിൽ പ്രാധാന്യം വഹിക്കുന്ന ഒന്നാണിതു്. എന്നാൽ ചുരുക്കം ചില മാന്യങ്ങളായ വ്യത്യസ്തങ്ങൾ ഉണ്ടെന്നു സസന്തോഷം സമ്മതിക്കുന്നു. സ്വഭാഷയെക്കുറിച്ചുള്ള ഈ അവജ്ഞ ലജ്ജാവഹമല്ലെങ്കിൽ പിന്നെ എന്താണെന്നറിയുന്നില്ല. എന്നാൽ ഇനി ഇംഗ്ലീഷുവിദ്യാഭ്യാസം ലഭിക്കാത്തവരുടെ നില എന്താണെന്നു നോക്കാം. ഇവരുടെ കാര്യം കഷ്ടംതന്നെ. വല്ല നഗരസീമയ്ക്കുള്ളിലോ മറേറാ നിവസിക്കുന്നവർ വല്ലതും വല്ലപ്പോഴും വാ

യിച്ചുവെന്നു വന്നേക്കാം. വല്ല വായനശാലയോ മറേറാ ഉണ്ടെങ്കിൽ അവിടെ ഒന്നു കേറി എന്നു വരാം. വായന ഒരവശ്യമായ ദിനകൃത്യമാണെന്ന് ആരുംതന്നെ വിചാരിച്ചിട്ടില്ല. വല്ലവരും വായിക്കുന്നുണ്ടെങ്കിൽ അതു ജ്ഞാനത്തിൻെറ വൎദ്ധനയ്ക്കും ബുദ്ധിയുടെ വികാസത്തിനും വേണ്ടിയല്ലതാനും. വല്ല പുസ്തകവും വായിച്ചു താല്ക്കാലികമായ ഒരു രസം ആസ്വദിക്കാമെന്നുദ്ദേശിച്ചു മാത്രമാണ്. പുസ്തകം വിലയ്ക്കു വാങ്ങി വായിക്കുക എന്നുള്ളതു് അസാധാരണയാണ്. യദൃച്ഛയാ പുസ്തകം കയ്യിൽ കിട്ടിയാൽ ഒന്നു വായിച്ചു നോക്കാമെന്നേയുള്ളു. ഇവരിൽനിന്നും ഉണ്ടാകാവുന്ന ഗ്രന്ഥനിരൂപണം എന്തായിരിക്കാമെന്ന് ഏറക്കുറെ ഊഹിക്കാവുന്നതാണല്ലോ. അതുകൊണ്ടു ഭാഷാസാഹിത്യത്തെ സംബന്ധിച്ചിടത്തോളം സാമാന്യജനങ്ങൾക്ക് ഒരു അഭിപ്രായം പറയാൻ ശേഷിയുണ്ടെന്നു വിചാരിപ്പാൻ കാരണം കാണുന്നില്ല. വല്ല അഭിപ്രായവും പുറപ്പെടുവിക്കുന്നതായാൽതന്നെ അതു് ഒരു അപരിഷ്കൃതരുചിയെ അടിസ്ഥാനപ്പെടുത്തി ആയിരിക്കാവുന്നതുകൊണ്ടു് അതിനു വിമൎശനമെന്ന നിലയിൽ ഒരു വിലയും വയ്ക്കുവാൻ തരമില്ല.

എന്നാൽ ഭാഷാസാഹിത്യത്തെപ്പററി ശരിയായി വിമൎശനം ചെയ്യുന്നതിനു യോഗ്യന്മാരില്ലെന്നു പറവാൻ പാടില്ല. മിസ്റ്റർ പി. കെ. നാരായണപിള്ള, മിസ്റ്റർ സി. ശങ്കുണ്ണിനായർ, മിസ്റ്റർ പത്മനാഭനുണ്ണി മുതലായി ചുരുക്കം ചിലർ ഈ സരണിയിൽ പാദസ്ഖലനം കൂടാതെ ചരിച്ചുവരുന്നതായി കാണുന്നുണ്ടു്. ഇതിൽ ആദ്യം പറഞ്ഞ മഹാൻെറ ഖണ്ഡധാരയുടെ മുനയ്ക്കു് അസാമാന്യമായ നിശിതത്വം ഉണ്ടെന്നുള്ളതു പ്രസിദ്ധമാണ്. എന്നാൽ അതിനെ അപൂൎവ്വമായി മാത്രമേ ആ വിദ്വാൻ ഉപയോഗിക്കുന്നുള്ളുവെന്നു തോന്നുന്നു. ഗ്രന്ഥകാരന്മാൎക്ക് അല്പം ശങ്കയുള്ളതുകൊണ്ടു് അധികം ആരും അദ്ദേഹത്തിൻെറ അഭിപ്രായത്തിന് ആവശ്യപ്പെടുന്നുണ്ടെന്നു് തോന്നുന്നില്ല. എന്നാൽ ഈ പറഞ്ഞവരെല്ലാം കൃത്യാന്തരങ്ങളിൽ ഏൎപ്പെട്ടിരിക്കുന്നവരാകകൊണ്ടു ഗ്രന്ഥവിമൎശനം ഒരു വിശ്രമാവസരവിനോദമായിട്ടു മാത്രമേ കരുതിയിട്ടുള്ളു. എന്നുതന്നെയുമല്ല ഇവർ പുസ്തകങ്ങളെ തേടിപ്പിടിച്ചു വിമൎശനം ചെയ്യുക പതിവുമില്ല. അവരുടെ കൈവശം വരുന്നവയിൽ ചിലതിനെപ്പററി മാത്രമേ നിരൂപണം ചെയ്യുന്നുമുള്ളു. മിസ്റ്റർ പിള്ളയുടെ വിമൎശനകൎമ്മത്തെ ഭയന്നു് ആരും പുസ്തകം എഴുതാതിരിക്കുന്നില്ല. എഴുതുന്നതിനെ അദ്ദേഹത്തെ കാണിക്കുന്നതിൽ വൈമുഖ്യം പ്രദൎശിപ്പിക്കുന്നതേയുള്ളു. എന്നാൽ ഭാഷാസാഹിത്യഭൂവിൽ പ്രതിദിനം ഉത്ഭവിച്ചുകൊണ്ടിരിക്കുന്ന പുസ്തകങ്ങളുടെ അനാശാസ്യവൎദ്ധനയെ തടുക്കുന്നതിന് ഇങ്ങനെയുള്ളവരുടെ കാദാചില്കമായ വിമൎശനം ഏററവും അപൎയ്യാപ്തമായിട്ടാണിരിക്കുന്നതു്. പക്ഷേ ഇപ്പോൾ എഴുതപ്പെടുന്ന പുസ്തകങ്ങളിൽ ഭൂരിഭാഗവും ക്രൂവങ്കഷമായ ഒരുവി

മർശനത്തെ ആവശ്യപ്പെടുന്നക്ക ഗൌരവമോ കാര്യമോ ഉള്ളവയാണെന്നു പറവാൻ പാടില്ല. ഉയർന്നതരം ആശയങ്ങളോ, ആദർശങ്ങളോ, ചിന്തകളോ അവയിൽ അപൂർവ്വമായിട്ടു മാത്രമേ കാണുകയുള്ളൂ. ഇങ്ങനെയുള്ള പുസ്തകങ്ങൾ പരിശോധിക്കുന്നതു് ഒരുവിധം സമയദുർവ്യയമായിത്തന്നെയിരിക്കും. ഇവയെ നിർദ്ദയം ഒന്നോടെ ഭാഷാസാഹിത്യശാലയത്തിൽ നിന്നും പറിച്ചു പുറത്തേയ്ക്കു തള്ളുകയാണു വേണ്ടതു്. അല്ലാത്ത പക്ഷം കളകളുടെ സമൃദ്ധിയിൽ വിളവു് അദൃശ്യമായി പോകുന്നതാണു്.

വിമർശനം ചെയ്തു സ്വീകരിക്കയോ, പരിത്യജിക്കയോ ചെയ്യേണ്ടതായ സാഹിത്യങ്ങളും ഭാഷയിൽ ധാരാളം ഉണ്ടു്. വിമർശകന്റെ ദൃഷ്ടി ഇവയിലേയ്ക്കാണു് അവശ്യം പതിയേണ്ടിയിരിക്കുന്നതു്. ഇപ്പോൾ ഇവ വിമർശകന്റെ ഗുണദോഷവിവേചനത്തിനു് അധീനമാകാതെ ഭാഷാസാഹിത്യാരാമത്തിന്റെ കോണിലും മൂലയിലും സ്ഥലം പിടിച്ചു് യഥാർത്ഥസാഹിത്യഗ്രന്ഥങ്ങളെന്ന നിലയിൽ വർത്തിച്ചുവരികയാണു്. യഥാർത്ഥസാഹിത്യത്തിന്റെ ആസ്വാദനത്തിനും പ്രചാരത്തിനും ഇവ പലവിധത്തിൽ ബാധകമായിട്ടിരിക്കുന്നു. വായനക്കാർക്കും സാഹിത്യാദർശത്തെ സംബന്ധിച്ചു് തെറ്റായ ഒരു ബോധം ജനിപ്പിക്കുന്നതിനും ഇവ അനുകൂലിക്കുന്നു. ഇവ സാഹിത്യഗ്രന്ഥങ്ങളുടെ സംഖ്യയെ വർദ്ധിപ്പിക്കുന്നുണ്ടെങ്കിലും ഭാഷാസാഹിത്യത്തിന്റെ നൈർമ്മല്യത്തെ ആകപ്പാടെ കളങ്കിതമാക്കുകയാണു യഥാർത്ഥമായി ചെയ്യുന്നതു്. ഇപ്പോഴത്തെ നിലയ്ക്കു് ഏതാണു യഥാർത്ഥസാഹിത്യമെന്നും അപ്രകാരം അല്ലാത്തവ ഏതാണെന്നും സാമാന്യജനത്തിനു വേർതിരിച്ചു് ഗ്രഹിക്കുന്നതിനും വഴിയില്ല. ഉത്തമസാഹിത്യത്തിന്റെ ലക്ഷണങ്ങളെ സൂക്ഷ്മമായി ഗ്രഹിക്കുന്നതിനും, അധമസാഹിത്യങ്ങളെ അറിഞ്ഞു് അവയെ വർജ്ജിക്കുന്നതിനും വിമർശനം ജനസാമാന്യത്തിനു സൌകര്യം നൽകുന്നു. സ്നേഹബന്ധംകൊണ്ടോ, വിമർശനവിഷയത്തിലുള്ള അജ്ഞതകൊണ്ടോ, അടിസ്ഥാനരഹിതമായ വല്ല അഭിപ്രായവും എഴുതിത്തള്ളുന്നതായാൽ ഗുണത്തിനേക്കാൾ അധികം ദോഷമാണു് സംഭവിക്കാൻ ഇടയുള്ളതു്. "കമനീയമായ ബയൻറുകൊണ്ടും, വൃത്തിയായ അച്ചടികൊണ്ടും, പുസ്തകം വളരെ രമണീയമായിരിക്കുന്നു" എന്നുള്ള വിമർശനം ഒട്ടും അസാധാരണമല്ല. ഇതിൽ നിന്നെല്ലാം അനുമാനിക്കേണ്ടതു് ഭാഷയെ സംബന്ധിച്ചുള്ള ഒരു ഗൌരവമേറിയ കർത്തവ്യകർമ്മത്തെ നിർവ്വഹിക്കാതെ ഒഴിഞ്ഞുമാറുകയോ, അതിനെ വളരെ അശ്രദ്ധയോടുകൂടി നിർവ്വഹിക്കയോ ചെയ്യുന്നു എന്നുമാത്രമാണു്.

ഏതെങ്കിലും ഒരു ഭാഷ സംസാരിക്കുന്നവർ പരിഷ്കാരവിഷയത്തിൽ പദാൽപദം ഉയർന്നുവരുമ്പോൾ തങ്ങളുടെ ഭാഷയ്ക്കും അനുരൂപമായ ഒരു ഉയർച്ച സിദ്ധിക്കാതിരിക്കാൻ ഇടയില്ല. എന്നാൽ മലയാളഭാഷയെ സംബന്ധിച്ചു് അപ്രകാരംതന്നെ സംഭവിച്ചിട്ടുണ്ടോ എന്നു സംശയമുണ്ടു്. ഇ

തിനുള്ള പ്രധാന കാരണം പരിഷ്ക്കാരികളെന്നഭിമാനിക്കുന്ന നമ്മിൽ അധികം പേർ സ്വഭാഷയെക്കാൾ അധികം ലാളിക്കുന്നതും പാലിക്കുന്നതും വിദേശീയഭാഷയായ ഇംഗ്ലീഷിനെയായതുകൊണ്ടാണ്. ഇതുനിമിത്തം നമ്മിൽ ഒട്ടധികം പേരുടെ പരിഷ്കൃതാശയങ്ങൾ ഇംഗ്ലീഷുഭാഷയുടെ സീമയ്ക്കുള്ളിൽതന്നെ കിടന്നു് വിളയാടുന്നതിനാൽ അവയെ മാതൃഭാഷയ്ക്കു് അവകാശമുള്ളിടത്തോളം ലഭിയ്ക്കുന്നില്ലെന്നാണ തോന്നുന്നതു്. യൂറോപ്യൻഭാഷകളെ സംബന്ധിച്ച് ഇങ്ങനെ വരികയില്ലല്ലോ. അവിടെ ഭാഷാസാപത്ന്യം ഇല്ലാത്തതുകൊണ്ടു ജനങ്ങൾക്കുണ്ടാകുന്ന ആശയവൈശിഷ്ട്യം ഭാഷയ്ക്കും അണുവോളം കുറയാതെ ലഭിക്കുന്നു. നമ്മുടെ നാട്ടിലാണെങ്കിൽ ഇംഗ്ലീഷുഭാഷയെ ആരാധിക്കുന്ന ഒരു കൂട്ടം വമ്പന്മാരും, മലയാളഭാഷയെ മാത്രം അവലംബിച്ചു വർത്തിക്കുന്ന ഏതാനും സാധുക്കളുമാണുള്ളതു്. ഇംഗ്ലീഷുവിദ്യാലയങ്ങളുടേയും, മലയാളവിദ്യാലയങ്ങളുടെയും സ്ഥിതിതന്നെ ഒന്നു പരിശോധിച്ചുനോക്കിയാൽ ഈ വസ്തുത എളുപ്പം മനസ്സിലാകും. ഇന്നു് എല്ലാം പൊതുസ്ഥാപനങ്ങളിലും കച്ചേരികളിലും എന്താണു നടക്കുന്നതു് എന്നു നോക്കുക ഇംഗ്ലീഷിനു പ്രതിദിനം ഓരോ പടി ഉയർച്ചയും, മലയാളത്തിനു് അതുപോലെതന്നെ താഴ്ചയുമാണു വന്നുകൊണ്ടിരിക്കുന്നതു്. നാട്ടുഭാഷാവിദ്യാലയങ്ങളിലെ സകല എഴുത്തുകുത്തുകളും ഇംഗ്ലീഷിൽ വേണമത്രേ. ഇനി ഒരുകാലത്തു് മലയാളഭാഷയും ഇംഗ്ലീഷിൽതന്നെ പഠിപ്പിക്കേണ്ടതായി വന്നേക്കാം. ദേവസ്വം ഡിപ്പാർട്ടുമെൻറിലെ ഉദ്യോഗങ്ങളുടെ പേരു മാത്രമല്ല ദേവന്മാരുടെ പേരും ഇംഗ്ലീഷിലാക്കിത്തുടങ്ങിയിട്ടുണ്ടു്. ഈ സ്ഥിതിക്കു മലയാളഭാഷയുടെ ഭാവി അല്പം തമസ്സംവൃതമായിട്ടാണിരിക്കുന്നതു്. അവിടേയും ഇവിടേയും ചില ഭാഷാഭിമാനികൾ വല്ല ശ്രമവും ചെയ്യുന്നുണ്ടായിരിക്കാം. എന്നാൽ എതിർശക്തിയുടെ പിൻബലത്തോടുകൂടിയതും, സുസ്ഥിരവുമായ പ്രവർത്തനം നിമിത്തം ഇതൊന്നും ഫലിക്കുമെന്നു തോന്നുന്നില്ല. പ്രകൃതം വിട്ടു് ഇത്രയും പറഞ്ഞുപോയതു് ക്ഷന്തവ്യമായിരിക്കുമെന്നു വിശ്വസിക്കുന്നു.

ഞാൻ ഇത്രയും പ്രസ്താവിച്ചതിൽനിന്നും ഭാഷാസാഹിത്യവിഷയത്തിൽ ഒരു ഗുണദോഷവിവേചനശക്തി അഥവാ വിമർശനം ആവശ്യമുണ്ടെന്നും, ഒരുതരം വിമർശനം ഇന്നു നടക്കുന്നുണ്ടെന്നും തെളിയുന്നതാണു്. യഥാർത്ഥവിമർശനത്തിൻെറ ആരംഭവും അല്പമായിട്ടെങ്കിലും കാണുന്നുണ്ടു്. ഏതു ഭാഷയിലും സാഹിത്യശുദ്ധിക്കും, സാഹിത്യരസം അറിഞ്ഞു് അതിനെ ആസ്വദിക്കുന്നതിനും, ഉത്തമസാഹിത്യത്തിൻെറ ആവിർഭാവത്തിനും, അഭിവൃദ്ധിക്കും വിമർശനം അല്ലെങ്കിൽ നിരൂപണം ഒഴിച്ചുകൂടാത്ത ഒരു ആവശ്യമായിട്ടാണു തീർന്നിരിക്കുന്നതു്. എന്നാൽ മററു വിഷയത്തിലെന്നപോലെ സാഹിത്യവിഷയത്തിലും വിമർശനശീലം നിർമ്മാണശീലത്തെ അനുഗമിക്കുവാനേ തരമുള്ളു. അതുകൊണ്ടു് സാഹിത്യത്തിൻെറ ശൈശവഘട്ടത്തിൽ

വിമർശനം കുറഞ്ഞുതന്നെ ഇരിക്കും. ഗുണദോഷവിവേചനത്തിനു വേണ്ടതായ സാഹിത്യസമൃദ്ധിയിൽ മാത്രമേ അതുത്ഭവിക്കുവാൻ തരമുള്ളു. ഭാഷാസാഹിത്യം ഇന്നു് ഇങ്ങനെയുള്ള ഘട്ടത്തിൽ എത്തിയിട്ടുണ്ടോ എന്നാണു് ഒന്നു് ആലോചിക്കാനുള്ളതു്. മലയാളത്തിൽ പ്രതിക്ഷണമെന്നപോലെ വിവിധരൂപത്തോടുകൂടിയ സാഹിത്യഗ്രന്ഥങ്ങൾ ഉണ്ടാകുന്നുണ്ടെന്നുള്ളതു് എല്ലാവരും സമ്മതിക്കുന്ന ഒരു സംഗതിയാണു്. ഭാഷയിൽ ഇന്നുള്ള ഗ്രന്ഥങ്ങളുടെ എണ്ണം ആരും തിട്ടപ്പെടുത്തിയിട്ടില്ല. ഒരു കണക്കെടുക്കുന്നതായാൽ ഇതരനാട്ടുഭാഷകളെ അപേക്ഷിച്ചു് മലയാളഭാഷ, സാഹിത്യവിഷയത്തിൽ മുന്നണിയിലാണു് നില്ക്കുന്നതെന്നു കാണാം. അതുകൊണ്ടു വിമർശകനു ഗ്രന്ഥദാരിദ്ര്യം നേരിട്ടുവെന്നു് വരികയില്ല.

വിമർശനം സാഹിത്യത്തിന്റെ മാററു നോക്കുന്നതിനുള്ള ഒരു നികഷമാണു്. ഇതിന്റെ അഭാവത്തിൽ സാഹിത്യത്തിന്റെ യഥാർത്ഥവില അറിവാൻ സാധിക്കയില്ല. ശ്രീമാന്മാരായ ഉള്ളൂരിനെയും, വള്ളത്തോളിനെയും മററും നാം ശ്ലാഘിക്കുന്നുണ്ടെങ്കിൽ, അതു് അവരുടെ കൃതികൾക്കുള്ള വിവിധഗുണങ്ങളെയോ, രമ്യതകളെയോ കണ്ടുപിടിച്ചിട്ടോ, ആസ്വദിച്ചിട്ടോ അല്ല. അവയ്ക്കുള്ള ഗുണങ്ങളുടെ സംയുക്തഫലമായ ഒരു ആകർഷണീയതയെ അടിസ്ഥാനപ്പെടുത്തി മാത്രമാണെന്നു തോന്നുന്നു. അവയിൽ അസംവിജ്ഞാതങ്ങളായി ലയിച്ചുകിടക്കുന്ന വിവിധരസങ്ങളെ നമ്മിൽ എത്ര പേർ ഇന്നു് ആസ്വദിക്കുന്നുണ്ടു്. ശരിയായ വിമർശനത്തിന്റെ അഭാവമാണു് ഇതിനു കാരണം. എന്നാൽ വിമർശനം അത്ര സുകരമായ ഒരു കാര്യവുമല്ല. വിമർശകനു് അനേകം യോഗ്യതാംശങ്ങൾ അത്യാവശ്യമാണു്. എന്നാൽ ഇതു വിമർശനസ്വഭാവത്തെ വിഷയീകരിച്ചുള്ള ഒരു ലേഖനമല്ലാത്തതിനാലും, അതിന്റെ ആവശ്യകതയെ ചൂണ്ടിക്കാണിക്കുക മാത്രം ചെയ്യുന്ന ഒന്നാകകൊണ്ടും അതിനെപ്പററി ഇവിടെ സവിസ്തരം ഒന്നും പറയണമെന്നു വിചാരിക്കുന്നില്ല. എങ്കിലും ഒന്നു രണ്ടു വാക്കു പറയാം. സാഹിത്യാഭിരുചി ഇല്ലാത്ത ഒരാൾക്കു വിമർശകൻ എന്ന നിലയിൽ ശോഭിക്കുവാൻ സാധിക്കയില്ല. ഒരു വിമർശകനു് എല്ലാത്തരം രമ്യതകളെയും ഗ്രഹിക്കുന്നതിനു പര്യാപ്തമായ ഒരു നിശിതബുദ്ധിയാണു പ്രധാനമായി വേണ്ടതു്. സാഹിത്യത്തിന്റെ ബാഹ്യരൂപത്തിലല്ല തന്റെ ദൃഷ്ടിപതിയേണ്ടതു്. അതിന്റെ അന്തർഭാഗത്തിൽ നിലീനങ്ങളായിക്കിടക്കുന്നവയും, അതിന്റെ ഘടനാംശങ്ങളായി ശോഭിക്കുന്നവയുമായ രത്നശകലങ്ങളെ തേടിപ്പിടിക്കയും, വില മതിക്കയും ചെയ്കയാണു് ആവശ്യം. അന്തസ്സാരശൂന്യങ്ങളായ കൃതികളിൽ തന്റെ ഖഡ്ഗധാരയെ നിഷ്കരുണം പ്രയോഗിക്കയും വേണം. വിമർശകൻ അനുസരിക്കേണ്ട ചില നിയമങ്ങളും ഉണ്ടു്. വിമർശകന്മാർക്കു പ്രായേണ കണ്ടുവരുന്ന ദോഷം ഒന്നുകിൽ നിയമങ്ങളെ മുറുകിപ്പിടിക്കുക, അല്ലെങ്കിൽ അവയെ തീരെ നിരാ

കരിക്കുക ഇവയാണ്. ഇതു വിമൎശനത്തിന്റെ വില കുറയ്ക്കുകയും, ഫലം അനാസ്വാദ്യമാക്കുകയും ചെയ്യുന്നു. വിമൎശകനു സാഹിത്യകാരനെപ്പോലെതന്നെ നിരങ്കുശമായ പ്രതിഭാവിലാസവും, അതിനു പുറമേ സൂക്ഷ്മബുദ്ധിയും, നിൎദ്ദാക്ഷിണ്യതയും, വാക്‌വശ്യതയും വിവേചനാബുദ്ധിയും സദാ അപാവൃതമായ മനസ്സും, സാമാന്യമായ വിഷയജ്ഞാനവും വാസനയും, ഒരു മുനയുള്ള തൂലികയും ഒഴിച്ചുകൂടാത്ത സാമഗ്രികളാണ്. വിമൎശകന് ഒരു തോതും അത്യാവശ്യമാണ്. ആ തോതു എന്തായിരിക്കണമെന്നു ഖണ്ഡിച്ചു പറയുന്നതു സാദ്ധ്യമല്ല. പൂൎവ്വസൂരികൾ നിൎദ്ദേശിച്ചിട്ടുള്ള വല്ല തോതും ആയാൽ പോരാ. അന്നത്തെ തോതുകൊണ്ടു ഇന്നത്തെ സാഹിത്യം അളക്കുന്നതായാൽ പല കുഴപ്പത്തിനും വഴിയുണ്ട്. സാഹിത്യം അനേകമുഖങ്ങളോടുകൂടിയ ഒരു വസ്തുവാണെന്നും, സാഹിത്യകാരന്മാരുടേയും പ്രത്യേകിച്ചു കവികളുടേയും ചിന്തയും പ്രതിഭയും ചരിക്കുന്ന മാൎഗ്ഗങ്ങൾ സംഖ്യാതീതങ്ങളാണെന്നും നാം ഓൎമ്മിക്കേണ്ടതാണ്. അതുകൊണ്ടു പണ്ടത്തെ മുഴക്കോലു വച്ചുകൊണ്ടു അളന്നാൽ ശരിയാകുമെന്നു തോന്നുന്നില്ല.

കവികൾക്കും മററു സാഹിത്യകാരന്മാൎക്കും ചിന്താസ്വാതന്ത്ര്യവും, ആശയനവീനത്വവും, പ്രതിഭാവൈചിത്ര്യവും വൎദ്ധിച്ചുവരുന്നതുകൊണ്ടു അവർ അനുകരിക്കുന്ന തോതിനെത്തന്നെയാണ് വിമൎശകൻ സ്വീകരിക്കേണ്ടതെന്നു തോന്നുന്നു. സാഹിത്യകാരനും വിമൎശകനും തമ്മിൽ വല്ല വ്യത്യാസവും ഉണ്ടെങ്കിൽ സാഹിത്യം ഒരാളിൽ അന്തൎമ്മുഖമായിമാത്രം വൎത്തിക്കയും, മറേറയാളിൽ ബഹിൎമ്മുഖമായി പ്രസരിക്കയും കൂടി ചെയ്യുന്നുവെന്നുള്ളതുമാത്രമാണ്. വിമൎശനത്തെപ്പററി ഇത്രയും സംക്ഷിപ്തമായി പറഞ്ഞുവെന്നേയുള്ളു. ഈവക ഗുണങ്ങൾ എല്ലാം തികഞ്ഞ ഒരു വിമൎശകനെ നമുക്കിന്നു് ലഭിക്കാൻ അല്പം പ്രയാസമാണ്. പക്ഷേ ഭാഷാസാഹിത്യത്തിന്റെ ശരിയായ വളൎച്ചയ്ക്കും ആസ്വാദനത്തിനും മററും ഒരു വിമൎശനകൎത്താവ് ഇല്ലാതേയും കഴിയുമെന്നു തോന്നുന്നില്ല. അതുകൊണ്ടു ഇക്കാൎയ്യം സാഹിത്യപരിഷത്തിന്റെ ശ്രദ്ധയിൽ കൊണ്ടുവരണമെന്നുള്ള ഉദ്ദേശത്തോടുകൂടിയാണ് ഈ ലേഖനം എഴുതുന്നതിന് ഇടയായതു്. ഇതിലേക്ക് ഏതാനും വിദ്വാന്മാരുൾപ്പെട്ട ഒരു വിമൎശകസംഘം ഏൎപ്പെടുത്തുകയും, അതിലെയ്ക്കു പ്രത്യേകമായി ഒരു മാസിക ആ സംഘത്തിൽനിന്നും നടത്തുകയും ചെയ്യുന്നതായാൽ അതിനു തല്ക്കാലം അധികമൊന്നും ചെയ്വാൻ സാധിച്ചില്ലെങ്കിലും ഈ വിഷയത്തിൽ ചില ചില്ലറജോലികൾ ആരംഭിക്കുകയും, മാസികമൂലേന വിമൎശനതത്വങ്ങളെ പ്രചരിപ്പിക്കുകയും, സൌകൎയ്യംപോലെ അവയെ പ്രയോഗിക്കുകയും, സാഹിത്യത്തിന്റെ വളൎച്ചയ്ക്കുള്ള നേർവഴി തെളിയിക്കുകയും ക്രമേണ ഭാഷാസാഹിത്യകേദാരത്തിൽ വൎദ്ധിച്ചുവരുന്ന കളകളെ ഉന്മൂലനം ചെയ്യുകയും ചെയ്യുന്നതിന് സാധിക്കുമെന്നു വിശ്വസിക്കുന്നു.

# * പ്രസാധനം, മുദ്രണം, പ്രചാരണം

§ (സി. കുഞ്ഞിരാമമേനോൻ)

കേരളത്തിൽ പ്രസാധകന്മാരും, ഗ്രന്ഥകൎത്താക്കന്മാരും, മുദ്രണശാലക്കാരും പുസ്തകവില്പനക്കാരും അടുത്ത കാലത്തിന്നുള്ളിലായി വളരെ വൎദ്ധിച്ചുവന്നിട്ടുണ്ടെങ്കിലും ഈ തരക്കാർ തമ്മിൽ തമ്മിലുള്ള ബന്ധം ആശാസ്യമായ നിലയിലല്ല കിടക്കുന്നതു്. ഈ വക ജോലികളിൽ ഏൎപ്പെട്ടവൎക്കു സമഷ്ടിയായും വ്യഷ്ടിയായും യാതൊരു കൂട്ടുകെട്ടും ഇല്ല. സാമാന്യമായി കണ്ടുവരുന്ന ഈ ദോഷത്തിന്നു ഒരു പരിഹാരം ഉണ്ടായാൽ മാത്രമേ അഭിവൃദ്ധിക്കു തരമുള്ളു.

## പ്രസാധനം

പ്രസാധനത്തെപ്പററി പറയുമ്പോൾ ഗ്രന്ഥകൎത്താക്കന്മാരെന്നും പ്രസാധകന്മാരെന്നും രണ്ടു തരക്കാരെപ്പററി ചിന്തിക്കേണ്ടതായിട്ടുണ്ടു്. ഗ്രന്ഥകൎത്താക്കന്മാരായ പ്രസാധകന്മാരാണു് ഇപ്പോൾ അധികമുള്ളതു്. ഗ്രന്ഥം എഴുതിയുണ്ടാക്കുക മാത്രമല്ല, അതു് അച്ചടിപ്പിച്ചു പ്രചരണം ചെയ്യുന്ന ഭാരംകൂടി ഗ്രന്ഥകൎത്താക്കന്മാർതന്നെയാണു് ഇപ്പോൾ അധികവും നടത്തുന്നതു്. പ്രസിദ്ധീകരണച്ചിലവു കഴിച്ചു ഗ്രന്ഥം എഴുതിയതിന്നുള്ള പ്രതിഫലം കിട്ടാത്ത ഗ്രന്ഥകാരന്മാർ ധാരാളമുണ്ടു്. അദ്ധ്വാനത്തിന്നു പ്രതിഫലമോ കിട്ടുന്നില്ല, പണം മുടക്കി അച്ചടിച്ചു പ്രസിദ്ധം ചെയ്വാൻ അത്രമാത്രം മൂലധനമുള്ള പ്രസാധകന്മാരുമില്ല. ഇങ്ങിനെ 'കൊട്ടും, പാട്ടും, സേവയും' ഒക്കെ ഒരാൾ ചെയ്യേണ്ടിവരുന്നതുകൊണ്ടു ഗ്രന്ഥം എഴുതാൻ ഉത്സാഹവും, ധൈൎയ്യവും ഇല്ലാതെ പലരും ഗ്രന്ഥനിൎമ്മാണകാൎയ്യത്തിൽ വിരക്തി കാണിച്ചുവരികയാണു ചെയ്യുന്നതു്. ഒരു പുസ്തകം എഴുതി അതിന്റെ ഫലം അറിഞ്ഞു കഴിഞ്ഞാൽ ഇച്ഛാഭംഗത്തോടെ പിന്തിരിയുന്ന ഗ്രന്ഥകാരന്മാരാണു് അധികമുള്ളതു്. പുസ്തകം എഴുതിക്കഴിഞ്ഞാൽ അതിന്നു ന്യായമായ ഒരു പ്രതിഫലം കൊടുത്തു് അതിന്റെ പ്രസാധകത്വം കൈയേല്ക്കുന്ന സ്ഥാപനങ്ങൾ ഉണ്ടെന്നു വന്നാലെ ഗ്രന്ഥകാരന്മാൎക്കു ഗുണമുള്ളു. ഗ്രന്ഥകാരന്മാൎക്കു ഗ്രന്ഥമെഴുത്തുതന്നെയാവണം ജോലി. അവർ മുദ്രണത്തെപ്പററിയും, പ്രചരണത്തെപ്പററിയും ചിന്തിച്ചു ക്ലേശിക്കേണമെന്നുവരുന്നതു്, അഭിവൃദ്ധിക്കു വലിയ ഒരു പ്രതിബന്ധമാണു്.

കേരളത്തിലുള്ള രണ്ടോ മൂന്നോ പ്രസിദ്ധീകരണശാലക്കാർ പ്രസാധകത്വം അത്യാവശ്യം കൈയേല്ക്കുന്നില്ലെന്നില്ല. എന്നാൽ അവൎക്കു മൂലധനം പോരാ. മുദ്രണച്ചിലവിന്നുള്ള വക മുടക്കേണ്ടിവരുമ്പോൾ ഗ്രന്ഥകൎത്താവിന്നുള്ള പ്രതിഫലം പെട്ടെന്നു കൊടുപ്പാൻ തരപ്പെടാതെ വരുന്നു. മാ

* സമസ്തകേരളസാഹിത്യപരിഷത്തിൽ വായിച്ചതു്.

§ ഇദ്ദേഹമാണു് എം. ആർ. കെ. സി. എന്നു പണ്ടുതന്നെ പ്രസിദ്ധനായ ലേഖകൻ.

ങ്ങളിൽ വീതം—അതായതു ലാഭം എന്നുണ്ടാകുന്നുവോ അന്നു—കൊടുക്കാമെന്ന നിലയിലാണു പ്രസാധകത്വം കയ്യേല്ക്കുന്നതു്. ഈ വഴിക്കും ഗ്രന്ഥകർത്താക്കന്മാർക്കു യാതൊരു ഗുണവും സിദ്ധിക്കുന്നില്ല.

വലിയ പ്രതിഫലേച്ഛയോടെ ഗ്രന്ഥനിർമ്മാണം ചെയ്യുന്നവരും പണം മുടക്കാതെ അധികാദായം കിട്ടണമെന്നു മോഹിക്കുന്ന പ്രസാധകന്മാരും തമ്മിൽ യോജിക്കായ്കനിമിത്തം പല ദോഷങ്ങളും നേരിടുന്നുണ്ടു്. പാശ്ചാത്യരാജ്യങ്ങളിലെന്നപോലെ ഗ്രന്ഥപരിശോധനചെയ്തു ഉപദേശിപ്പാനുള്ള വിദഗ്ദ്ധന്മാരുടെ സഹായത്തോടുകൂടി പ്രസാധകത്വം കയ്യേല്ക്കുവാനും ഗ്രന്ഥകർത്താക്കന്മാരെ പണം കൊടുത്തു തൃപ്തിപ്പെടുത്തുവാനും പ്രാപ്തന്മാരായ പ്രസിദ്ധീകരണശാലകൾ കേരളത്തിൽ ഉണ്ടാവുന്നതു് ഒരു അനുഗ്രഹമായിരിക്കും. പാഠ്യപുസ്തകങ്ങൾ എഴുതിച്ചും ഗ്രന്ഥകർത്താക്കന്മാർക്കു പ്രതിഫലം കൊടുത്തും വരുന്ന അത്യാവശ്യം പ്രസിദ്ധീകരണശാലക്കാർ ഇപ്പോൾ ഇല്ലെന്നില്ല. ഗ്രന്ഥകർത്താക്കന്മാരുടെ ബുദ്ധിമുട്ടുകളറിഞ്ഞു് അത്യാവശ്യം ധനസഹായം ചെയ്തു പാഠപുസ്തകങ്ങളല്ലാത്ത പുസ്തകങ്ങൾ അച്ചടിക്കുന്ന പ്രസിദ്ധീകരണശാലക്കാർ തീരെ ഇല്ലെന്നു പറവാൻ തരമില്ലെന്നേയുള്ളു.

പ്രസാധനത്തെ സംബന്ധിച്ച സാമ്പത്തികമായ പ്രതിബന്ധങ്ങൾ ഇങ്ങിനെ പലതും ഉള്ളതുകൊണ്ടു പുസ്തകങ്ങളുടെ 'ഗെറപ്പി'ന്റെ കാര്യത്തിൽ മനസ്സുവെക്കാൻ തരമില്ലാതെ വരുന്നു. ചുരുക്കം ചിലവുകൊണ്ടു കാര്യം സാധിക്കേണമെന്നു വരുമ്പോൾ പുസ്തകം നന്നാക്കി പ്രസിദ്ധം ചെയ്വാൻ തരമില്ലാതെ പോകുന്നു. ഒരു മലയാളപുസ്തകലൈബ്രറി പരിശോധിക്കുന്നവരുടെ ഹൃദയത്തിൽ നിരാശയാണു് ഒന്നാമതു ജനിക്കുന്നതു്. പല വലിപ്പത്തിലും ആകൃതിയിലും പലതരമായ കടലാസ്സിലും അച്ചടിച്ച പുസ്തകങ്ങളാണു് അവിടെ കാണുന്നതു്. കടലാസ്സു നഷ്ടംകൂടാതെ കഴിപ്പാൻ 'മാററ്'റൊക്കെ കുത്തിനിറച്ചു്, ആദായംനോക്കി പ്രൂഫ് കടലാസ്സിൽ അച്ചടിച്ച പുസ്തകങ്ങളാണു് അധികവും കാണുന്നതു്. ഗ്രന്ഥകാരന്മാർക്കാണെങ്കിൽ പ്രൂഫ് നോക്കുവാൻ വശമല്ല. അച്ചടിയുടെ ഗുണദോഷവും പ്രായേണ അവർക്കു വിവരമില്ല. പ്രസാധകനാണെങ്കിൽ അധികച്ചിലവു ചെയ്തു പ്രൂഫ്റീഡറെ നിയമിക്കയുമില്ല. തെററുകൂടാതെ പുസ്തകം അച്ചടിക്കേണമെങ്കിൽ ഒന്നിലധികം പ്രൂഫ്റീഡർമാരുടെ ദൃഷ്ടി പതിയാതെ തരവുമില്ല. അബദ്ധസംബദ്ധലിസ്റ്റ് കൂടാതെ പുറത്തുവരുന്ന പുസ്തകങ്ങളെല്ലാം വളരെ ചുരുക്കം. അധികപക്ഷം പുസ്തകങ്ങളും മേല്പറഞ്ഞ കാരണങ്ങളാൽ കാണാനും വായിപ്പാനും കൊള്ളാത്ത നിലയിലാണു പുറത്തു വരുന്നതു്. ഇതിന്നൊക്കെ കാരണം പ്രസിദ്ധീകരണവിഷയത്തിൽ ഗ്രന്ഥകാരന്മാരും പ്രസാധകന്മാരും വലിയ ലുബ്ധു കാണിക്കുകയാലാണു്. പണമില്ലായ്മയും പുസ്തകം ചിലവാകായ്കയുമായിരിക്കാം അധൈര്യത്തിന്നു കാരണം.

## മുദ്രണം

മലയാളഭാഷയിലുള്ള മുദ്രണം വളരെ താണനിലയിലാണ് കിടക്കുന്നത്. ലിപിപരിഷ്കാരത്തെപ്പററി കേട്ടുതുടങ്ങീട്ടു കാലം കുറച്ചായെങ്കിലും, മുദ്രണശാലക്കാരാവട്ടെ ഈ വിഷയത്തിൽ ശ്രദ്ധവെക്കുന്ന മററുള്ളവരാകട്ടെ ഐകമത്യത്തോടെ ഒരു പരിശ്രമവും ഇതേവരെ ചെയ്തിട്ടില്ല. അമ്പത്തൊന്നക്ഷരം നാനൂററമ്പതക്ഷരമാക്കിയാണു മലയാളപുസ്തകങ്ങൾ അച്ചടിക്കുന്നത്, കെയിസിൽ കൊള്ളാതെ ചില കൂട്ടക്ഷരങ്ങൾ പുറത്തു വെക്കേണ്ടതായും വരുന്നുണ്ട്. അരയുകാരത്തിന്റെ സഹായത്തോടു കൂട്ടക്ഷരങ്ങളെ ബഹിഷ്കരിച്ചും ശബ്ദത്തെമാത്രം കണക്കാക്കിയും അച്ചടി നടത്തുന്നവർ വർദ്ധിച്ചുവരുന്നുണ്ട്. ലിപിപരിഷ്കാരം വരുത്തി അച്ചടിസമ്പ്രദായത്തിൽ ഐകരൂപ്യം വരുത്തുവാൻ സാധിക്കാത്തപക്ഷം ഇപ്പോൾ കണ്ടുവരുന്ന അനാഥത്വം വർദ്ധിച്ചുവരികയെയുള്ളൂ.

അച്ചടി ഒരു കലാവിദ്യയായി പഠിച്ചു പ്രയോഗിക്കുന്നവർ ഇല്ലാത്ത ദോഷവും വളരെയുണ്ട്. കമ്പോസിറററർമാരായും പ്രസ്സ്മാന്മാരായും പ്രവൃത്തിയെടുക്കുന്നവർ പ്രായേണ കൂലിവേലക്കാരുടെ സംഘത്തിൽനിന്നാണു വരുന്നത്. കാട്ടിയതു കാട്ടുകയെന്നല്ലാതെ മനോധർമ്മം പ്രയോഗിപ്പാനുള്ള പ്രാപ്തി അവർക്കില്ലായ്കയുമുണ്ട്. കഷ്ടിച്ച് കൂട്ടിവായിപ്പാൻ മാത്രം പഠിച്ചിട്ടുള്ളവർ കമ്പോസിറററർമാരാവുന്നതുകൊണ്ടു പ്രൂഫ് റീഡർമാർക്കു നേരിടുന്ന ബുദ്ധിമുട്ടുകൾ ചില്ലറയല്ല. തെററുകൾ ശരിപ്പെടുത്തുവാൻ സമയനഷ്ടം വളരെ വേണ്ടിവരുന്നുമുണ്ടു. ഒരു പ്രൂഫ് റീഡറെ ശമ്പളം കൊടുത്തു നിർത്തുവാൻ ത്രാണിയില്ലാത്ത അച്ചുകൂടക്കാരാണ് അധികമുള്ളത്. ഈ കാരണത്താൽ തെററു കൂടാതെ ഒരു പുസ്തകം അച്ചടിച്ചു പുറത്താക്കുകയെന്നതു മലയാളത്തിൽ അപൂർവ്വമായിട്ടാണു കാണുന്നത്. കിടമത്സരം കാരണം അച്ചടിക്കൂലിയുടെ നിരക്കു വളരെ കുറഞ്ഞുപോയിരിക്കുന്നു. പ്രവൃത്തിക്കാരുടെ ശമ്പളനിരക്കു കൂടിക്കൂടിയാണു വരുന്നത്. ഇതുകാരണം അച്ചടിവേലകൊണ്ടുമാത്രം ആദായമുണ്ടാക്കുന്ന അച്ചുക്കൂടക്കാർ കേരളത്തിൽ ഇല്ലെന്നു പറഞ്ഞാൽ അത് ഒരിക്കലും അതിശയോക്തിയാവുന്നതല്ല. അച്ചുക്കൂടക്കാർക്കു വല്ല ആദായവും കിട്ടേണമെങ്കിൽ അധികം കോപ്പികൾ അച്ചടിപ്പാനുണ്ടാവണം. മലയാളത്തിൽ പുസ്തകങ്ങളായാലും മററതായാലും വളരെ കുറച്ചു കോപ്പികൾ മാത്രമെ അച്ചടിപ്പാനുണ്ടാവുകയുള്ളൂ. അച്ചടിസംബന്ധമായ പരിഷ്കാരങ്ങൾ വരുത്തുവാൻ ആവശ്യമായ ഉപകരണങ്ങൾ ശേഖരിക്കുന്ന കാര്യത്തിൽ ഇങ്ങിനെ മുദ്രണശാലക്കാർക്കു വളരെ അധൈര്യവുമുണ്ട്. ഗ്രന്ഥകാരന്മാരുടെയും പ്രസാധകന്മാരുടെയും ഇഷ്ടത്തിന്നനുസരിച്ച് അച്ചടിപ്പാൻ ഒരുക്കമുള്ളവരും ഏതു തരത്തിലും അച്ചടിപ്പാൻ പ്രാപ്തന്മാരും ആയ അച്ചുക്കൂടക്കാർ കേരളത്തിൽ ഇല്ലായ്കയില്ല. എന്നാൽ പ്രവൃത്തിക്കനുസരിച്ച പ്രതിഫലം കൊടുപ്പാൻ ആളി

ല്ലായ്മതന്നെയാണു കാൎയ്യമായി കണ്ടുവരുന്ന ദോഷം. ആദായത്തെ മാത്രം നോക്കുമ്പോൾ ന്യൂനം കുറഞ്ഞുവരാതെ തരമില്ല.

പ്ര ചാ ര ണം.

മേല്പറഞ്ഞ പ്രസാധനവും മുദ്രണവും രണ്ടും പ്രചാരണത്തെ ആശ്രയിച്ചാണു് ഇരിക്കുന്നതു്. പുസ്തകം എഴുതി, പ്രസിദ്ധംചെയ്വാൻ ആളുമുണ്ടായി, ഭംഗിയിൽ അച്ചടിക്കയും ചെയ്തു, എന്നതുകൊണ്ടായില്ല. അച്ചടിച്ചുണ്ടാക്കുന്ന പുസ്തകങ്ങൾ വിററു് പണമാക്കിയാലേ മേല്പറഞ്ഞവക്കൊക്കെ ഗുണമുള്ളു. ഗ്രന്ഥകൎത്താക്കന്മാർ തങ്ങളുടെ പുസ്തകം വിററു മുതലാക്കുവാൻ നടന്നു ബുദ്ധിമുട്ടുന്ന കാഴ്ച കേരളത്തിൽ ഒരു വിശേഷവിധിയായിട്ടുള്ളതാണൊ എന്നുകൂടി ശങ്കിക്കേണ്ടിയിരിക്കുന്നു.

പാഠപുസ്തകങ്ങൾ വിദ്യാൎത്ഥികൾ വായിച്ചുകൊള്ളണമെന്നു നിൎബ്ബന്ധമുള്ളതുകൊണ്ടു പുസ്തകങ്ങൾ കുറെ വിലവാകുമെന്ന ധൈൎയ്യത്താൽ പാഠപുസ്തകനിൎമ്മാണത്തിൽ ഏൎപ്പെട്ടിട്ടുള്ളവർ കേരളത്തിൽ വളരെ വൎദ്ധിച്ചുവരുന്നുണ്ടു്. പാഠപുസ്തകവ്യാപാരത്തിൽ ഏൎപ്പെട്ടു ധനികന്മാരായ ഗ്രന്ഥകാരന്മാരെയും പ്രസാധകന്മാരെയും അത്യാവശ്യം അവിടവിടെ കാണ്മാനുണ്ടു്. മററുവിധത്തിലുള്ള ഗ്രന്ഥനിൎമ്മാണപരിശ്രമം ആദായകരമായിത്തീരുകയെന്നതു വളരെ ദുൎല്ലഭമാണു്.

മലയാളഭാഷ സംസാരിക്കുന്ന ജനങ്ങൾ 82 ലക്ഷത്തോളമുണ്ടെന്നാണു കാനേഷുമാരി കണക്കുകൊണ്ടു കാണുന്നതു്. ഇവരിൽ 100-ൽ 5 വീതം ജനങ്ങൾ എഴുതാനും വായിപ്പാനും അറിയുന്നവരാണെന്നും പറയുന്നുണ്ടു്. ഇവരൊക്കെ പുസ്തകവായന ഇഷ്ടപ്പെടുന്നവരാണെങ്കിൽ ഓരോ പുസ്തകവും 4 ലക്ഷം കോപ്പികൾവീതം വിലവാകാൻ ഒരു പ്രയാസവുമില്ലാത്തതാണു്. കേരളത്തിൽ ആകെയുള്ള വിദ്യാലയങ്ങളുടെ കണക്കു നോക്കിയാൽ പന്തീരായിരത്തിൽ കുറയുമെന്നു തോന്നുന്നില്ല. ഓരോ വിദ്യാലയങ്ങളിലും സമ്മതമായ പുസ്തകങ്ങളുടെ ഓരോ കോപ്പികൾ വാങ്ങേണമെന്നു നിൎബ്ബന്ധമുണ്ടെങ്കിൽ 12000 കോപ്പികൾ വിലവാകാൻ പ്രയാസമില്ല. ആകെയുള്ള ഗ്രാമങ്ങളെ കണക്കാക്കുന്നതായാലും ഓരോ ഗ്രാമത്തിലുള്ളവൎക്കു് ഓരോ ലൈബ്രറിവീതം ഉണ്ടാകുന്നപക്ഷം പതിനായിരത്തോളം കോപ്പികൾ വിലവാകുന്നതാണു്. പക്ഷെ പ്രസാധകന്മാരുടെ അനുഭവം എന്താണു്? ഗ്രന്ഥകൎത്താക്കന്മാരുടെയും പ്രസാധകന്മാരുടെയും അതിയായ പരിശ്രമം ഉണ്ടായാൽതന്നെ 500 കോപ്പികളിലധികം വിലവാകുന്ന പുസ്തകങ്ങൾ എത്രയൊ വളരെ ചുരുക്കമാണെന്നാണു കാണുന്നതു്. അഞ്ഞൂറൊ ആയിരമൊ കോപ്പികൾ അച്ചടിച്ചാൽ നാലും അഞ്ചും കൊല്ലം കഴിഞ്ഞാലല്ലാതെ രണ്ടാമതൊരു പതിപ്പു് ആവശ്യമായിവരുന്നില്ല. മലയാളഭാഷയിൽ ഇപ്പോൾ എല്ലാവകയുംകൂടി നോക്കിയാൽ ഒരായിരത്തിൽ അധികം പുസ്തകങ്ങളുണ്ടായിട്ടുണ്ടു്. ഇതിൽ നേർപകുതി 500

പുസ്തകങ്ങൾ ഗ്രന്ഥശേഖരത്തിൽ പെടേണ്ടവയാണെന്നും പറയാം. ഗ്രന്ഥശേഖരം ചെയ്യുന്ന ഗൃഹസ്ഥന്മാർ ചുരുങ്ങും. ലൈബററികൾ കേരളത്തിൽ ഒട്ടാകെ നോക്കിയാൽ വിരൽകൊണ്ടെണ്ണാവുന്നതിൽ അധികമില്ല. വിദ്യാലയങ്ങളിൽ മലയാളപുസ്തകങ്ങൾ ശേഖരിക്കയെന്ന സമ്പ്രദായം തീരെയില്ലെന്നു പറയാം. ഉണ്ടെങ്കിൽതന്നെ അതിന്നായി ചിലവഴിക്കുന്ന പണം എത്രയൊ തുച്ഛവുമാണ്. ഗവർമ്മേണ്ടും വിദ്യാഭ്യാസാധികൃതന്മാരും ഈ ഗ്രന്ഥശേഖരവിഷയത്തിൽ മനസ്സുവെക്കുന്നതുമില്ല.

ഭാഷാപരിഷ്കരണത്തെ സംബന്ധിച്ചേടത്തോളം ഗ്രാമംതോറും ഗ്രന്ഥശാലകൾ സ്ഥാപിക്കുന്നതിൽപരമായി മറെറാന്നും ചെയ്യേണ്ടതില്ല. ഒരു പുസ്തകം എഴുതി സജ്ജനസമ്മതം കിട്ടിയാൽ ആ പുസ്തകത്തിന്റെ വളരെ പ്രതികൾ ചിലവാകുമെന്നു വന്നാൽതന്നെ ഒരു വലിയ പ്രോത്സാഹനമായി. നല്ല നല്ല പുസ്തകങ്ങൾ എഴുതിയുണ്ടാക്കുവാനും പ്രസിദ്ധം ചെയ്യാനും ആളുകൾ ധാരാളം ഉണ്ടാവുന്നതുമാണ്. കേരളസാഹിത്യപരിഷത്തിന്റെ ശ്രദ്ധ ഈ വിഷയത്തിലാണ് ഒന്നാമതായി പതിയേണ്ടതെന്നും കൂടി പ്രസ്താവിച്ചുകൊള്ളുന്നു. ഗവർമ്മേണ്ടിനേയും വിദ്യാഭ്യാസാധികൃതന്മാരേയും ഈ കാര്യത്തിൽ പ്രോത്സാഹിപ്പിക്കാൻ നിയമസഭാംഗങ്ങൾ വിചാരിച്ചാൽ സാധിക്കുന്നതാണ്. കേരളത്തെ മൂടത്തക്കവണ്ണം ഒരു 'ഗ്രന്ഥശാലവല'യുണ്ടാക്കണം. ഇതു സാധിച്ചാൽതന്നെ ഈ പരിഷത്തിന്റെ ഉദ്ദേശസാദ്ധ്യമായി.

യൂറോപ്യൻരാജ്യങ്ങളിൽ സജ്ജനസമ്മതമായ ഒരു പുസ്തകം പുറത്തായാൽ ഓരോ കലാശാലക്കാരും നൂറും നൂററമ്പതും പുസ്തകങ്ങൾ ഒന്നായി വാങ്ങി ആ കലാശാലയുടെ കീഴിലുള്ള കോളേജു ലൈബററികൾക്ക് അയച്ചുകൊടുക്കുകയാണു ചെയ്യുന്നതു്. ഒരു ലൈബററിയിൽ ഒരു പുസ്തകത്തിന്റെ ഒരു കോപ്പിയല്ല വെക്കുന്നതു്. വായനക്കാർക്ക് അസൌകര്യം കൂടാതെ കഴിപ്പാൻ ഒരേ പുസ്തകത്തിന്റെ അഞ്ചും പത്തും കോപ്പികൾ ഓരോ ലൈബററിയിലും ഉണ്ടായിരിക്കും. ഇങ്ങിനെ പുസ്തകം പുറത്തായി കഴിഞ്ഞാൽ കലാശാലക്കാർതന്നെ അനവധി കോപ്പികൾ വാങ്ങിക്കളയും. അവിടങ്ങളിൽ ഭേദപ്പെട്ട ഗൃഹസ്ഥന്മാരൊക്കെ സ്വന്തമായി ഗ്രന്ഥശേഖരം ചെയ്യുന്നവരുമാണ്.

കേരളത്തിൽ ഗ്രന്ഥപാരായണം ചെയ്യുന്നവർ വർദ്ധിച്ചുവരുന്നുണ്ടെന്നു സമ്മതിക്കാവുന്നതാണ്. എന്നാൽ കടം വാങ്ങി പുസ്തകം വായിക്കയെന്ന ദുസ്സ്വഭാവം കേരളീയരുടെ ഇടയിൽ കുറെ അധികമുണ്ടെന്നാണു പറയേണ്ടതു്.

ഗ്രന്ഥശേഖരം ചെയ്യുന്ന കാര്യത്തിലും ചില പ്രതിബന്ധങ്ങൾ ഇല്ലെന്നില്ല. ഗ്രന്ഥകാരന്മാർ പ്രസാധകന്മാരാവുകയാലും, എല്ലാ അച്ചുക്കൂടക്കാരന്മാരും ഓരോ പ്രസാധകന്മാരാവുകയാലും ഒരു ലൈബ്രറിക്കാവ

ശ്യമായ പുസ്തകങ്ങൾ ശേഖരിക്കുവാൻ കന്യാകുമാരി ഗോകൎണ്ണപൎയ്യന്തം തേടേണ്ടിവരുന്നതുകൊണ്ടു വളരെ പ്രയാസമായിട്ടാണു വന്നിട്ടുള്ളതു്. പുസ്തകം അച്ചടിച്ച മുതലാക്കാൻ പ്രയാസപ്പെട്ട ഗ്രന്ഥകാരന്മാർ പുസ്തകം തീൎന്നാൽ രണ്ടാമതു് അച്ചടിപ്പാൻ ഒരുങ്ങായ്കകാരണം ഇപ്പോൾ കിട്ടാനില്ലാത്ത നല്ല പുസ്തകങ്ങളും വളരെയുണ്ടു്.

ചുരുക്കി പറയുന്നതായാൽ ഗ്രന്ഥങ്ങളുടെ പ്രചാരത്തിന്നു ഗൃഹന്തോറും ദേശംതോറും ലൈബ്രറികൾ സ്ഥാപിക്കുകയെന്നതാണു് ഏറ്റവും ആവശ്യമായിട്ടുള്ളതു്. ഗ്രന്ഥകാരന്മാൎക്കും പ്രസിദ്ധകന്മാൎക്കും മുദ്രണശാലക്കാൎക്കും ഈ ഒരു ഏൎപ്പാടുകൊണ്ടല്ലാതെ ഗുണം സിദ്ധിക്കുന്നതുമല്ല.

പ്രചരണത്തെപ്പററി ചിന്തിക്കുമ്പോൾ പരസ്യം ചെയ്തു വില്പന നടത്തുന്ന ഏൎപ്പാടിനെ വിസ്മരിക്കാൻ തരമില്ല. പരസ്യങ്ങൾവഴി മലയാളപുസ്തകങ്ങൾക്കു് അത്യാവശ്യം ചിലവുണ്ടാകുന്നില്ലെന്നില്ല. എന്നാൽ ഗ്രന്ഥനിരൂപണത്തിന്റെ കാൎയ്യത്തിൽ ഉറച്ച ഒരു പന്ഥാവു കേരളത്തിൽ തെളിഞ്ഞു കഴിഞ്ഞിട്ടില്ലെന്നുള്ള ന്യൂനത പരസ്യത്തേയും ബാധിക്കുന്നുണ്ടു്. അവനവന്റെ പുസ്തകം വളരെ കേമമാണെന്നു് അവനവൻ പരസ്യം ചെയ്യുന്നതുകൊണ്ടു വലിയ ഗുണമൊന്നും ഉണ്ടാവാനില്ല. ഗ്രന്ഥനിരൂപണത്തിന്നു മാത്രമായി യോഗ്യന്മാരായ ഒരു കമ്മററിക്കാർ മുഖേന ഒരു പത്രഗ്രന്ഥം അതാതു കാലം അച്ചടിച്ചു പ്രസിദ്ധമാക്കുന്നതു വളരെ നന്നായിരിക്കുമെന്നാണു് എനിക്കു തോന്നുന്നതു്. ഈ പത്രഗ്രന്ഥത്തിൽ പുസ്തകങ്ങളുടെ പരസ്യം ചേൎപ്പാൻ ധാരാളം കിട്ടുന്നതുമാണു്. മലയാളഭാഷ കേരളീയരുടെ പൊതുസ്വത്താണെങ്കിലും കേരളം മുഴുവനും മൂന്നുനാലു ഭരണാധികാരത്തിന്നുള്ളിൽപെട്ടു കിടക്കുകകാരണം കേരളത്തിലെല്ലാടവും പ്രചരിക്കുന്ന പത്രങ്ങൾ കാണ്മാൻ പ്രയാസമാണു്. എല്ലാ പത്രങ്ങളിലും പരസ്യം ചെയ്വാൻ എല്ലാ പ്രസാധകന്മാൎക്കും ധനസ്ഥിതികൊണ്ടു സാധിച്ചുവെന്നും വരുന്നതല്ല. ആയിരത്തിൽ കവിഞ്ഞ കോപ്പികൾ അച്ചടിച്ചു പ്രചരിപ്പിക്കുന്ന വൎത്തമാനപത്രങ്ങളോ മാസികയോ കേരളത്തിൽ ഇല്ലെന്നു തീൎത്തുപറവാൻ തരമില്ലന്നെയുള്ളു. ഉണ്ടെങ്കിൽതന്നെ അത്തരം പത്രങ്ങൾ ചില പ്രത്യേകസമുദായക്കാരുടെ ഇടയിൽ മാത്രം പ്രചരിക്കുന്നവയും ആയിരിക്കും. ഗ്രന്ഥകാരന്മാൎക്കും പ്രസാധകന്മാൎക്കും മുദ്രണശാലക്കാൎക്കും പ്രായേണ നേരിട്ടു കാണുന്ന പ്രതിബന്ധങ്ങളിൽ ചിലതു മാത്രമേ ഇവിടെ പ്രസ്താവിച്ചിട്ടുള്ളു. മാതൃഭാഷയുടെ ഉൽക്കൎഷത്തിന്നായി പരിശ്രമിക്കുന്ന കേരളീയരുടെ ദൃഷ്ടിയിൽ ഈ വക സംഗതികൾ പെട്ടുമാറാകട്ടെ എന്നും ഈ ദോഷങ്ങളുടെ പരിഹാരത്തിന്നായി ചെയ്യുന്ന ഏൎപ്പാടുകളിലെല്ലാം കേരളീയരുടെ സഹായസഹകരണങ്ങൾ വേണ്ടുവോളം ഉണ്ടാകുമാറാകട്ടെയെന്നും പ്രാൎത്ഥിച്ചുംകൊണ്ടു് ഉപസംഹരിച്ചുകൊള്ളുന്നു.

---

# * വിമൎശനം

(ഡി. പത്മനാഭനുണ്ണി ബി. എ.)

ഞാൻ വിദ്യാലയത്തിൽ അദ്ധ്യയനം ചെയ്തുകൊണ്ടിരുന്ന കാലത്തു് അനാവശ്യമായി മണി അടിച്ചു കാരണത്തിന് എന്റെ ഗുരുനാഥൻ അന്വാദൃശമായ ഒരു ശിക്ഷ എനിയ്ക്കു നൾകുക ഉണ്ടായി. അടുത്തദിവസം മുഴുവനും ഞാൻ തന്നെ മണിയടിക്കണമെന്നായിരുന്നു ആ ശിക്ഷ. അതുപോലെ മലയാളഭാഷാസാഹിത്യസാമ്രാജ്യത്തിൽ കടന്നു് ചില ഗോഷ്ടികൾ കാണിച്ചിട്ടുള്ളതിനുവേണ്ടി തദധിപനായ അപ്പൻതമ്പുരാൻ തിരുമനസ്സുകൊണ്ടു് ഇപ്പോൾ അപ്രകാരമുള്ള ഒരു ശിക്ഷയാണ് എനിയ്ക്കു നൾകിയിരിക്കുന്നതു്. വിമൎശനത്തെക്കുറിച്ചു ഞാൻ ഒരു പ്രബന്ധം എഴുതി വായിക്കണമെന്നു് അവിടുന്നു് കല്പിച്ചു. മററുള്ളവർ വളരെക്കാലം ആലോചിച്ചു് എഴുതി ഉണ്ടാക്കുന്ന സൽകൃതികളെ എടുത്തു സ്വയം വിരചിതമായ ഒരു ന്യായാധിപപീഠത്തിൽ ഇരുന്നു കണ്ണുമടച്ചു് 'ഇല്ലാത്തതുണ്ടാക്കി, ഉള്ളതുകളഞ്ഞു കൊള്ളരുതാത്ത'വിധം വിധി കല്പിക്കുന്ന ഇന്നത്തെ വിമൎശരീതി എവിടെ? ഭാഷയുടെ ഗതിയും സാഹിത്യത്തിന്റെ സ്ഥിതിയും നോക്കി കാര്യങ്ങളുടെ യഥാൎത്ഥധൎമ്മത്തിലും മൎമ്മത്തിലും കൈവെയ്ക്കുന്ന വിമൎശകധൎമ്മമെവിടെ? ഈ വ്യത്യാസം ആലോചിക്കുന്തോറും എനിയ്ക്കു ഭയജനകമായിത്തോന്നി. 'കല്പിച്ചീടിലെറാമെന്നല്ലാതിപ്പുരുഷർക്കൊന്നരിയാട്ടാമോ' എന്നുകരുതി ഈ സാഹസകൃത്യത്തിൽ പ്രവേശിച്ചുകൊള്ളുന്നതിനെ സഹൃദയന്മാർ ക്ഷമിക്കുമാറാകണം.

അക്ഷരവിദ്യയും ഞാനുമായി പരിചയം തുടങ്ങിയിട്ടു് ഏകദേശം രണ്ടു വ്യാഴവട്ടക്കാലമായിട്ടുണ്ടു്. പുരാതനനായ മുൻഷി രാമക്കുറുപ്പവർകൾ ഒരവസരത്തിൽ പ്രസ്താവിച്ചതുപോലെ 'ഇവൾ അത്യന്തം പതിവ്രതയായ ഒരു ദേവിടിച്ചി'യാണെന്നുള്ള വാസ്തവം ഏറെക്കുറെ ഞാനും മനസ്സിലാക്കിയിട്ടുണ്ടു്. 'സ്നേഹാതിരേകത്തിനു പാത്രമാകും ദേഹം പരീക്ഷാതതിയാൽ ഗ്രഹിക്ക' എന്നു പൈലോണിയസ്സിനെക്കൊണ്ടു മഹാകവി ഷേക്സ്പീയർ ചെയ്യിക്കുന്ന ഉപദേശം അക്ഷരംപ്രതി അനുഷ്ഠിക്കുന്നവൾ ഇവളെപ്പോലെ മററാരാണുള്ളതു്? അപരിമിതമായ വിശ്വാസത്തോടും സ്നേഹത്തോടുംകൂടി തന്റെ നിഷ്കളങ്കമായ അനുരാഗത്തെ പ്രത്യക്ഷമാക്കിയെങ്കിലല്ലാതെ അവൾ വശഗയായി ഭവിക്കുന്നതല്ല. അങ്ങനെ സ്വാധീനയായി ഭവിച്ചാൽ പിന്നീടുള്ള അവളുടെ ആനന്ദോല്ലാസവിലാസഹാസസൗഖ്യം അനന്യൈകവേദ്യവുമാകുന്നു.

സാഹിത്യത്തിന്റെ പരമമായ ഉദ്ദേശം ഐഹികങ്ങളായ സകലബന്ധങ്ങളിൽനിന്നും, ആത്മാവിനെ സ്വതന്ത്രമാക്കി ആദൎശഭ്രതവും ആഹ്ലാ

---

* സമസ്തകേരളസാഹിത്യപരിഷത്തിൽ വായിച്ചതു്.

ഭേദവുമായ ഒരു ലോകത്തിൽ നയിപ്പിക്കുകയാണെന്ന് സുള്ളറൊഡ്മെൻ റോളണ്ടിൻെറ അഭിപ്രായം ശരിയാണെങ്കിൽ അതിലേയ്ക്കുവേണ്ടി പ്രയത്നിക്കുന്ന കവികളേക്കാൾ അധികം ഭാഗ്യം സങ്കല്പസൃഷ്ടമായ ആ ലോകത്തിൽ യഥേഷ്ടം സഞ്ചരിച്ച് സത്യസൗന്ദര്യങ്ങളുടെ പ്രഭാപൂരം കണ്ടാനന്ദിക്കുന്ന സഹൃദയന്മാർക്കാണ് സുലഭമാവുന്നതെന്നു നിസ്സംശയം അഭിപ്രായപ്പെടാവുന്നതാണ്. 'കവിതാരസചാതുര്യം വ്യാഖ്യാതാ വേത്തി നോ കവിഃ, സുതാസുരതസാമർത്ഥ്യം ജാമാതാ വേത്തി നോ പിതാ' എന്നു ശ്ലോകം എഴുതിയ കവി തന്നെ ഈ തത്വം ഏകദേശം സമ്മതിച്ചിട്ടുമുണ്ട്. അതുകൊണ്ടു കാവ്യലോലുപന്മാരായ സഹൃദയന്മാർക്കു ലഭിക്കുന്ന അനിർവ്വാച്യമായ ആനന്ദം അസൂയാവഹം തന്നെ. വിമർശകന്മാർ എന്നു പറയുന്നവർ ഈ സഹൃദയന്മാരിൽ പ്രധാനികളാണെന്നു പറയുമ്പോൾ ഇന്നു ഭാഷാസാഹിത്യലോകത്തിൽ നടക്കുന്ന സംരംഭങ്ങളുടെ സൂക്ഷ്മസ്വഭാവം മനസ്സിലാക്കിയിരിക്കുന്ന പണ്ഡിതന്മാരുടെ നെററി അല്പമൊന്നു ചുളിച്ചേക്കാം. മലയാളഭാഷയിൽ വിമർശനം ഇന്നും ശൈശവദശയെ തരണംചെയ്തിട്ടില്ല. എന്നാൽ കലഹിച്ചാലും കളിച്ചാലും മററുള്ളവർക്ക് സന്തോഷം നൽകുന്നതിനു ശിശുക്കൾക്കുള്ള ശക്തി വിമർശകന്മാർക്കില്ലാതായിക്കാണുന്നതിൽ വ്യസനിക്കേണ്ടിയിരിക്കുന്നു. മലയാളത്തിലെ വിമർശകന്മാർ ജാതി, മതം, സ്വഭാവം, പരിചയം, സ്നേഹം എന്നീ വിഷയങ്ങളിൽ കാവ്യത്തെ വിട്ട് കവികളെ അവലംബിക്കുന്നതുകൊണ്ട് ഉണ്ടാകുന്ന ശോച്യാവസ്ഥ അടുത്ത കാലത്തെങ്ങും പരിഹരിക്കാൻ പാടില്ലാത്തവിധം ഭയങ്കരമായിരിക്കുന്നു. തന്നിമിത്തം ഒരു യഥാർത്ഥവിമർശരീതി മലയാളത്തിൽ സുസ്ഥിരമായി സ്ഥാപിക്കണമെങ്കിൽ അതിന് ഒരു വലിയ പരിശ്രമം ചെയ്യേണ്ടിയിരിക്കുന്നു. എന്നാൽ അതിനുവേണ്ടിച്ചെയ്യുന്ന ഏതുവലിയ പ്രയത്നവും ഒരിക്കലും അസ്ഥാനത്തിലായിത്തീരുകയില്ല. വിമർശംകൊണ്ട് ഭാഷാസാഹിത്യത്തിന് അത്രവലിയ പ്രയോജനം ഉണ്ടാകുന്നതാണ്.

വിമർശത്തെപ്പററി പല അഭിപ്രായങ്ങളും ഇന്നു സാഹിത്യലോകത്തിൽ പ്രചരിക്കുന്നുണ്ട്. ഒരു ഗ്രന്ഥം നല്ലപോലെ പരിശോധിച്ച് അതിൽ കാണുന്ന ദോഷഭാഗങ്ങളെ എടുത്തു വിവരിച്ച് സഹൃദയന്മാരെ സമ്മതിപ്പിക്കുകയും, ഗ്രന്ഥകർത്താവിനെ ഉപദേശിക്കുകയും ചെയ്യുന്നതാണ് വിമർശമെന്നു ചിലർക്ക് അഭിപ്രായമുണ്ട്. ഇവിടെ വിമർശകൻ കേവലം ഒരു ദോഷൈകദൃക്കാണെങ്കിലും അയാളുടെ ശ്രമം പ്രയോജനശൂന്യമാണെന്നു പറവാൻ പാടില്ല. ഗ്രന്ഥകർത്താവിന് അതൊരു സദുപദേശമായിത്തീർന്നേക്കാം. ചിലപ്പോൾ അതു സഹൃദയസമ്മതിക്കു പാത്രമായിവരാം. എങ്കിലും കേവലം ദോഷാന്വേഷണം അസൂയാവഹമായ ഒരു കൃത്യമല്ലല്ലോ. ഈ വിധം ദോഷാന്വേഷണം വിമർശകൻെറ ധർമ്മമല്ലെന്നു, ഗുണഭാഗങ്ങളെ തേടിപ്പിടിച്ചു വിവരിച്ച് അഭിനന്ദിക്കുന്നതാണ് അയാളു

ടെ കൃത്യമെന്നും മറെറാരുക്കൂട്ടർ അഭിപ്രായപ്പെടുന്നു. പാശ്ചാത്യവിമർശകന്മാരിൽ സുപ്രസിദ്ധന്മാരായ മോൾട്ടൺ, ടെയിൻ മുതലായവർ ഈ അഭിപ്രായക്കാരാണ്. ഇവർ ഗുണഭാഗങ്ങളെ മാത്രം നോക്കുന്നതുകൊണ്ട് അവരുടെ രീതി മുൻപറഞ്ഞതിനു വിപരീതമെന്നല്ലാതെ ഒരിക്കലും പരിപൂർണ്ണമാണെന്നു വിചാരിക്കാൻ പാടുള്ളതല്ല. മുൻപറഞ്ഞ രണ്ടു രീതികളെയും തമ്മിൽ യോജിപ്പിച്ച്, അഭിപ്രായവ്യത്യാസംകൊണ്ടുണ്ടാകാവുന്ന സംശയങ്ങളെയും നിവാരണം ചെയ്ത്, സകാരണം സ്വമതസ്ഥാപനം ചെയ്യുന്ന സാഹിത്യവൃത്തിയാണു വിമർശമെന്നു വേറെ ചില പണ്ഡിതന്മാർ അഭിപ്രായപ്പെടുന്നു. ഇവരുടെ അഭിപ്രായം സ്വീകരിക്കുന്നപക്ഷം വിമർശകന് അവശ്യം ഉണ്ടായിരിക്കേണ്ട പാണ്ഡിത്യത്തിനു പുറമേ ന്യായാന്യായവിവേചനം ചെയ്യുന്നതിനുള്ള ബുദ്ധിസാമർത്ഥ്യംകൂടി ഉണ്ടായാൽ മതി. മനുഷ്യഹൃദയത്തിലെ വികാരവീചികളിൽത്തട്ടി പുറപ്പെടുന്ന ജീവിതമാരുതന്റെ വിളയാട്ടത്തോടുകൂടിയ കവിസങ്കല്പമെന്ന വിശാലാന്തരിക്ഷത്തിൽ ഈ ന്യായാധിപവിമർശകൻ ചിറകു വിടുർത്തേണ്ട ആവശ്യമില്ല. ഉത്തമസാഹിത്യം ശ്വസിക്കുന്ന വായു ആ അന്തരിക്ഷത്തിൽ മാത്രമുള്ളതുകൊണ്ട് ഇമ്മാതിരി വിമർശകന്മാർക്കു കാവ്യത്തിന്റെ യാഥാർത്ഥ്യം ഗ്രഹിക്കാൻ സാധിക്കുകയില്ല. തന്നിമിത്തം ഈ വിവരണവും ഉപേക്ഷണീയമാണ്. ആദ്യം പറഞ്ഞ രണ്ടഭിപ്രായങ്ങളിൽ വിമർശകന്മാർ അന്യോന്യവിരോധികളായ രണ്ടു കക്ഷികളുടെ വക്കീലന്മാരായി വിചാരിക്കാമെങ്കിൽ ഈ മൂന്നാമത്തെ അഭിപ്രായത്തിൽ അയാൾ ഒരു ന്യായാധിപസ്ഥാനത്തെയാണ് അർഹിക്കുന്നത്. കഴിഞ്ഞ നൂററാണ്ടിൽ ജീവിച്ചിരുന്ന ആംഗ്ലേയസാഹിത്യവിമർശകന്മാരിൽ പ്രഥമഗണനീയനായ മാത്യു ആർണാൾഡ് 'ഒരുവസ്തു യഥാർത്ഥത്തിൽ എപ്രകാരമിരിക്കുന്നുവോ അപ്രകാരംതന്നെ മനസ്സിലാക്കുന്നതാണ് വിമർശമെന്ന് അഭിപ്രായപ്പെടുന്നു.' ഇതു് അമാനുഷികമായ നിർമ്മത്സരബുദ്ധികൊണ്ടു മാത്രമേ സാധിക്കുകയുള്ളൂ. ഒരു വിമർശകനും തന്റെ വാസന, സംസ്കാരം, വിദ്യാഭ്യാസരീതി, സമുദായം, മതം, പക്ഷാന്തരം മുതലായ പല സംഗതികളെ അവലംബിക്കാതെ നിഷ്പക്ഷമായിനിന്നു മാനസികവ്യാപാരം ചെയ്വാൻ സാധിക്കുകയില്ല. ചിലർ വള്ളത്തോൾ കവിതയെ നിർല്ലജ്ജം പൂതനയാക്കിക്കല്പിച്ചതും, ഉള്ളൂരിന്റെ കവിതകൾ സ്വാരസ്യംകൊണ്ടല്ല, ദൈർഘ്യംകൊണ്ടാണ് ആകർഷണീയമായിരിക്കുന്നതെന്ന് എഴുതിയതും, മററും പുരുഷവിദ്വേഷംകൊണ്ടോ, അസൂയകൊണ്ടോ മാത്രമായിരിക്കാം. എന്നാൽ ഉണ്ണുനീലിസന്ദേശം ഒരു പഴയ കൃതിയെന്ന നിലയിലല്ലാതെ, കവിതയുടെ രസികത്വംകൊണ്ട് ആദരണീയമായ ഒരു കാവ്യമല്ലെന്നും, ചന്ദ്രോത്സവം ഉൽക്കടമായ ശൃംഗാരംകൊണ്ട് ആഭാസമായിരിക്കുന്നുവെന്നും മററും വിമർശകന്മാർ എഴുതുന്നതു പുരുഷവിദ്വേഷവും, അസൂയയുംകൊണ്ടായിരിക്കാൻ തരമില്ല. വിമർശകനു നിസ

ഗ്ഗസിദ്ധമായ വാസനയും, അഭ്യാസരീതിയും, പക്ഷാന്തരവുമാണു് ഇവിടെ കാരണമായിട്ടുള്ളതു്. വിമർശം സൃഷ്ടിപരമായ സാഹിത്യവിഭാഗങ്ങളിൽ ഉൾപ്പെടണമെങ്കിൽ വിമർശകന്മാരിൽ വ്യക്തിപരമായി നില്ക്കുന്ന ഈ സംഗതികൾ അത്യന്താപേക്ഷിതങ്ങളാണെന്നു് നാം അറിഞ്ഞിരിക്കേണ്ടതാണു്. അതുകൊണ്ടു് വിമർശത്തെപ്പററി ശരിയായ ഒരു അറിവു നല്കുന്നതിന്നു മാത്യു ആർണാൾഡിൻെറ വിവരണവും അസമർത്ഥമായിത്തന്നെ കാണപ്പെടുന്നു. വിമർശനം എന്ന വാക്കിൽ അന്തർഭവിച്ചിരിക്കുന്ന സകല ധർമ്മങ്ങളേയും സ്പർശിക്കത്തക്ക ഒരു വിവരണം സാധ്യമാണോ എന്നറിയണമെങ്കിൽ നാം ആദ്യമായി അതിൻെറ സ്വരൂപവും സ്വഭാവവും എന്താണെന്നു് അന്വേഷിക്കുകയാണു് ചെയ്യേണ്ടതു്.

ആഹാരം മനുഷ്യർക്കെന്നല്ല സകല ജീവജാലങ്ങൾക്കും ഒഴിച്ചുകൂടാൻ പാടില്ലാത്ത ഒരു ആവശ്യമാണല്ലൊ. മനുഷ്യരുടെ ആഹാരത്തിനു് ഉതകുന്ന പല വസ്തുക്കളും ലോകത്തിൽ സുലഭമാണെങ്കിലും, അവയിൽ ഒന്നും തന്നെ യഥാസ്ഥിതിയിൽ അനുഭവയോഗ്യമല്ല. ഒരു പാചകൻ അവയെ തേടിപ്പിടിച്ചെടുത്തു് ഉപയോഗശൂന്യങ്ങളായ ഭാഗങ്ങളെ ദൂരത്തുപേക്ഷിച്ചു മററുള്ളവകൊണ്ടു പലപ്രകാരത്തിൽ ഭക്ഷണം തയാറാക്കുന്നു. ഈ ഭക്ഷണസാധനങ്ങളിൽ ചിലതു നമ്മുടെ രസനേന്ദ്രിയത്തിനു് ആസ്വാദ്യകരമായും, മററു ചിലതു ശരീരപോഷകമായും, വേറെ ചിലതു ത്രിദോഷശമനത്തിന്നു ഹേതുഭൂതമായും തീരുന്നവയാണു്. ഇവകൾ പ്രകൃതിയിൽ എത്രമാത്രം വിവിധത്വമുണ്ടായിരുന്നാലും, അവസാനത്തിൽ നമ്മുടെ ശരീരത്തിലുള്ള ചില തന്മാത്രകളായ മൂലപദാർത്ഥങ്ങളായി പരിണമിച്ചിട്ടുതന്നെയാണു ദേഹത്തെ പോഷിപ്പിക്കുന്നതു്. ഇതുപോലെ സുകുമാരകലകളെല്ലാം ഹൃദയം അനുഭവിക്കുന്ന ആനന്ദത്തെ പോഷിപ്പിക്കുന്നവകളാണു്. ദേഹപോഷണത്തിന്നു പര്യാപ്തങ്ങളായ ഭക്ഷണപദാർത്ഥങ്ങൾ ജിഹ്വ, ആമാശയം മുതലായവയുടെ സഹായത്താൽ ലയിക്കുന്നതുപോലെ സുകുമാരകലകൾ നേത്രശ്രോത്രങ്ങളിൽകൂടി ഹൃദയത്തിൽപ്രവേശിച്ചു് ആനന്ദത്തിൽ ലയിക്കുന്നു. ഈ കലകൾ ഭൗതികപദാർത്ഥങ്ങളെ എത്രമേൽ ദൂരെ ത്യജിക്കുന്നുവോ അത്രമേൽ ഹൃദയത്തിന്നു ഹിതകരമായിത്തീരുന്നതുകൊണ്ടു നേത്രമാർഗ്ഗം ആനന്ദത്തെ ഉല്പാദിപ്പിക്കുന്ന ചിത്രമെഴുത്തു്, കൊത്തുപണി മുതലായവയേക്കാൾ ശ്രോത്രമാർഗ്ഗത്തെ അവലംബിക്കുന്ന സംഗീതം, സാഹിത്യം ഇവകൾക്കു ശക്തിയും, മാഹാത്മ്യവും കൂടുതലായിരിക്കും. അതുകൊണ്ടു സുകുമാരകലകളിൽ പ്രഥമസ്ഥാനം സാഹിത്യത്തിന്നു തന്നെയാണു്. പാചകൻ ഭക്ഷണപദാർത്ഥങ്ങളെ ഒരുക്കുന്നതുപോലെ കവികൾ പ്രകൃതിയെ നിരീക്ഷണം ചെയ്തു ദേശകാലാദികൾക്കടിമപ്പെടുന്ന നശ്വരവസ്തുക്കളെ ത്യജിച്ചു്, സനാതനങ്ങളായ വിചാരപരമ്പരകൾക്കാധാരമായ വാക്കുകളെക്കൊണ്ടു ഹൃദയത്തിൽ വികാരമുണ്ടാക്കി നമ്മെ ആനന്ദ

ത്തിൽ ലയിപ്പിക്കുന്നു. അവരുടെ മൂലപദാർത്ഥങ്ങൾ (തന്മാത്രകൾ) സനാതനങ്ങളായ സത്യസൗന്ദര്യങ്ങളാകുന്നു. അതുകൊണ്ടു ഭക്ഷണപദാർത്ഥങ്ങളെപ്പോലെ കവികളുടെ അഭിപ്രായങ്ങൾക്കു എത്രമാത്രം വിവിധത്വവും, രുചിഭേദവുമുണ്ടായാലും അവയുടെ സങ്കേതവും, പരിണാമവും സത്യസൗന്ദര്യങ്ങളിൽ ലയിച്ചിരിക്കുന്ന പരമാനന്ദത്തിലാണെന്നു മനസ്സിലാക്കാമല്ലോ. ഒരു കാവ്യം ഏതു രൂപത്തെ എങ്കിലും ധരിച്ചുകൊള്ളട്ടെ; കവിയുടെ സങ്കല്പശക്തിയും അതിൽനിന്നുത്ഭവിക്കുന്ന അഭിപ്രായങ്ങളും ഏതു മാർഗ്ഗത്തിൽക്കൂടിയെങ്കിലും പ്രയാണം ചെയ്തുകൊള്ളട്ടെ; അവസാനത്തിൽ അവ സത്യത്തിലും സൗന്ദര്യത്തിലുംതന്നെ ചെന്നു ചേരേണ്ടതുകൊണ്ടു കാവ്യത്തിനു സനാതനങ്ങളായ ചില ധർമ്മങ്ങളെ അവലംബിക്കേണ്ടതുണ്ട്. ഇവ സത്യത്തെ അപേക്ഷിച്ചുനില്ക്കുന്ന കാവ്യവസ്തുവും, സൗന്ദര്യത്തെ അവലംബിക്കുന്ന കവിയുടെ കലാകൌശലവും, ഇവ രണ്ടും ചേർന്നുത്ഭവിക്കുന്ന ആഹ്ലാദവുമാകുന്നു. ആഭ്യന്തരങ്ങളായ ഈ ധർമ്മങ്ങളെ കൂടാതെ ബാഹ്യങ്ങളായ ചില നിയമങ്ങൾക്കും കാവ്യകർത്താക്കന്മാർ കടപ്പെട്ടിരിക്കാം. തന്നിമിത്തം വിമർശകന് അവ നിസ്സാരങ്ങളാണെന്നു പറഞ്ഞു തള്ളിക്കളവാൻ പാടുള്ളതല്ല. ഇവിടെ ഞാൻ ഒരു ഉദാഹരണംകൂടി എടുത്തു കാണിച്ചുകൊള്ളട്ടെ. ഒരു ചിത്രകാരനു തന്റെ കലാവൈദഗ്ദ്ധ്യം പ്രകടിപ്പിക്കാനുള്ള സ്ഥലം ഒരു കടലാസ്സിന്റേയോ, ശീലയുടേയോ പരന്ന പുറം മാത്രമാണ്. അവിടെ അയാൾ ഉരുണ്ടും നീണ്ടും വൃത്തത്തിലും ചതുരത്തിലും മറ്റും ഇരിക്കുന്ന വസ്തുക്കളുടെ രൂപം വരച്ചുണ്ടാക്കുന്നു. സമചതുരശ്രാകാരമായ ഒരു പീഠമാണ് ചിത്രത്തിൽ വരച്ചിരിക്കുന്നതെന്നിരിക്കട്ടെ. നാം ഒരു അളവുകോലെടുത്ത് അളന്നു നോക്കുന്നതായാൽ ആ പീഠത്തിന്റെ നാലു വശങ്ങളുടേയും ദൈർഘ്യം നാലുവിധത്തിൽ ഇരിക്കുന്നതു കാണാം. എന്നിട്ടും പീഠം സമചതുരമാണെന്നുള്ള ബോധമാണ് നമുക്കുണ്ടാകുന്നത്. ഇവിടെ നമ്മുടെ ബുദ്ധിക്കും ഹൃദയത്തിനും തമ്മിൽ ഒരു ഭിന്നിപ്പുണ്ടാക്കിയ ചിത്രകാരന്റെ കലാകൌശലം മനുഷ്യദൃഷ്ടിയുടെ ശാരീരികമായ ചില തത്വങ്ങളെ ആശ്രയിച്ചാണ് നില്ക്കുന്നത്. ആ ചിത്രത്തെ പരിപൂർണ്ണഗുണത്തോടുകൂടിയതാണെങ്കിൽ അതിനെ അഭിനന്ദിക്കുന്നതിനും വല്ല ദോഷവുമുണ്ടെങ്കിൽ അതെന്താണെന്നു കണ്ടുപിടിക്കുന്നതിനും ആ നിയമങ്ങളെന്തെല്ലാമാണെന്നു നാം ആദ്യമായി മനസ്സിലാക്കണം. പിന്നീട് ആ ചിത്രത്തിന്റെ ഏതൊരു ഭാഗം കൊണ്ടുള്ള ഭംഗിയാണ് നമ്മുടെ ഹൃദയത്തിൽ പതിപ്പിക്കുന്നതിന് ചിത്രകാരൻ ഉദ്ദേശിച്ചിട്ടുള്ളതെന്ന് സൂക്ഷ്മമായി നാം ഊഹിച്ചറിയണം. മൂന്നാമതായി ആ ഉദ്ദേശം എത്രമേൽ ഫലവത്തായിട്ടുണ്ടെന്നു പരീക്ഷിച്ചു നോക്കണം. അതിനുപുറമേ ആ വസ്തുവിന്റെ ആ ഭാവംതന്നെയാണോ ദ്രഷ്ടാവിന്റെ ഹൃദയത്തെ ആകർഷിക്കുവാൻ ഉത്തമമായിട്ടുള്ളതെന്നും ആ

ലോചിക്കണം. ഇതിൽ ഓരോ ഘട്ടങ്ങളിലുമുള്ള ഗുണദോഷങ്ങളെ നല്ലവണ്ണം ആലോചിച്ച് സ്വാഭിപ്രായത്തിൽ സ്ഥിരനിശ്ചയത്തോടുകൂടി ഒരുവൻ ആ ചിത്രത്തിന്റെ വില മതിക്കുന്നുവെന്നിരിക്കട്ടെ, അയാൾ ആ ചിത്രം സംബന്ധിച്ചിടത്തോളം ഒരു നല്ല വിമർശകനാകുന്നു. അപ്പൻതമ്പുരാൻ തിരുമനസ്സുകൊണ്ട് അഭിപ്രായപ്പെട്ടതുപോലെ "കവിഹൃദയം വിമർശകന്റെ മനസ്സിൽ പകർന്ന് ബുദ്ധിനികഷത്തിൽ മാറ്റുരച്ചുനോക്കി കാവ്യകാരന്റെ മുഖവും നടപ്പും നോക്കാതെ സംസ്കൃതമായ സ്വാഭിപ്രായത്തിൽ ധൈര്യത്തോടുകൂടി കാവ്യത്തിന്റെ വില മതിക്കുന്നതാകുന്നു"§ വിമർശകന്റെ കർത്തവ്യം. ഈ തത്വം സാഹിത്യലോകത്തിലേക്കു സംക്രമിപ്പിക്കുന്നതായാൽ 'കവിയുടെ കലാകൌശലം, അതിന്റെ വ്യാപാരം, അതിനാധാരമായ നിയമം, ഇവയെ അടിസ്ഥാനപ്പെടുത്തി ഗുണദോഷവിവേചനം ചെയ്ത് ഒരു കാവ്യത്തിന്റെ വില മതിക്കുന്ന പണ്ഡിതധർമ്മമാകുന്നു വിമർശം' എന്നു പറയാം. ഈ ചുരുങ്ങിയ വിവരണംകൊണ്ടു നമുക്കു വിമർശം വളരെ എളുപ്പത്തിൽ സ്വാധീനപ്പെടുത്താവുന്ന ഒരു സാഹിത്യപ്രസ്ഥാനമല്ലെന്നു മനസ്സിലാക്കാം. കാവ്യം, ലോകം, ശാസ്ത്രം, ഇവയെ അവധാനപൂർവ്വം നിരീക്ഷിച്ച് പഴമപരിചയം സമ്പാദിച്ചിട്ടുള്ള ചില സഹൃദയന്മാർക്കുമാത്രമേ ആ മാർഗ്ഗത്തിൽക്കൂടി സ്വൈരസഞ്ചാരം ചെയ്യുന്നതിനു സാധിക്കുകയുള്ളു.

ഇത്ര ബുദ്ധിമുട്ടുള്ള ഒരു പ്രസ്ഥാനംകൊണ്ടു സാഹിത്യത്തിന് വല്ല പ്രയോജനവുമുണ്ടോ എന്ന് പല പണ്ഡിതന്മാരും സംശയിച്ചിട്ടുണ്ട്. ഒന്നാമത്തതിൽ കവികളുടേയും, വിമർശകന്മാരുടേയും ആദർശവും, രീതിയും അന്യോന്യ വിരുദ്ധങ്ങളായ ഉൽഗ്രഥനം, അപഗ്രഥനം എന്നീ രണ്ടു പദ്ധതികളേയും യഥാക്രമം അവലംബിച്ചിരിക്കുന്നു. ഒരു സസ്യശാസ്ത്രപണ്ഡിതൻ മനോഹരമായ ഒരു പുഷ്പമെടുത്ത് അതിന്റെ ദളം, നാളം, കേസരം, പരാഗം, ഗർഭപുടം, എന്നിങ്ങനെ ഓരോ ഭാഗങ്ങളേയും വേർതിരിച്ച് അവയുടെ ഉപയോഗം, ഗുണം മുതലായവയെപ്പറ്റി പറഞ്ഞു മറ്റുള്ളവരെ ധരിപ്പിക്കുന്നതുപോലെ ഒരു വിമർശകൻ ഒരു സല്ക്കാവ്യമെടുത്ത് ഓരോ ഭാഗങ്ങളേയും അപഗ്രഥിച്ച് ഗുണദോഷനിർണ്ണയം ചെയ്യുന്നതിനായിട്ടാണ് പറയപ്പെടുന്നത്. എന്നാൽ സസ്യശാസ്ത്രപണ്ഡിതന് ആ പൂവിന്റെ ഏറ്റവും ഹൃദയംഗമമായ വർണ്ണം, സൌരഭ്യം, അതിലിരിക്കുന്ന തേനിന്റെ രുചി എന്നിവയെപ്പറ്റി യാതൊന്നും പറയാനില്ലാത്തതുപോലെ ഒരു വിമർശകനും കാവ്യത്തിന്റെ യഥാർത്ഥമായ ഭംഗിയിൽ കൈവെക്കുന്നതിന് സാധിക്കുന്നില്ല. എന്നുതന്നെയുമല്ല, സസ്യശാസ്ത്രജ്ഞനെ ഒരു ശാസ്ത്രം സഹായിക്കുന്നുണ്ട്. എന്നാൽ സൌന്ദര്യത്തിന് യാതൊരു

§ എന്റെ 'മണ്ഡനമഞ്ജരി' എന്ന പുസ്തകത്തെപ്പറ്റി അയച്ചുതന്ന ഒരു തിരുവെഴുത്തിൽനിന്നു.

ശാസ്ത്രവും നിയമവുമില്ലാത്തതുകൊണ്ട് വിമർശകൻ കേവലം നിസ്സഹായനാണ്. അതിനാൽ സൃഷ്ടിപരമായ കവിധർമ്മത്തെ ദുഷിപ്പിക്കുകയോ നശിപ്പിക്കുകയോ മാത്രമാണ് വിമർശകൻ ചെയ്യുന്നത്. ഹൃദയാഗമങ്ങളായ മഹാകാവ്യങ്ങൾ ഉത്ഭവിക്കുന്ന ഒരുകാലത്ത് വിമർശനങ്ങൾ ഉണ്ടാകുന്നതല്ലെന്നു ചിലർ വാദിക്കുന്നതിനുള്ള കാരണം ഇതുതന്നെയാണ്. രണ്ടാമതായി വിമർശകൻ ഇതരശരീരോപജീവിയായ ഒരു കൃമിയാകുന്നു. വൃക്ഷങ്ങളിൽ ഇത്തിൾക്കണ്ണി പിടിക്കുന്നതുപോലെ, കാവ്യശരീരത്തിലിരുന്ന് അതിന്റെ രക്തം കുടിച്ചു തടിച്ചു വളരുന്ന ഒരു സൃഷ്ടിവിശേഷമാണ് ഈ വിമർശകജന്തു. ഇതരശരീരികൾക്ക് ഉപദ്രവമുണ്ടാക്കുകയല്ലാതെ യാതൊരു ഗുണവും ചെയ്യുന്നതിനുള്ള ശക്തി ഈ ജന്തുക്കൾക്കില്ല. കവിസൃഷ്ടികളായ സുകൃതികളില്ലെങ്കിൽ ഇവക്കു ജീവിതവുമില്ല. അതുകൊണ്ട് പ്രയോജനശൂന്യമായ ഈ പ്രസ്ഥാനം സാഹിത്യത്തിൽ ആവശ്യമേ ഇല്ല.

മൂന്നാമത് കാവ്യം പോയവഴിയെ അനുഗമിക്കുകയല്ലാതെ കാവ്യത്തിന് മാർഗ്ഗം ചൂണ്ടിക്കാണിക്കുകയോ അതിന് സ്വാഗതം പറഞ്ഞ് ആദരിക്കുന്നതിന് സഹൃദയന്മാരെ സജ്ജീകരിക്കുകയോ ചെയ്യുന്നതിന് വിമർശനം അസമർത്ഥമാകുന്നു. പുരാതനകാലത്തിൽ ഉത്തമപദത്തെ പ്രാപിച്ചിട്ടുള്ള ചില കാവ്യങ്ങളുടെ ഇടയിൽ സഞ്ചരിച്ച് അവയിൽനിന്നു ലഭിച്ചിട്ടുള്ള യാഥാസ്ഥിതികത്വമാണ് വിമർശനത്തിന്റെ പ്രകൃതി. വർത്തമാനത്തെയോ ഭാവിയെയോ അതു സ്പർശിക്കുകയില്ല. നവനവങ്ങളായ പരിശ്രമങ്ങളേയും, വ്യതിയാനങ്ങളേയും അത് അഭിനന്ദിക്കുകയുമില്ല. തന്നിമിത്തം സൃഷ്ടിപരമായ കവിധർമ്മത്തോട് വിമർശം എല്ലായ്പോഴും മല്ലിടുന്നു. അതിനാൽ കവിയുടെ പ്രതിഭയും, സ്വാതന്ത്ര്യവും വിമർശകന്റെ പ്രമാണവും, ഐതിഹ്യവുമായിട്ട് ഒരിക്കലും യോജിക്കുകയില്ല. ത്രികാലജ്ഞന്മാരായ കവികൾ ഭൂതഭാവികളേയും, സ്വർഗ്ഗനരകങ്ങളേയും, ജീവന്മുക്തികളേയും, സുഖദുഃഖങ്ങളേയും ഒന്നിച്ചുചേർക്കുന്നു. വിമർശകൻ ഇവയെ ഭിന്നിപ്പിക്കുക മാത്രമല്ല, പലപ്പോഴും കവിയുടേയും, കാവ്യത്തിന്റേയും അനുഭവരസികന്മാരായ സഹൃദയന്മാരുടേയും, ഇടയിൽ കടന്നു കാവ്യത്തിന്റെ യഥാർത്ഥസ്വരൂപം മറയ്ക്കുകയും, സഹൃദയന്റെ ആനന്ദാനുഭൂതിയെ തടയുകയും ചെയ്യുന്നു. ഇങ്ങനെ വിമർശനം ചിലപ്പോൾ കാവ്യങ്ങളുടെ നേരെ തിരിഞ്ഞു അവയെ കൊഞ്ഞനം കാണിക്കുകയും, വായനക്കാരുടെ കണ്ണിൽ മണ്ണിടുകയുംകൂടി ചെയ്യുന്നുണ്ട്. എന്നാൽ കാവ്യവും, വിമർശനവുമായി വഴക്കുണ്ടായിട്ടുള്ള ദിക്കുകളിലെല്ലാം കാവ്യത്തിനു തന്നെയാണ് വിജയം ലഭിച്ചിട്ടുള്ളതെന്നുള്ള സംഗതി സാഹിത്യചരിത്രം തെളിയിക്കുന്നു. മലയാളത്തിലെ ഏറ്റവും നല്ല വിമർശഗ്രന്ഥം ശ്രീമാൻ

പി. കെ. നാരായണപിള്ള അവർകളുടെ കുഞ്ചൻനമ്പ്യാരും, ഏ. ആർ. രാജരാജവർമ്മ തിരുമനസ്സിലെ ശാകുന്തളവും, നളചരിതം മുതലായവകളുടെ അവതാരികകളുമാണെന്ന് നിർമ്മത്സരന്മാർ സമ്മതിക്കും. എന്നാൽ ഈ രണ്ടു പണ്ഡിതകേസരികളുടേയും മേല്പറഞ്ഞ കൃതികൾക്കു കുഞ്ചൻനമ്പ്യാരുടെ തുള്ളൽപ്പാട്ടുകൾക്കും, കാളിദാസന്റെ ശാകുന്തളത്തിനും ഉള്ള മാഹാത്മ്യം എന്നെങ്കിലും സിദ്ധിക്കുന്നതാണോ? കാലാന്തരത്തിൽ രുചിഭേദം കൊണ്ട് ഇവയിൽ ഏതെങ്കിലും ഒരുകൂട്ടം നശിച്ചുപോകുന്നതിന് ലോകം അനുവദിക്കുന്നു എന്നിരിക്കട്ടെ. എന്നാൽ അതു തുള്ളൽപാട്ടോ ശാകുന്തളമോ ആയിരിക്കയില്ലെന്നു നിസ്സംശയം പറയാവുന്നതാണ്. കാവ്യത്തിനും വിമർശത്തിനുമായിട്ടുള്ള വാചാമഗോചരമായ അന്തരം ഇതിൽനിന്നു മനസ്സിലാക്കാം.

ഇതിനെല്ലാത്തിനും പുറമേ വിമർശകന്മാരുടെ പാണ്ഡിത്യപ്രകടനവും, അവരുടെ കൊച്ചുമുഴക്കോൽകൊണ്ട് കവികളുടെ ഭീമാകാരങ്ങൾ അളക്കുന്ന അവസരങ്ങളിൽ അവർക്കുണ്ടാകുന്ന അഹങ്കാരവും, പ്രമാണങ്ങളിൽ അവർക്കുള്ള അന്ധവിശ്വാസവും എന്നും അനാശാസ്യങ്ങളായിത്തന്നെ കാണപ്പെടുന്നു. കാവ്യതല്ലജങ്ങൾ തങ്ങളുടെ ദിവ്യപക്ഷം വീശി വളരെ ഉയരത്തിൽ പറന്ന് അവയുടെ ശ്രവണമധുരമായ കൂജനംകൊണ്ട് ലോകത്തെ ആനന്ദിപ്പിക്കുമ്പോൾ വിമർശകകാകന്മാർ കറുത്ത ചിറകുവിരിച്ച് അല്പം ദൂരം പറക്കുകയും, ശ്രവണശല്യമുണ്ടാക്കുന്ന ശബ്ദംകൊണ്ടു സഹൃദയോദ്വേഗം ജനിപ്പിക്കുകയും (കാവ്യങ്ങളുടെ മനോഹരതേജസ്സിനെ അല്പനേരത്തേക്കെങ്കിലും മറയ്ക്കുകയും) മാത്രമാണ് ചെയ്യുന്നത്. അതിനാൽ വിമർശം ഉപകാരത്തേക്കാൾ അധികം ഉപദ്രവത്തെ ഉണ്ടാക്കുന്നു. കൃതികളുടെ യഥാർത്ഥയോഗ്യത നിർണ്ണയിക്കുന്നതിനും ദുഷ്കൃതികളുടെ ഉന്മൂലനാശം ചെയ്യുന്നതിനും, കാലത്തിനുള്ള ശക്തി വിമർശനത്തിന് ഒരു കാലത്തും ഉണ്ടാകയില്ല. ഇതെല്ലാമാണ് പൂർവ്വപക്ഷം. ഇനി ഉത്തരപക്ഷത്തിലേയ്ക്കു കടക്കാം.

(തുടരും)

---

## സമസ്തകേരളസാഹിത്യപരിഷത്ത്

### ദ്വിതീയസമ്മേളനം

ഈ പരിഷത്തിന്റെ ദ്വിതീയസമ്മേളനം സംബന്ധിച്ച നാലു യോഗങ്ങളും ഒരു പ്രദർശനവും കേരളത്തിന്റെ ഒരു ഫാലതിലകമായി ശോഭിക്കുന്ന തൃശ്ശിവപേരൂർവച്ചു കേരളസാഹിത്യസാമ്രാജ്യത്തിലെ 'ഭോജരാജാ'വായ അപ്പൻതമ്പുരാൻ തിരുമനസ്സിലെ മേൽനോട്ടത്തിൽ അഭൂതപൂർവ്വമായ വിജയത്തോടുകൂടി കഴിഞ്ഞുകൂടിയിരിക്കുന്നു. ഇന്നു ഭാഷാവിഷയ

ത്തിൽ പരിശ്രമിക്കുന്നവരും മററുമായി ഒട്ടനേകംപേർ ഈ യോഗങ്ങളിൽ പങ്കുകൊണ്ടിരുന്നു എന്നുതന്നെയല്ല, യഥാർത്ഥസാഹിത്യകാരന്മാരിൽ പലരുടേയും പദ്യങ്ങളും, ഗദ്യങ്ങളും, പ്രസംഗങ്ങളും മററുംകൊണ്ടു പരിഷത്തു് ഏററവും പ്രശോഭിതമായിരുന്നു എന്നുള്ളതു നിസ്തർക്കമാണു്. ആദ്യമായി പ്രദർശനം ഉൽഘാടനംചെയ്ത മഹാകവി ഉള്ളൂരിന്റെ പ്രൗഢഗംഭീരമായ ഉപക്രമപ്രസംഗമാണുണ്ടായതു്. ഭാഷയുടെ ആദിമുതൽ ഉള്ള വളർച്ചയെക്കുറിച്ചും പ്രദർശനത്തിന്റെ ആവശ്യത്തെക്കുറിച്ചും മററും അദ്ദേഹം ചെയ്ത പ്രസംഗം ഭാഷാഭിമാനികൾക്കു് എത്രയും ശ്രദ്ധേയം തന്നെയായിരുന്നു. സരസ്വതീമന്ദിരമായ പ്രദർശനശാലയിൽ പഴയ ചെപ്പേടുകൾ, പഴയ ഗ്രന്ഥങ്ങൾ, നിന്നുപോയ മാസികകൾ, (100-ൽ അധികം വരും) കഴിഞ്ഞ പരിഷത്തിനുശേഷം ഉണ്ടായിട്ടുള്ള പുസ്തകങ്ങൾ, പരേതരായ സാഹിത്യരസികന്മാരുടെ ഛായകൾ എന്നിങ്ങനെ ഒട്ടനേകം സാധനങ്ങൾ പ്രദർശിപ്പിച്ചിരുന്നു. മഹാകവി ഉള്ളൂർ പറയുമ്പോലെ 2000 കൊല്ലത്തെ പഴക്കമുള്ള മലയാളഭാഷയെ സംബന്ധിക്കുന്ന ഈ പ്രദർശനം ഭാഷയുടെ ഭൂതകാലത്തെ അനുസ്മരിപ്പിക്കുന്നതിനു് എത്രയും പര്യാപ്തമായിരുന്നു. ബങ്കാൾ മുതലായ രാജ്യങ്ങളിലെ സാഹിത്യപരിഷത്തിനോടു് അനുബന്ധിച്ചു് ഇമ്മാതിരി പ്രദർശനങ്ങൾ ഉണ്ടെങ്കിലും കേരളത്തിൽ ഇതു് ആദ്യമാകയാൽ പ്രദർശനപ്രവർത്തകന്മാരുടെ ശ്രമം അഭിനന്ദനീയംതന്നെ.

പിന്നീടു്, ശ്രീമാൻ, മൂക്കോത്തു കുമാരൻ, ശ്രീമാൻ സി. പി. അച്യുതമേനോൻ, ശ്രീമതി തരവത്തു് അമ്മാളുഅമ്മ, രാജശ്രീ എം. രാജരാജവർമ്മ തമ്പുരാൻ മുതലായവരുടെ അദ്ധ്യക്ഷതയിൽ നാലു യോഗങ്ങൾ കൂടുകയാണുണ്ടായതു്.

ഞങ്ങളുടെ വായനക്കാർ—വിശേഷിച്ചു് അദ്ധ്യാപകാദ്ധ്യാപികമാർ,—ഈ യോഗങ്ങളിൽ ചെയ്ത പ്രസംഗങ്ങളും വായിച്ച പ്രബന്ധങ്ങളും മററും എത്രയും ശ്രദ്ധയോടുകൂടി വായിച്ചു മനസ്സിലാക്കേണ്ടതാണെന്നാണു ഞങ്ങളുടെ അഭിപ്രായം. ഭാഷാസാഹിത്യത്തിൽ വല്ലതും പരിശ്രമിക്കുന്നവരും പരിശ്രമിക്കേണ്ടവരും അവർതന്നെയാണെന്നു ഞങ്ങൾ വിശ്വസിക്കുന്നു. ഈ യോഗങ്ങളിൽ സാഹിത്യവിഷയത്തെ സംബന്ധിച്ചു പ്രസംഗിച്ചവരിൽ ഒരു ഭൂരിഭാഗം അദ്ധ്യാപകവൃത്തിയിലിരുന്നവരോ ഇപ്പോഴും അതിൽതന്നെ ഇരിക്കുന്നവരോ ആയിട്ടാണു കാണുന്നതു്. സാഹിത്യം പോഷിപ്പിക്കേണ്ടവരും അതുകൊണ്ടു് അധികം കൈകാര്യം ചെയ്യുന്നവരും ഭാവിയിൽ ഭാഷാഭിമാനത്തെ വർദ്ധിപ്പിക്കേണ്ടവരും അദ്ധ്യാപകന്മാരാണല്ലോ. അതുകൊണ്ടു സമസ്തകേരളസാഹിത്യപരിഷത്തിലെ പ്രസംഗങ്ങളിലും പ്രബന്ധങ്ങളിലും കിട്ടിയേടത്തോളം ഞങ്ങൾ ഈ ലക്കങ്ങളിൽതന്നെ ഇതേവരെ ചേർക്കാൻ ശ്രമിച്ചിട്ടുണ്ടു്. ചില പ്രബന്ധങ്ങൾ മേലാൽ കിട്ടുന്നപക്ഷം കൊള്ളാമെന്നു തോന്നിയാൽ പ്രസിദ്ധപ്പെടുത്തി

ക്കൊള്ളാം. അദ്ധ്യക്ഷപ്രസംഗങ്ങൾ എല്ലാം ഓരോ വിധത്തിൽ സാരഗർഭങ്ങളായിരുന്നു. അവയിൽ എല്ലാംകൊണ്ടും ഒന്നാമത്തേതു സരസഗദ്യകാരനായ മൂർക്കോത്തു കുമാരൻ അവർകളുടേതായിരുന്നു. സാരംകൊണ്ടും സാരസ്യംകൊണ്ടും ആ പ്രസംഗം എത്രയും ഹൃദയാവർജ്ജകം ആയിരുന്നു എന്നുള്ളതിനു തർക്കമില്ല. അതിൽ, മലയാളഭാഷ സംസ്കൃതത്തിന് അടിപെട്ടു ജീവിച്ചിരുന്ന കാലത്തു സംഭവിച്ചിട്ടുള്ള അപകടങ്ങൾ ഹൃദ്യമായവിധം വർണ്ണിച്ചിരിക്കുന്നു. ചില സ്മരണീയരായ സാഹിത്യകാരന്മാർ ഭാഷാവിഷയത്തിൽ കാണിച്ചുതന്ന മാർഗ്ഗങ്ങളെപ്പററി പറഞ്ഞിരിക്കുന്നഭാഗം യഥാർത്ഥമാണെന്നു ഞങ്ങൾക്കു തോന്നുന്നു. എന്നാൽ പരേതരും സ്മരണീയരും ആയ അവരെ ആക്ഷേപിച്ചു എന്നു തോന്നിക്കാതെ കഴിക്കാമായിരുന്നു എന്നൊരു പക്ഷക്കാരുണ്ടു്. ഏതായാലും മിസ്റ്റർ സി. വി. രാമൻപിള്ള എഴുതിയ 'മാർത്താണ്ഡവർമ്മ' എത്രത്തോളം സാമാന്യജനങ്ങൾക്കു് ആസ്വാദ്യതരമായിരിക്കുന്നോ അത്രത്തോളം 'ധർമ്മരാജാ' ആസ്വദിക്കുവാൻ കഴിഞ്ഞിട്ടില്ലെന്നുള്ളതു പരമാർത്ഥമാണു്. അതിലെ ഭാഷയാകുന്ന ചർമ്മം പൊളിച്ചു് അകത്തു കടക്കാമെങ്കിൽ ചില മാമ്പഴങ്ങൾക്കുള്ളപോലെ അത്യധികം രസം അതിൽനിന്നും ലഭിച്ചേക്കാം. ആ തരത്തിൽ രസിക്കാവുന്നവർ മലയാളികളിൽ എത്ര ശതമാനം പേർ ഉണ്ടാകും? അഗ്നി സുലഭമായിരിക്കുമ്പോൾ വെള്ളത്തിൽ മുങ്ങി കല്ലുമുട്ടി ആരെങ്കിലും അതുണ്ടാക്കാൻ ശ്രമിക്കുന്നതാണോ? മലയാളത്തിലെ സാധാരണ വായനക്കാർക്കു്, ധർമ്മരാജനിലെ ഭാഷയുടെ വേഷവും, ആശയങ്ങളുടെ വക്രതയും നിമിത്തം അതു് ഒരു കിരിയാത്തുകഷായമായിട്ടാണിപ്പോൾ ഇരിക്കുന്നതു്. ഇതുകൊണ്ടു് ആ ഗ്രന്ഥം അനാസ്വാദ്യമാണെന്ന പക്ഷക്കാരല്ല ഞങ്ങൾ. അതിലെ ഗദ്യരീതി അനുകരണീയമല്ലെന്നുള്ളതു കാണിപ്പാനാണു് ഇത്രയും പറയേണ്ടിവന്നതു്. എന്നാൽ മിസ്റ്റർ കുമാരനെപ്പോലെയുള്ള സാഹിത്യരസികന്മാർക്കു് അതിലെ 'ഗീർവ്വാണഭാഷ'യെ ഭയന്നു 'രണ്ടധ്യായങ്ങളിലധികം' വായിച്ചുരസിക്കാൻ സാധിക്കാത്തതു കഷ്ടമല്ലയോ എന്നു ഞങ്ങൾ സംശയിക്കുന്നു.

അനുകരണത്തെപ്പററിയും, വിശേഷിച്ചു ടാഗോറിനെ അനുകരിക്കുന്നതിനെക്കുറിച്ചും മിസ്റ്റർ കുമാരൻ പറയുന്ന ഭാഗം സവിശേഷം ശ്രദ്ധേയമാകുന്നു. വാസ്തവത്തിൽ ടാഗോറിന്റെ അനുകരണങ്ങളായി നാം കാണുന്ന ഗദ്യപദ്യങ്ങളിൽ മിക്കവയും അസ്പഷ്ടതയ്ക്കു് ഉത്തമോദാഹരണമായിട്ടാണു കാണുന്നതു്. ഇങ്ങനെ മിസ്റ്റർ കുമാരന്റെ പ്രസംഗത്തിലെ പല ഭാഗങ്ങളെക്കുറിച്ചും പ്രത്യേകം പ്രസ്താവിക്കേണ്ടതുണ്ടെങ്കിലും ആ പ്രസംഗം മുഴുവൻ ഈ മാസികയിൽ ചേർത്തിട്ടുള്ളതുകൊണ്ടും പത്രസ്ഥലത്തിന്റെ പരിമിതത്വംകൊണ്ടും ഇതിലധികം ഒന്നും പറവാൻ നിവൃത്തിയില്ല.

മിസ്റ്റർ സി. പി. അച്ചുതമേനോൻ ആയിരുന്നു രണ്ടാമത്തെ അദ്ധ്യക്ഷൻ. വിദ്യാവിനോദിനി മുതലായ മാസികകൾ നടത്തിയശേഷം സക്കാ

ഉദ്യോഗമാകുന്ന വലിയ ഭാരവും വഹിച്ച് ഇപ്പോൾ ശമിച്ച അഗ്നിപർവ്വതംപോലെ വിശ്രമസുഖം അനുഭവിക്കുന്ന ആ സാഹിത്യകേസരിയെപ്പററി എന്താണു പറയുക. അദ്ദേഹത്തിനു ഭാഷാസാഹിത്യത്തിൽ സ്വഛന്ദം പണിയെടുക്കുവാനുള്ള അവസരം ലഭിക്കാത്തതു കൈരളിയുടേയും കേരളീയരുടേയും ഭാഗ്യദോഷംതന്നെ എന്നേ പറവാനുള്ളു. ആ മഹാനുഭാവന്റെ ശേഷിച്ച കാലംകൊണ്ടു ഭാഷയ്ക്കു വല്ല സമ്പാദ്യവും ലഭിക്കുമാറാകട്ടെ. അദ്ദേഹത്തിന്റെ ചുരുങ്ങിയ വാക്കുകൾ അനവധി സാരമായ സംഗതികളെ ഉള്ളടക്കിയിട്ടുള്ള ഒരു രത്നച്ചുരുക്കമാകുന്നു. ഭാഷയോടുള്ള ഗവർമ്മേൻറിന്റെ അനാദരവിനെക്കുറിച്ച് അദ്ദേഹം പറയുന്നഭാഗം ഏത്രയും ഗൗരവമേറിയ ഒരു സംഗതിയാണ്. ഇതുതന്നെ വിസ്താരമായി കഴിഞ്ഞ പരിഷത്തിൽ മിസ്റ്റർ പി. കെ. നാരായണപിള്ളയും പറഞ്ഞിട്ടുണ്ട്. മിസ്റ്റർ അച്യുതമേനോൻ ഇങ്ങിനെ പറയുന്നു "രാജ്യകാര്യങ്ങൾപോലെ ജനങ്ങളുടെ മർമ്മത്തിൽ തട്ടുന്നതായി മറെറാന്നുമില്ല. ഈ കാര്യങ്ങൾ നടത്തുന്നതു ബഹുജനങ്ങൾക്കു മനസ്സിലാകാത്ത ഭാഷയിലായിരിക്കണമെന്ന ഏർപ്പാട് അസംബന്ധവും സ്വഭാവവിരുദ്ധമാണെന്നു പറയേണമെന്നുണ്ടോ? ഒരുത്തനെ തൂക്കിക്കൊല്ലുവാൻ തീർച്ചയാക്കി ഉച്ചരിക്കുന്ന വിധിപോലും അവനറിയാത്ത ഭാഷയിലായിരിക്കണമെന്നുള്ള നടപ്പിനേക്കാൾ അക്രമമായി മറെറന്താണുള്ളതു്." അവമാനകരവും, ദയനീയവും ആയ ഈ സംഗതി, എല്ലാ ഭാഷാഭിമാനികളുടേയും ദേശാഭിമാനികളുടേയും ഹൃദയാന്തർഭാഗത്ത് എപ്പോഴും ധരിക്കേണ്ട ഒന്നാണ്.

അടുത്ത അദ്ധ്യക്ഷ, സ്വദേശാഭിമാനിയായ കെ. രാമകൃഷ്ണപിള്ളയ്ക്കു അഭയം നൽകിയ സുപ്രസിദ്ധയായ തരവത്ത് അമ്മാളുഅമ്മയായിരുന്നു. ഈ മാന്യയുടെ പ്രസംഗവും സാമാന്യം നന്നായിരുന്നു. ഭാഷയിൽ, കർത്തവ്യകർമ്മാനുഷ്ഠാനത്തിന് അഥവാ—മോക്ഷസമ്പാദനത്തിന്—ഉതകത്തക്ക വിധത്തിൽ ഗ്രന്ഥസന്തതികൾ വർദ്ധിക്കണമെന്നും, ശൈശവവിദ്യാഭ്യാസത്തിനു മലയാളവും ഉപരിവിദ്യാഭ്യാസത്തിന് ഇംഗ്ലീഷും ആത്മീയവിദ്യാഭ്യാസത്തിനു സംസ്കൃതവും പഠിക്കണമെന്നും, മലയാളത്തോടു പഠിപ്പുകാരവക്ക് അനാദരവു വർദ്ധിക്കുന്നു എന്നും, വിദ്യാലയങ്ങളിൽ മലയാളമുൻഷിമാർ കളിപ്പാട്ടങ്ങളാണെന്നും, പുസ്തകങ്ങൾ ചിലർ വായിച്ചു തള്ളുകയാണു ചെയ്യുന്നതെന്നും, സൽകൃതികൾ ശരിയായി വായിക്കുന്നതിൽ ശ്രദ്ധയില്ലെന്നും പാഠ്യപുസ്തകക്കമ്മററിക്കാർ പല തകരാറും ചെയ്യുന്നുണ്ടെന്നും കട്ടപ്പരധികമുള്ള പുസ്തകങ്ങൾ താഴ്ന്ന ക്ലാസുകളിൽ വയ്ക്കുന്നു എന്നും ഇരുപതിനാലുവൃത്തം മുതലായ കൃതികൾ ഉള്ളപ്പോൾ മഞ്ഞക്കിളിയും നീലക്കിളിയും ആണു് അവർക്കിഷ്ടമെന്നും മററുമായിരുന്നു ആ പ്രസംഗത്തിലെ സാരം.

അടുത്ത അദ്ധ്യക്ഷൻ, ശാസ്ത്രീയഗ്രന്ഥങ്ങളെക്കൊണ്ടു മലയാളഭാഷ

യെ പോഷിപ്പിക്കുന്ന രാജശ്രീ, എം. രാജരാജവൎമ്മ എം. എ. ബി. എൽ. അവർകളായിരുന്നു. അദ്ദേഹത്തിന്റെ പ്രസംഗം സാമാന്യം ദീൎഘവും, ഭാഷയുടെ ആദിമുതൽ ഇതേവരെയുള്ള സമഗ്രമായ ചരിത്രത്തെ കാണിക്കുന്നതും ചില ഭാഷാദോഷങ്ങളെ ചൂണ്ടിക്കാണിക്കുന്നതും ആയിരുന്നു. പക്ഷെ അതിൽ പറയുന്ന എല്ലാ സംഗതികളും സമപ്രധാനങ്ങളായി തോന്നുന്നതിനാൽ ഒന്നിനെക്കുറിച്ചും പ്രത്യേകിച്ച് ഒന്നും പറയേണ്ടതായിട്ടുണ്ടെന്നു തോന്നുന്നില്ല.

ഗദ്യപ്രബന്ധങ്ങൾ വായിച്ചവയിൽ മെസേഴ്സ് ഡി. പത്മനാഭനുണ്ണിയുടെ 'വിമർശനം', സി. കുഞ്ഞിരാമമേനോന്റെ 'പ്രസാധനപ്രചരണമുദ്രണങ്ങൾ', ആററൂർ കൃഷ്ണപ്പിഷാരടിയുടെ 'ഭാഷാദൃശ്യകാവ്യം' മുതലായവയാകുന്നു ഞങ്ങൾക്കു അധികം നന്നായിട്ടുള്ളവയായി തോന്നിയതു. പദ്യപ്രബന്ധങ്ങൾ അവിടെ വായിച്ചവയിൽ, മെസേഴ്സ് മഹാകവി ഉള്ളൂരിന്റെ 'സുഖം സുഖം' ചെട്ടൂഴിയത്തിന്റെ 'മടിച്ച ആന' കുണ്ടൂരിന്റെ 'പ്ലാവിലയും മണ്ണാങ്കട്ടയും' ജി. ശങ്കരക്കുറുപ്പിന്റെ 'പിന്നത്തെ വസന്തം' മുതലായവയാണു സദസ്യർക്കു അധികം രസിച്ചതെന്നു തോന്നുന്നു. വാചാപ്രസംഗങ്ങളിൽ, മെസേഴ്സ് ഇ. വി. കൃഷ്ണപിള്ള, എം. എൻ. നായർ, സെബാസ്ത്യൻ ഇവരുടേതായിരുന്നു ഒരുവിധം നന്നായതു്. മററു ചിലരുടെ പ്രസംഗങ്ങൾ സദസ്യർക്കു രസിക്കാൻ കഴിയാത്തതു വിഷയത്തിന്റെ കാഠിന്യംകൊണ്ടും മററുമായിരിക്കാം. മിസ്റ്റർ സെബാസ്ത്യൻ ഭാഷാപോഷണത്തെപ്പററി പൊതുവെ പറയുമ്പോൾ, എല്ലാജാതിക്കാരും ഭാഷയെ ആവുംവണ്ണം പോഷിപ്പിച്ചിട്ടുള്ള സ്ഥിതിയ്ക്കു്, തന്റെ ജാതിക്കാരെ—അഥവാ ഇപ്പോഴത്തെ മതത്തിൽപെട്ടവരെ—പ്രത്യേകം ഉയൎത്തിപ്പറവാൻ ശ്രമിച്ചതു്, ഇതുപോലെയുള്ള ഒരു സമ്മേളനത്തിൽ, പരിശുദ്ധമനഃസ്ഥിതിയോടുകൂടിയാണെങ്കിലും ആസക്തി കാണിച്ചതു്, കുറച്ചു് അപ്രകൃതമായിപ്പോയെന്ന പക്ഷക്കാരും ഉണ്ടു്. അതുപോലെ രസപ്രദമായിരുന്ന മറെറാരു മാന്യന്റെപ്രസംഗം ഒരു അദ്ധ്യക്ഷപ്രസംഗത്തിന്റെ മാന്യതയെ കുറയ്ക്കുവാനോ എന്നു തോന്നുമാറു് അതിർകടന്നു പ്രസ്താവിച്ചതുമൂലം ചിലക്കു് അല്പം അസുഖം നേരിട്ടിട്ടുണ്ടു്. അതെല്ലാം അങ്ങനെ ഇരിക്കട്ടെ. എൽ. എ. രവിവൎമ്മരാജാവിന്റെ പ്രസംഗം ഭാഷാലിപികളെക്കുറിച്ചായിരുന്നു എങ്കിലും ഭാഷാലിപിയെക്കുറിച്ചൊന്നും പറയുക ഉണ്ടായില്ലെന്നൊരു വിശേഷം അതിനുണ്ടു്. പ്രസംഗങ്ങളിൽ പലതും ദീൎഘങ്ങളായിരുന്നു. 'യഥാരാജ തഥാ പ്രജ' എന്നമട്ടിൽ അദ്ധ്യക്ഷന്മാർ തുടങ്ങി മററുള്ള പ്രസംഗികന്മാർവരെ ഈ ദോഷം ബാധിച്ചിട്ടുണ്ടു്. ഇതുകൊണ്ടു് വായിക്കേണ്ട പല പ്രബന്ധങ്ങളും വായിക്കാതിരുന്നിട്ടുണ്ടു്. വായിച്ചേ കഴിയു എന്നില്ലാത്തതു് പലതും വായിച്ചിട്ടുമുണ്ടു്. എന്നുതന്നെയല്ല, ചിലവ നോക്കുമ്പോൾ അവ തിരഞ്ഞെടുത്തവിഷയത്തിൽ പ്രവൎത്തകന്മാരുടെ

ഔചിത്യബുദ്ധി വേണ്ടവിധം ഉപയോഗിച്ചിട്ടുണ്ടോ എന്നു് സംശയം തോന്നുകയും ചെയ്യും. ഈ ശങ്കയെ ബലപ്പെടുത്തുംവണ്ണം അന്നുവരെ എഴുതിതീരാത്ത പദ്യങ്ങളും, കാൎയ്യപരിപാടിയിൽ കൊള്ളിക്കാത്ത പ്രബന്ധവുംകൂടി ചിലതു് അവിടെ വായിക്കുകയുണ്ടായല്ലൊ. വാദപ്രതിവാദങ്ങൾ എന്നൊരിനംകൂടി ഉള്ളതായി പ്രവൎത്തകന്മാർ പരസ്യം ചെയ്തിരുന്നതായി ഓൎക്കുന്നു. അതൊന്നും പ്രയോഗത്തിൽ കണ്ടില്ല. പിന്നെ പ്രമേയങ്ങളെക്കുറിച്ചാണു പറവാനുള്ളതു്. അവയെല്ലാം, അവതരിപ്പിച്ച രീതിയും ആലോചിച്ച സമ്പ്രദായവും മററും അത്ര ശരിയായിരുന്നുവോ എന്നു സംശയമാണു്. എന്നാലും കഴിഞ്ഞകൊല്ലത്തെപ്പോലെ ചില നിശ്ചയങ്ങളും കമ്മററികളും തിരഞ്ഞെടുക്കാതിരുന്നിട്ടില്ല. ഗവേഷണം, മുദ്രണം, വിവൎത്തനം മുതലായ സാഹിത്യപോഷകമായ മാൎഗ്ഗത്തിൽ വേലചെയ്യുവാൻ ഒരു വലിയകമ്മററിയേയും നിയമങ്ങളുംമററും എഴുതി ഉണ്ടാക്കാൻ വേറൊരു കുറിയ കമ്മററിയേയും തിരഞ്ഞെടുത്തിട്ടുണ്ടു്. കൊച്ചി—തിരുവിതാംകൂർ-മലബാർ ഈ സംസ്ഥാനങ്ങളിലെ പാഠപുസ്തകങ്ങൾ കഴിവുള്ളേടത്തോളം ഒന്നാക്കിത്തീൎക്കണമെന്നും അതു ഗവൎമ്മേണ്ടുകൾ ധനസഹായം ചെയ്യണമെന്നും അപേക്ഷിക്കുവാൻ ഓരോ പ്രമേയങ്ങളും പാസ്സാക്കിയിട്ടുണ്ടു്. പാഠപുസ്തകങ്ങൾ ഒന്നാകണമെങ്കിൽ വിദ്യാഭ്യാസരീതി ഒരുപോലെയാകണം. ഇതു് കുറെ ദുസ്സാധ്യമാണെന്നു് ആലോചിച്ചുനോക്കിയാൽ അറിയാവുന്നതാണു്. കേരളത്തിൽ ഒരു സൎവ്വകലാശാലയുടെ ആവശ്യത്തെക്കുറിച്ചും ഒരു പ്രമേയം പാസ്സാക്കികാണുന്നു. പ്രമേയങ്ങൾ എല്ലാം തന്നെ ആവശ്യമായിട്ടുള്ളവതന്നെ. കവികളേയും സാഹിത്യകാരന്മാരേയും കമ്മററി അംഗങ്ങളാക്കുന്നതും കൌതുകംതന്നെ. പക്ഷെ ശരിയായും കൃത്യമായും പണിയെടുക്കാൻ കുറച്ചുപേർ പ്രത്യേകം വേറേയും ആവശ്യമുണ്ടു്. അവരെയാണു തിരഞ്ഞെടുക്കേണ്ടതു്. എങ്കിലും ഇപ്പോഴത്തെ കമ്മററിക്കാർ ഉദാസീനരാകാതെ വല്ലതും പ്രവൎത്തിക്കുമെന്നുതന്നെ തൽകാലം സമാധാനിക്കാം.

ആകപ്പാടെ പരിഷത്തു മംഗളകരമായും വിജയകരമായും പൎയ്യവസാനിച്ചിട്ടുണ്ടെന്നു് പറയുവാൻ ഞങ്ങൾക്കു് സന്തോഷമുണ്ടു്. വലിയ ഒരുദ്യോഗധുരം വഹിച്ചിരുന്നിട്ടും മഹാകവി ഉള്ളൂർ കാലെക്കൂട്ടിവന്നു്, പരിഷത്തിൻെറ ആദ്യവസാനം ഭരിച്ചു്, യുവകവികൾക്കുവേണ്ട ഉപദേശം നല്കി, അതു മംഗളകരമാക്കുവാൻ ചെയ്ത ശ്രമം സ്തുത്യൎഹവും മററുള്ള സാഹിത്യകാരന്മാൎക്കു് അനുകരണയോഗ്യവും തന്നെയാണു്. മലയാളത്തിലെ സാഹിത്യകാരന്മാരുടെ ഭാഷാപോഷണശ്രമത്തിലുള്ള ഉദാസീനത ഏതു നിലയിൽ ആണു നിലകൊള്ളുന്നതു് എന്നു് അപ്പൻതമ്പുരാൻതിരുമനസ്സിലെ സ്വാഗതപ്രസംഗത്തിൽനിന്നും നമുക്കു് ഏറാക്കുറെ അറിയാം. എന്നിട്ടും പരിഷത്തു് ഇത്രയും മംഗളകരമായും വിജയകരമായും പൎയ്യവസാനിപ്പിച്ച പ്രവൎത്തകന്മാർ നിതരാം സ്തുത്യൎഹരാകുന്നു. വിശേഷിച്ചു ഭാഷാദേവിയോടു

ള്ള ഭക്തിബഹുമാനങ്ങളാൽ ഈ പരിഷത്തിനുവേണ്ടി അത്യധികം ബുദ്ധിമുട്ടുകൾ സഹിച്ചു, കേരളസാഹിത്യകാരസദസ്സിലെ ഭോജരാജാവായ അപ്പൻതമ്പുരാൻ തിരുമേനിയെ മലയാളഭാഷയുള്ള കാലത്തോളം മറക്കുന്നതോ മറക്കാവുന്നതോ അല്ല. മഹാകവി ഉള്ളൂർ പറയുന്നതുപോലെ, അനസൂയരായ കവികളേയും, വെളുപ്പുനിറമുള്ള കസ്തൂരിയേയും, ഉപ്പില്ലാത്ത സമുദ്രജലത്തേയും പാണ്ഡിത്യമുള്ള രാജാക്കന്മാരേയും കിട്ടാൻ പ്രയാസമാണെന്നു മഹദ്വചനമുണ്ടായിരുന്നിട്ടും നമുക്ക് പാണ്ഡിത്യവും സഹൃദയത്വവും ഉള്ള ഒരു രാജശ്രേഷ്ഠനെ ലഭിച്ചതിൽ നാം ഭാഗ്യവാന്മാർ തന്നെയാണല്ലോ.

അടുത്ത പരിഷത്ത് ബ്രിട്ടീഷ് മലബാറിൽ കോട്ടയ്ക്കൽ എന്ന സ്ഥലത്തേയ്ക്ക് കവനകൗമുദി ഉടമസ്ഥൻ മിസ്റ്റർ. പി. വി. കൃഷ്ണവാരിയർ ക്ഷണിച്ചിട്ടുണ്ടെന്നുള്ളതും പ്രസ്താവയോഗ്യം തന്നെ.

---

# അധ്യാപകൻ

### ഉത്തരവാദിത്വങ്ങളും ശമ്പളവും.

(എം. ആർ. പറഞ്ചിപ്പെ എം. എ, ബി. എസ്സ്. സി.)

II.

ഇപ്രകാരം അധ്യാപകന്റെ ഉത്തരവാദിത്വം ഗൌരവമേറിയതാണെന്നു മനസ്സിലായല്ലൊ. എന്നാൽ ഈ ഉത്തരവാദിത്വം അതു വഹിക്കുന്നതിന് അപ്രാപ്തരായ അധ്യാപകന്മാരിൽ ചുമത്തിക്കാണുന്നതു് ശോചനീയംതന്നെ. ഇനി നമുക്കു പ്രതിഫലത്തിന്റെ കാര്യം നോക്കാം. ശരിയായ പ്രതിഫലം ലഭിക്കുന്നില്ലെന്നുള്ളതു നിർവ്വിവാദമാണല്ലൊ. ഉത്തരവാദിത്വത്തേയും ശമ്പളത്തേയും ഒരു തുലായന്ത്രത്തിൽ വച്ചു തൂക്കിനോക്കുകയാണെങ്കിൽ ഉത്തരവാദിത്വമിരിക്കുന്ന തട്ടു നിലം തൊട്ടും, ശമ്പളമിരിക്കുന്ന തട്ട് പൊങ്ങിയും സ്ഥിതിചെയ്യുന്നതുകാണാം. ഉത്തരവാദിത്വത്തിന്റെ തട്ടു നിലത്തുനിന്ന് അല്പം ഉയരുന്നതിനെങ്കിലും ശമ്പളത്തട്ടിനു ഘനം വേണ്ടതല്ലെ?

ഈ അനാശാസ്യാവസ്ഥ ഭാരതീയമനസ്ഥിതിയുടെ ഫലമാണ്. അധ്യാപകന്മാർ സന്യാസിവർഗ്ഗത്തിൽപെട്ടവരാണെന്നും, അവർ ഐഹികസുഖങ്ങളിൽ താല്പര്യമില്ലാത്തവരാണെന്നും അധ്യാപകവൃത്തിക്കുവേണ്ടിമാത്രം അവർ അതു ചെയ്യുകയാണെന്നുമാണ ഭാരതീയരുടെ ബോധം. പുരാതനകാലം മുതല്ക്കുതന്നെ ഭാരതം അധ്യാപകന്മാരുടെ ഭൂമിയാണ്. അവർ അരണ്യങ്ങളിൽ നിവസിച്ചിരുന്നു എന്നും, പ്രതിഫലം വാങ്ങിയിരുന്നില്ല എന്നും മററും പഴംകഥകൾ പറയുന്നുണ്ട്. ആ ആദർശസ്ഥാനത്ത് എത്തുന്നതിന് ഇന്നത്തെ ഉപാധ്യായന്മാർക്ക് സാധിക്കയില്ലെങ്കിലും കഴിയുന്നിട

ത്തോളം അട്ടത്തുപോകണമെന്നാണ് ഇന്നത്തെ പൊതുജനങ്ങൾ പറയുന്നത്. അങ്ങനെ പറയുന്നതു ചരിത്രം തെററിദ്ധരിക്കുന്നതുകൊണ്ടാണ്. പുരാതനഭാരതത്തിലെ ഗുരുനാഥന്മാൎക്കു നല്ല ശമ്പളം ലഭിച്ചിരുന്നു. അവർ പ്രവൃത്തിയെടുത്തിരുന്ന സ്ഥാപനങ്ങൾ ഓരോ ഭരണകോയ്മയുടേതായിരുന്നു. അവൎക്കു വേണ്ടതെല്ലാം ആ സ്ഥാപനങ്ങളിൽ ഉണ്ടായിരുന്നു. ഭൂതത്തേയൊ, വൎത്തമാനത്തേയൊ, ഭാവിയേയൊ പററി യാതൊരു വ്യാകുലതകളും അവൎക്കുണ്ടായിരുന്നില്ല. അവൎക്കു നാണയരൂപത്തിൽ പ്രതിഫലം നൾകിയിരുന്നില്ലായിരിക്കാം. അവരുടെ സുഖം രാജാക്കന്മാരുടെ ശ്രദ്ധക്കു വിഷയീഭവിച്ചിരുന്നു. എല്ലാവരും അവരെ ബഹുമാനിച്ചുമിരുന്നു. പ്രവൃത്തിസ്വാതന്ത്ര്യവും അവൎക്കുണ്ടായിരുന്നു. ആധുനികഇൻഡ്യയിലെ അദ്ധ്യാപകന്മാരെ പൌരാണികഭാരതത്തിലെ അദ്ധ്യാപകന്മാരുമായി താരതമ്യം ചെയ്യുന്നതു ഭംഗിയല്ല. ഒരുതരത്തിൽ ഇന്നത്തെ അദ്ധ്യാപകന്മാരുടെ ജോലി ഭാരമേറിയതാണ്. വലിയ പട്ടണങ്ങളിൽനിന്നും അകലെയായി അദ്ധ്യാപകനുമൊന്നിച്ചു താമസിക്കുന്ന കുട്ടികളുടെ സ്വഭാവരൂപവൽക്കരണം എളുപ്പമാണ്. ബൊംബെ, മദിരാശി മുതലായ നഗരങ്ങളിൽ ദിവസത്തിൽ നാലൊ അഞ്ചൊ മണിക്കൂർനേരം മാത്രം ഒരു അദ്ധ്യാപകന്റെ കീഴിൽ പഠിക്കുന്ന കുട്ടികളുടെ സ്വഭാവരൂപീകരണം വിഷമമാണ്. പുരാതനഅയോദ്ധ്യയോ, ദ്വാരകയൊ, ബൊംബെനഗരത്തെപ്പോലെയല്ലായിരുന്നു. ഇന്നത്തെ പിതാവിന്റെ ആഗ്രഹങ്ങൾ എന്തായിരിക്കുമെന്നു നോക്കുക. വിസ്തൃതലോകവുമായിട്ടുള്ള സംഘടന നിമിത്തം, കൂടുതൽ അറിവും ഉത്തരവാദിത്വബോധവുമുള്ള പൌരനെ ആവശ്യമായിരിക്കുന്നു. സാമുദായികമായും രാഷ്ട്രീയമായും സാമ്പത്തികമായും വളരെ അഭിവൃദ്ധി ലഭിച്ചിരിക്കുന്നതുകൊണ്ടു വിദ്യാൎത്ഥിയുടെ ബുദ്ധിശക്തിയെ നല്ലപോലെ ഉപയോഗിക്കേണ്ടിയിരിക്കുന്നു. അതുകൊണ്ട് ആധുനികാദ്ധ്യാപകന്റെ ജോലി ഭാരമേറിയിട്ടുള്ളതാണ്. രാജാക്കന്മാർ ഇന്ന് അവരിൽ ശ്രദ്ധപതിപ്പിക്കുന്നില്ല. പണ്ടുണ്ടായിരുന്ന ബഹുമാനവും അവൎക്ക് ഇന്ന് ഇല്ല. അവൎക്കാവശ്യമുള്ള സ്വാതന്ത്ര്യവും ഇല്ലെന്നുവേണം പറയുവാൻ.

ഇൻഡ്യയിലെ ഭാവിപൌരന്മാൎക്ക് ഉത്തമമായ വിദ്യാഭ്യാസം നൾകേണ്ട ആവശ്യം ഇൻഡ്യയിലെ പൊതുജനങ്ങൾ അറിയാത്തതു പരിതാപകരംതന്നെ. കഴിഞ്ഞ ആറേഴു സംവത്സരങ്ങളിലെ രാഷ്ട്രീയപ്രസ്ഥാനങ്ങളുടെ പരാജയവും ജാതിവഴക്കുകളും നോക്കുകയാണെങ്കിൽ നമ്മുടെ ഏററവും വലിയ ദേശീയന്യൂനത സമൎത്ഥന്മാരായ നേതാക്കന്മാരുടെ അഭാവമാണെന്നു മനസ്സിലാക്കാവുന്നതാണ്. തെററായ മാൎഗ്ഗങ്ങളിൽക്കൂടി ചാടിക്കാതെ അഭിവൃദ്ധിപഥത്തിൽ എത്തിക്കുന്ന നേതാക്കന്മാരാണു നമുക്കാവശ്യമുള്ളതു്. വിദ്യാലയങ്ങളിൽ അശ്രദ്ധ കാണിക്കുന്നതുകൊണ്ടു ഭാ

രതം ഇന്നു നല്ല ശിക്ഷ അനുഭവിക്കുന്നുണ്ട്. ഇന്നത്തെ വിദ്യാലയങ്ങൾ നല്ല പരീക്ഷാവ്യവസായശാലകൂടിയല്ല. അധ്യാപകന്റെ ഗുണങ്ങൾ ശിഷ്യന്മാൎക്കു ലഭിക്കുമല്ലൊ. അധ്യാപകന്മാർ ഗ്രാമത്തിലേയൊ നഗരത്തിലേയൊ ഏററവും ബഹുമാനം കുറഞ്ഞവരായിരുന്നാൽ നമ്മുടെ പള്ളിക്കൂടങ്ങളിൽ എന്നും ഉൽകൃഷ്ടങ്ങളായ ഉല്പന്നങ്ങൾ ആശിക്കുവാൻ നമുക്ക് എന്തവകാശമാണുള്ളത്? സംഗതികൾ ഇതിലധികം കഷ്ടതരമായില്ലല്ലൊ എന്നു അത്ഭുതപ്പെടേണ്ടിയിരിക്കുന്നു.

അധ്യാപകന്റെ ഉത്തരവാദിത്വം ഭാരമേറിയതായതുകൊണ്ട് അതിനു സമമായ പ്രതിഫലം കൊടുക്കുന്ന കാൎയ്യം സാധ്യമാണെന്നു തോന്നുന്നില്ല. ഭാഗ്യവശാൽ അധ്യാപകൻ വക്കീലിനെപ്പോലെയൊ, ഡാക്ടരെപ്പോലെയൊ, എൻജിനിയരെപ്പോലെയൊ പ്രതിഫലത്തിൽ കൎക്കശനല്ല. വളരെ കുറച്ചു മാത്രമേ അയാൾക്കു ലഭിക്കുന്നുള്ളു. എന്നാൽ ഒരു വക്കീലിനോ, ഡാക്ടൎക്കോ ലഭിക്കാത്ത ഒന്ന് അധ്യാപകനു കിട്ടുന്നുണ്ട്; ഒരു കുട്ടിക്ക് അവന്റെ അധ്യാപകനോടുള്ള സ്നേഹം മാതാവിനോടുള്ളതിനോടു തുല്യമാണ്. കുഞ്ഞിനുവേണ്ടി മാതാവെന്നപോലെ അധ്യേതാവിനുവേണ്ടി അധ്യാപകൻ പല വിഷമതകളും സഹിക്കുന്നതാണ്. ആഡംബരങ്ങൾ അയാൾക്കാവശ്യമില്ല. എന്നാൽ നിത്യേന ബുദ്ധിമുട്ടുകൂടാതെ കഴിഞ്ഞുകൂടുന്നതിനെങ്കിലും അയാൾക്കു വല്ലതും നൾകേണ്ടതല്ലേ? അയാളുടെ കുട്ടികളെ വിദ്യാഭ്യാസം ചെയ്യിപ്പിക്കണ്ടേ? വാൎദ്ധക്യകാലത്തു മാന്യമായി ജീവിതം കഴിച്ചുകൂട്ടേണ്ടേ? അസമാധാനചിത്തത്തിന്റെ ദോഷഫലം അയാൾ ചെയ്യുന്ന പ്രവൃത്തിയിൽ കാണാതിരിക്കയില്ല. അധ്യാപകൻ ഭൂമിശാസ്ത്രം പഠിപ്പിച്ചുകൊണ്ടിരിക്കുമ്പോൾ തുന്നൽക്കാരന്റെ "ബില്ലി"നെപ്പററി ചിന്തിക്കേണ്ടിവന്നാൽ അയാളെക്കൊണ്ടു പള്ളിക്കൂടത്തിന് എന്തു പ്രയോജനമാണുണ്ടാകുന്നത്?

ഭക്ഷണവും വസ്ത്രവും കൂടാതെ അധ്യാപകന് മററു ചിലതുകൂടി വേണമെന്നു നാം ഓൎമ്മിക്കണം. അയാളുടെ മനസ്സിനും പോഷണം അത്യാവശ്യമാണ്. പ്രതിദിനപ്പത്രങ്ങളും ഒരു ചെറിയ വായനശാലയും അയാൾക്കാവശ്യമുണ്ട്. രാത്രിയിൽ അധികനേരം വിളക്കുകത്തിക്കേണ്ടിവരും. താമസിക്കുന്നതിനു നല്ല ഗൃഹവും ധരിക്കുന്നതിനു നല്ല വസ്ത്രങ്ങളും കൂടാതെ കഴികയില്ല. ചില സഞ്ചാരങ്ങളും നടത്തേണ്ടതായി വന്നേക്കാം; ക്ലാസ്സിലെ സമൎത്ഥന്മാരായ വിദ്യാൎത്ഥികൾക്കു ചില സമ്മാനങ്ങൾ കൊടുക്കുന്നതിന് അല്പം പണവും വേണം. ഇൻഡ്യയിലെ മിക്ക അധ്യാപകന്മാരും കീറിപ്പറിഞ്ഞ വസ്ത്രങ്ങൾ ധരിച്ചുകൊണ്ടാണു വിദ്യാലയങ്ങളിൽ പോകുന്നത്. വസ്ത്രം നല്ലതല്ലാത്തതുകൊണ്ട് അവർ പഴയ ശിഷ്യന്മാരെ പലപ്പോഴും കാണാതെ കഴിക്കും. രാത്രി കത്തിക്കുന്നതിനു വെളിച്ചമില്ല; സ്വന്തം പുസ്തകങ്ങളില്ല. സ്വന്ത നഗരംവിട്ടു പുറത്തിറങ്ങുകയില്ല;

അടുത്ത വലിയ നഗരത്തിൽ പോകണമെങ്കിൽതന്നെ തീവണ്ടിക്കൂലിയായി ഒരു മാസത്തെ ശമ്പളം മുഴുവനും കൊടുക്കേണ്ടിവരും. മിക്കവരും വൃത്തിഹീനങ്ങളായിട്ടുള്ള സ്ഥലങ്ങളിലാണു താമസിക്കുന്നതു്. ഡാക്ടർമാൎക്കു കൊടുക്കുവാൻ പണമില്ലാത്തതുകൊണ്ടു മിക്കവരും രോഗനിവാരണത്തിന്നായി പ്രകൃതിശക്തിയെത്തന്നെ അവലംബിക്കുകയാണു പതിവു്. പണം സമ്പാദിക്കാവുന്ന വലിയ നഗരങ്ങളിൽ അദ്ധ്യാപകനെ വിജ്ഞാനം നൽകാത്ത തൊഴിലുകളിൽ ഏൎപ്പെടുന്നതിനു നിൎബ്ബന്ധിതനാക്കുന്നു. അതുകൊണ്ടു് അയാൾക്കു പ്രാപ്തിക്കുറവും അധഃപതനവും സംഭവിക്കുന്നു. അദ്ധ്യാപകൻ അധഃപതിച്ചാൽ വിദ്യാൎത്ഥികളും അധഃപതിക്കുന്നതാണല്ലോ.

നല്ല ശമ്പളം ലഭിക്കുന്നവർ നല്ല വേലക്കാരല്ല എന്നു തെററായ ഒരു ബോധം ജനങ്ങളുടെ ഇടയിലുണ്ടു്. ശരിയായിരിക്കാം. പക്ഷേ നല്ല ശമ്പളം ലഭിക്കാത്തവർ അങ്ങനെ ആകണമെന്നു് അൎത്ഥമില്ലല്ലോ. നല്ലപോലെ പ്രവൃത്തിയെടുക്കുന്നതിന്നു ശക്തിയുള്ള കാളകൾ വേണം. എന്നാൽ നല്ല ശക്തിയുള്ള കാളകളോടുകൂടിയവർ പലരും മടിയന്മാരായി കാണുന്നുണ്ടു്. അതുകൊണ്ടു ഒരുവന്റെ കാളകൾ അശക്തങ്ങളാക്കിവെയ്ക്കണമെന്നു പറയുമോ? ദാരിദ്ര്യത്തിന്റെയും ത്യാഗത്തിന്റെയും പ്രവാചകന്മാർ ഈ തരത്തിലുള്ള വാദങ്ങളാണു പുറപ്പെടുവിക്കുന്നതു്. ഇതിനെപ്പററിയുള്ള സൎവ്വജനീനമായ പ്രസംഗം കപടസന്യാസത്തിലേക്കും നീചത്വത്തിലേക്കും തള്ളിവിട്ടു എന്ന കാൎയ്യം ഇനിയെങ്കിലും നാം അറിയേണ്ടസമയം അതിക്രമിച്ചിരിക്കുന്നു. ചുരുക്കം ചിലരുള്ളിടത്തു് ഇതു് അത്ഭുതകൃത്യങ്ങൾ നടത്തിയിട്ടുണ്ടു്. പലരുമായപ്പോൾ പരാജയം സിദ്ധിച്ചു. ബുദ്ധന്റെ കാലത്തു് അതു പരാജയപ്പെട്ടു. മഹാഗാന്ധിയുടെ കാലത്തും അതു പരാജയപ്പെട്ടു. വൈരാഗികളുടേയും സാധുക്കളുടേയും കൂട്ടത്തിൽ പാപികളേയും ആധുനികത്യാഗികളുടെ കൂട്ടത്തിൽ ധനാഢ്യന്മാരേയും കാണുന്നു എന്നുള്ള തത്വമാണു ഞാൻ പറയുന്നതു്. ഒരു ദിവസത്തേക്കു ഒരു രൂപയോ അതിൽ കുറഞ്ഞോ പ്രതിഫലം കൊടുത്തു് ഒരു അദ്ധ്യാപകനെ നാം തിരഞ്ഞെടുക്കുകയാണെങ്കിൽ നാം ഒരു അദ്ധ്യാപകനെ തിരഞ്ഞെടുക്കുന്നോ, അതോ വായിൽ നാക്കും കീശയിൽ സൎട്ടിഫിക്കറ്റും ഉള്ള ഒരു മനുഷ്യനെ തിരഞ്ഞെടുക്കുന്നോ എന്നു ചിന്തിക്കണം. നാം ഈ വിഷയത്തെപ്പററി അല്പം ബുദ്ധിയോടുകൂടി ആലോചിച്ചു നോക്കണം. കുറഞ്ഞ തുകക്കു കരാറു കൊടുക്കുവാൻ ഒരു എഞ്ചിനിയർ മടിക്കും. അതിൽ എന്തോ വഞ്ചനയുണ്ടെന്നു് അയാൾ സംശയിക്കും. നാം ചന്തയിൽ പോയാൽ സാമാനം വില കുറഞ്ഞ പീടികയിൽനിന്നല്ല വാങ്ങുന്നതു്. നമ്മെ ചതിക്കുമെന്നു് നമുക്കു തോന്നുന്നു. തീരെ വില കുറഞ്ഞ സസ്യങ്ങൾ നാം വാങ്ങുന്നില്ല. അവ ചീത്തയായിരിക്കുമെന്നാണു നമ്മുടെ ധാരണ. അദ്ധ്യാപക

ന്റെ കാൎയ്യത്തിലും ഈ ശ്രദ്ധ കാണിക്കുന്നതു ബുദ്ധിപൂൎവ്വകമല്ലേ? അയാൾ ഒരു വഞ്ചകനാണെന്നും വാദ്ധ്യാരല്ലെന്നും വന്നു കൂടയോ?

ഇതിന്റെ എല്ലാം വാസ്തവം സമ്മതിക്കുന്നു എങ്കിൽ തന്നെ അദ്ധ്യാപകന്മാൎക്കു കൂടുതൽ ശമ്പളം നല്കുന്നതിനു പണമെവിടെ? അതിനുത്തരം 'ആവശ്യം സൃഷ്ടിയുടെ മാതാവു്' എന്നുമാത്രമാണു്. ബോംബേയിൽ നമുക്കു സ്ഥലമില്ലാതായപ്പോൾ കടൽ നികത്തുന്നതിനായി നാം കോടിക്കണക്കിനു പണം ഉണ്ടാക്കിയില്ലേ? സിൻഡിൽ കൂടുതലായി ഗോതമ്പും പഞ്ഞിയും കൃഷിചെയ്യേണ്ടതായി തോന്നിയപ്പോൾ എത്ര കോടി രൂപ നാം അനുവദിച്ചു? ഇൻഡ്യക്കു് ഉത്തമമായ വിദ്യാഭ്യാസത്തിന്റെ ആവശ്യം മനസ്സിലാകുമ്പോൾ പണത്തിനു വിഷമമുണ്ടാകുകയില്ല. അതുകൊണ്ടു് നമ്മുടെ ചോദ്യം പണമുണ്ടാകുമോ എന്നല്ല, നല്ല വിദ്യാഭ്യാസം വേണമോ എന്നുള്ളതാണു്. അപ്പോൾ ധനവാന്മാർ ദേവാലയങ്ങൾക്കുപകരം വിദ്യാലയങ്ങൾക്കു പണം നല്കും; തീൎത്ഥയാത്രക്കാർ വിഗ്രഹങ്ങളുടെ മുമ്പിൽ പണം ചൊരിയുന്നതിനുപകരം പള്ളിക്കൂടങ്ങളിലെ പെട്ടികളിൽ പണം ഇടും; മാതാപിതാക്കന്മാർ മോട്ടാർവണ്ടികൾക്കു പകരം കുട്ടികളുടെ വിദ്യാഭ്യാസത്തിനായി പണം ചിലവാക്കും; ഗവൎമ്മെന്റു് സൈന്യച്ചിലവു കുറക്കുന്നതിനും വിദ്യാലയച്ചിലവു കൂട്ടുന്നതിനും വൈമനസ്യം പ്രദൎശിപ്പിക്കുകയില്ല.

---

മലയാളം പള്ളിക്കൂടങ്ങളിലെ മലയാളാദ്ധ്യാപനത്തെപ്പററിയുള്ള

## ചില ചിന്തകൾ

(വി. രാമകൃഷ്ണപിള്ള എം. എ., എൽ. ടി)

അദ്ധ്യയനവിഷയങ്ങളിൽ മാതൃഭാഷയ്ക്കു സൎവ്വപ്രാധാന്യം കൊടുക്കണമെന്നു് എല്ലാവരും ഐകകണ്ഠ്യേന മുറവിളി കൂട്ടുന്ന ഒരു കാലമാണല്ലോ ഇതു്. ഈ അഭിപ്രായം പത്രങ്ങളിലും മാസികകളിലും മററും വെളിപ്പെടുന്നുണ്ടെന്നു മാത്രമല്ല പല പ്രസംഗമണ്ഡപങ്ങളിലും മാറെറാലിക്കൊള്ളുന്നുമുണ്ടു്. എന്നാൽ ഇതു് എത്രമാത്രം പ്രയോഗത്തിൽ കൊണ്ടുവന്നിട്ടുണ്ടെന്നാലോചിക്കുമ്പോൾ മാതൃഭാഷാഭിമാനിയായ ഒരുവനു തൃപ്തിപ്പെടാൻ വഴി കാണുന്നില്ല. കാളേജുകളിൽ ഇക്കൊല്ലം മുതൽ മാതൃഭാഷകൂടി നിൎബ്ബന്ധവിഷയമായി പഠിപ്പിച്ചുകൊള്ളണമെന്നൊരു നിയമം നടപ്പാക്കീട്ടുണ്ടു്. എന്നാൽ മററു വിഷയങ്ങളോടു താരതമ്യപ്പെടുത്തുമ്പോൾ അതിനുള്ള സ്ഥാനം എത്രയോ തുച്ഛമാണെന്നു് എളുപ്പത്തിൽ മനസ്സിലാക്കാൻ തദ്ധ്യാപകന്മാൎക്കു നല്കീട്ടുള്ള സ്ഥാനവും മാനവും ധാരാളം മതിയാകും. ഇംഗ്ലീഷ് ഹൈസ്ക്കൂളുകളിലേയും കഥ ഇതുതന്നെ. തിരുവിതാംകൂറിൽ മാതൃഭാഷയെ പ്രധാന വിഷയമായി പഠിപ്പിച്ചുപോരുന്ന

ഒരൊററ സ്ഥാപനം മലയാംപള്ളിക്കൂടം മാത്രമാണ്. അവിടത്തെ ഭാഷാദ്ധ്യാപനംതന്നെ മാതൃഭാഷയുടെ പരിജ്ഞാനത്തിന് എത്രമാത്രം പര്യാപ്തമാകുന്നു എന്നാണു നമുക്കിവിടെ ചിന്തിക്കാനുള്ളത്.

സാധാരണയായി ഏഴു കൊല്ലത്തെ അധ്യയനമാണല്ലോ മലയാംപള്ളിക്കൂടങ്ങളിൽ നടത്തിവരാറുള്ളത്. അപൂർവ്വം ചിലർ മാത്രമേ ഫയർ ക്ലാസ്സുകളിൽ പഠിക്കാറുള്ളു. മലയാളഭാഷാധ്യയനം മലയാളികൾക്കു പ്രയാസമേറിയ ഒരു പ്രവൃത്തിയല്ല. അവർ അവരുടെ വീടുകളിൽ ചെന്നാലും വെളിയിലിറങ്ങിയാലും അപൂർവ്വം ചില പരിഷ്കാരികളുടെ ഇടയിലല്ലാതെ മറെറവിടെപ്പോയാലും കേൾക്കുന്നഭാഷ മലയാളംതന്നെയാണ്. അതുകൊണ്ടു ഏഴു കൊല്ലത്തെ നിഷ്കൃഷ്ടമായ ഭാഷാഭ്യസനംകൊണ്ടു നിശ്ചയമായിട്ടും അവർ സാമാന്യം നല്ല ഭാഷ പറയുന്നതിനും എഴുതുന്നതിനും ശീലിച്ചിരിക്കുമെന്നു വേണമൂഹിക്കാൻ. എന്നാൽ ഈ ഊഹം അടിസ്ഥാനരഹിതമാണെന്നു ഏഴാം ക്ലാസ്സു ജയിച്ചു സട്ടിഫിക്കററു വാങ്ങീട്ടുള്ള ചില ചെറുപ്പക്കാരുടെ സംഭാഷണം സ്വല്പനേരം ശ്രദ്ധിച്ചു കേൾക്കുകയോ അവരുടെ ലേഖനം കുറച്ചൊന്നു വായിക്കുകയോ ചെയ്താൽ മനസ്സിലാകുന്നതാണ്.

എനിക്കു മലയാംപള്ളിക്കൂടവുമായിട്ട് എട്ടൊമ്പതു കൊല്ലത്തെ പരിചയമുണ്ടു. ആ കാലങ്ങളിലെല്ലാം ഏഴാം ക്ലാസ്സു ജയിച്ചിട്ടുള്ളവരോടാണ് അധികം പരിചയത്തിനിടയായിട്ടുള്ളത്. എന്നു മാത്രമല്ല മലയാളമാണ് എനിക്കു പഠിപ്പിക്കേണ്ടിവന്നിട്ടുള്ളതും. എൻെറ വിദ്യാർത്ഥികൾ വരുത്താറുള്ള ഭീമങ്ങളായ തെററുകൾ എന്നെ പലപ്പോഴും സന്തപിപ്പിച്ചിട്ടുമുണ്ടു. ഈ തെററുകൾ അടിസ്ഥാനമുറയ്ക്കാഞ്ഞിട്ടു വന്നതാണെന്നു ഞാൻ പറഞ്ഞാൽ മററു പല അധ്യാപകന്മാരുടേയും അഭിപ്രായങ്ങളെ പകർത്തുക എന്നല്ലാതെ ഒരു നവീനതവുമില്ലെന്നെനിക്കറിയാം. ഫയർ ക്ലാസധ്യാപകന്മാർ മിഡിൽസ്കൂൾ ക്ലാസധ്യാപകന്മാരുടേയും മിഡിൽസ്കൂൾ ക്ലാസധ്യാപകന്മാർ പ്രൈമറി സ്കൂൾ അധ്യാപകന്മാരേയും എന്നുവേണ്ട ഒമ്പതാം ക്ലാസധ്യാപകന്മാർ എട്ടാം ക്ലാസധ്യപകന്മാരേയും (ഇതു സാധാരണമല്ല; എന്തുകൊണ്ടെന്നാൽ മിക്കവാറും ഒമ്പതാം ക്ലാസിൽ പഠിപ്പിക്കുന്ന അധ്യാപകന്മാർതന്നെയാണു എട്ടാം ക്ലാസിലും പഠിപ്പിക്കാറുള്ളത്) എട്ടാം ക്ലാസധ്യാപകന്മാർ ഏഴാം ക്ലാസധ്യാപകന്മാരേയും ഏഴാം ക്ലാസധ്യാപകന്മാർ ആറാം ക്ലാസധ്യാപകന്മാരേയും ഇപ്രകാരം മുറയ്ക്ക് ഒന്നാം ക്ലാസധ്യാപകന്മാർവരെ കുററപ്പെടുത്തുന്നതു സാധാരണമാണ്. ഒന്നാം ക്ലാസധ്യാപകനു കുററപ്പെടുത്താനധ്യാപകന്മാരാരുമില്ലാത്തതുകൊണ്ടു അദ്ദേഹം രക്ഷാകർത്താക്കന്മാരേയും ഗൃഹപരിശീലനത്തേയും അപവദിക്കുന്നു.

ഇപ്രകാരമുള്ള കുററപ്പെടുത്തൽകൊണ്ടു യാതൊരു പ്രയോജനവുമു

ണ്ടാകുമെന്നു തോന്നുന്നില്ല. ഓരോ ക്ലാസിലും പഠിപ്പിക്കുന്ന അദ്ധ്യാപകന്മാർ അവരുടെ ജോലി മനസ്സാക്ഷിക്കനുസരണമായ വിധത്തിൽ നിർവ്വഹിച്ചാൽ ഈ ദോഷം പരിഹരിക്കാൻ കഴിയുമെന്നല്ലാതെ ഇതിന്റെ ദൂരീകരണത്തിന് മറെറാരു മാർഗ്ഗവുമില്ല. ഇപ്പോഴത്തെ പരിഷ്കാരികളുടെ ഇടയിൽ ആധുനികവിദ്യാഭ്യാസസമ്പ്രദായം സർവ്വഥാ സാഹിത്യപരമായിപ്പോയി എന്നും അതുകൊണ്ടാണു ദാരിദ്ര്യം വർദ്ധിച്ചിരിക്കുന്നതെന്നുമുള്ള അഭിപ്രായം രൂഢമൂലമായിരിക്കുന്നതുകൊണ്ടു നിഷ്കൃഷ്ടമായ ഭാഷാപഠനം അവരുടെ അപലപനത്തിനു വിഷയമായേക്കുമെന്നു വിചാരിച്ചിട്ടാണോ ഭാഷാപഠനപാഠരീതികളിൽ ദൈനന്ദിനപ്രഭേദങ്ങൾ വന്നുകൊണ്ടിരിക്കുന്നതെന്നറിഞ്ഞുകൂടാ. ഭാഷാ ആശയഗ്രഹണത്തിനുള്ള ഒരുപകരണം മാത്രമായതുകൊണ്ടു് ആശയവിനിമയത്തിനാവശ്യമായ ഭാഷാജ്ഞാനം മാത്രം വിദ്യാർത്ഥികൾ സമ്പാദിച്ചാൽ മതിയെന്നാണ് അവരുടെ മതമെന്നു തോന്നുന്നു. എന്നാൽ ആശയങ്ങളുടെ സമഗ്രമായ ജ്ഞാനവും സമഷ്ടിയായ പ്രതിപാദനവും ദൃഢമായ ഭാഷാപരിചയംകൊണ്ടുമാത്രമേ സുകരമാകുന്നുള്ളു എന്നു നാം അറിഞ്ഞിരിക്കേണ്ടതു് ആവശ്യമാണ്. രണ്ടുവയസ്സുപ്രായമുള്ള ഒരുകുട്ടി "ആളഅണ്ടി" "ഉയിരഅണ്ടി" "ഐക്കിൾ" എന്നുംമററും പറയുമ്പോൾ നാം കാളവണ്ടി, കുതിരവണ്ടി, സൈക്കിൾ എന്നുംമററും മനസ്സിലാക്കാറുണ്ട്. എന്നാലതുകൊണ്ടു മാത്രം നാം തൃപ്തിപ്പെടുന്നില്ലാ. കാളവണ്ടി, കുതിരവണ്ടി, സൈക്കിൾ എന്നു പലവാശ്യവും പറഞ്ഞുകൊടുത്തു് നാം പറയുന്നതുപോലെതന്നെ പറയുന്നതിനുള്ള ശക്തി ആ കുട്ടിയിൽ അങ്കുരിപ്പിക്കുന്നതിനു ശ്രമിക്കുന്നു. ആശയം സ്പഷ്ടമായാൽ മാത്രം മതിയെന്നാണു നമ്മുടെ വിചാരമെങ്കിൽ നാം തദർത്ഥം ചെയ്യുന്ന ശ്രമം നിഷ്പ്രയോജനമാകുന്നു. ഇപ്പോഴത്തെ ഭാഷാദ്ധ്യാപനരീതി മിക്കവാറും ആശയാവിഷ്കരണംകൊണ്ടുമാത്രം തൃപ്തിപ്പെടുന്നു. നൂതനപദങ്ങളെ സംഭാഷണത്തിൽ സംഘടിപ്പിക്കണമെന്നും വിദ്യാർത്ഥികൾക്കു പരിചിതമായ പദസഞ്ചയത്തിൽ ആ പദങ്ങളും പാഠാവസാനത്തിൽ അന്തർഭവിച്ചിരിക്കണമെന്നും മററുമുള്ള നിശ്ചയങ്ങൾ പലപ്പോഴും അനാദൃതങ്ങളായിട്ടാണു കാണപ്പെടുന്നതു്. അതുകൊണ്ടു പദങ്ങളോട് വിദ്യാർത്ഥികൾക്കു ദൃഢപരിചയം സിദ്ധിക്കുന്നില്ല. നാലാംപാഠപുസ്തകത്തിലെ മൂന്നാംപാഠം കുട്ടികളെ പഠിപ്പിക്കുന്നു എന്നു വിചാരിക്കുക. മൂന്നാംപാഠത്തിലടങ്ങിട്ടുള്ള ആശയങ്ങൾ തങ്ങൾക്കു സ്വാധീനമായ മറെറാരു ഭാഷയിലവർക്കു പരിചിതങ്ങളാകുന്നു. അതിലെ നൂതനപദങ്ങൾ അപരിചിതങ്ങളായിത്തന്നെ ഇരിക്കുന്നു. ഒരു പക്ഷേ പരിചിതങ്ങളാക്കിക്കൊടുത്താലും അവർക്കു ലബ്ധമാകുന്ന പദപരിചയം വളരെ തുച്ഛമായിരിക്കും. നൂതനപദങ്ങളുടെ പ്രയോഗങ്ങൾ മററുരൂപങ്ങൾ, പര്യായങ്ങൾ മുതലായവ വിദ്യാർത്ഥികൾക്കു പറഞ്ഞുകൊടുക്കുന്നതു വളരെ പ്രയോജനപ്രദമായിരിക്കുമെന്നാണ് എന്റെ അഭിപ്രാ

യം. ഒരേ അൎത്ഥത്തിലുള്ള പദങ്ങൾ ഇല്ലെന്നും പൎയ്യായങ്ങൾ എന്നു പറയുന്നവതന്നെ ഈഷദ്വ്യത്യസ്താൎത്ഥങ്ങളാണെന്നും ചിലർ വാദിക്കാറുണ്ടു്. അവരുടെ അഭിപ്രായം ശാസ്ത്രവിചാരത്തിൽമാത്രമേ സ്വല്പമെങ്കിലും സാൎത്ഥമായിരിക്കുന്നുള്ളു. മററുസ്ഥലങ്ങളിൽ പൎയ്യായപദങ്ങളെ ഒരേഅൎത്ഥമുള്ളവയായിട്ടുതന്നെയാണു ഗണിച്ചുപോരുന്നതു്. അതുകൊണ്ടു വിദ്യാൎത്ഥികളുടെ പദസമൂഹപ്രപഞ്ചനം ഭാഷാദ്ധ്യാപനത്തിൽ വളരെ ശ്രദ്ധേയമാണെന്നു നിസ്സംശയം പറയാം.

മലയാളംപള്ളിക്കൂടങ്ങളിലെ വിദ്യാൎത്ഥികൾ ഭാഷാവിഷയത്തിൽ ഇത്ര മോശമായിരിക്കുന്നതിനുള്ള മറെറാരു കാരണം രചനാഭ്യാസനത്തിലുള്ള ന്യൂനതയാണു്. ഈ ന്യൂനതയ്ക്കുള്ള പ്രധാനകാരണങ്ങൾ ഔദാസീന്യവും ദാരിദ്ര്യവുമാണു്. ഇവ ഓരോന്നും വിദ്യാൎത്ഥിഗതമെന്നും അദ്ധ്യാപകഗതമെന്നും രണ്ടായി വിഭജിക്കപ്പെടാം. വിദ്യാൎത്ഥിഗതമായ ഔദാസീന്യം അദ്ധ്യാപകനാൽ പരിഹൎത്തവ്യമാണു്. വിഷയം രസകരവും ലഘുഃവഹ്യവുമാക്കിയാൽ വിദ്യാൎത്ഥികളുടെ ഔദാസീന്യം ദൂരീകരിക്കാവുന്നതാണു്. അതിനു് അപൂൎവ്വം ചില അദ്ധ്യാപകന്മാർ മാത്രമേ ശ്രമിച്ചുകാണുന്നുള്ളൂ. എന്തെങ്കിലും ഒരു വിഷയം പറഞ്ഞു വിദ്യാൎത്ഥികളെന്തെങ്കിലുമെഴുതുന്നതിനനുവദിച്ചുകൊണ്ടു് രചനാപീര്യേഡുകളെ മിക്ക അദ്ധ്യാപകന്മാരും വിശ്രമാവസരങ്ങളായിട്ടാണു കഴിച്ചുപോരുന്നതു്. വിദ്യാൎത്ഥികളെഴുതുന്നതെന്തെന്നുനോക്കി അതിലെ തെററു തിരുത്തിക്കൊടുക്കുന്നതിനു ശ്രമിക്കുന്ന അദ്ധ്യാപകന്മാർ വളരെയുണ്ടെന്നു തോന്നുന്നില്ല. വിദ്യാൎത്ഥികളുടെ സംഖ്യയും ദാരിദ്ര്യവും അപ്രകാരം ചെയ്യണമെന്നാശിക്കുന്ന അദ്ധ്യാപകനെത്തന്നെ നിരാശപ്പെടുത്തുന്നു. ഒരു ക്ലാസിൽ അമ്പതു വിദ്യാൎത്ഥികളെ പഠിപ്പിച്ചുകൊള്ളണമെന്നാണു് ഇപ്പോഴത്തെ നിയമം. അമ്പതു കുട്ടികളുടെ നോട്ടുബുക്കുകൾ ശ്രദ്ധിച്ചുനോക്കി തെററു തിരുത്തി ഓരോ കുട്ടിക്കും ഇന്നതെററാണു വന്നിട്ടുള്ളതെന്നു ചൂണ്ടിക്കാണിക്കുന്നതു വളരെ രസപ്രദമായ ഒരു ജോലിയല്ല. നോട്ടുബുക്കുകളുടെ നിലയും ശ്രദ്ധാൎഹമായിട്ടുള്ളതാണു്. ഓരോ വിഷയത്തിനും ഓരോ നോട്ടുബുക്കു കൊണ്ടുവരുന്നതിനും അതു വൃത്തിയായി സൂക്ഷിക്കുന്നതിനും എത്രതന്നെ പറഞ്ഞാലും വിദ്യാൎത്ഥികൾ വഴിപ്പെടാറില്ല. കടലാസു ലാഭിക്കുന്നതിനും കടലാസിനുവേണ്ടിവരുന്ന ചെലവു കുറയ്ക്കുന്നതിനും വിദ്യാൎത്ഥികൾ ചെയ്യുന്ന ശ്രമം വളരെ ദയനീയമായിരിക്കുന്നു. ഇതാണു വിദ്യാൎത്ഥിഗതമായ ദാരിദ്ര്യമെന്നു ഞാൻ പറഞ്ഞതു്. ഒരു നോട്ടുബുക്കു വാങ്ങിക്കൊടുത്താൽ അതു തീരുന്നതുവരെ മറെറാന്നു വാങ്ങിക്കൊടുക്കാൻ മടിക്കുന്ന രക്ഷാകൎത്താക്കന്മാരുടെ മനഃസ്ഥിതിയും അദ്ധ്യാപകൻെറ വൈഷമ്യങ്ങളെ ശതഗുണീഭവിപ്പിക്കുന്നു. പീറക്കടലാസിൽ പീറപ്പെൻസിൽകൊണ്ടു പല സംഗതികൾക്കുമിടയ്ക്കു് അബദ്ധമയമായി വിദ്യാൎത്ഥികൾ "വായിൽതോന്നിയതു കോതയ്ക്കു പാട്ടെ"ന്ന നില

യിൽ എഴുതിവയ്ക്കുന്ന രചന ശോധിച്ചുനോക്കുന്നതിന് അദ്ധ്യാപകന്റെ ഔദാസീന്യം അയാളെ അനുവദിക്കാറില്ല. വിശ്രമവേളയിൽ അവ നോക്കിക്കളയാമെന്നു കരുതി ബുക്കുകൾ വാങ്ങിക്കുന്ന അദ്ധ്യാപകൻ അവ സൂക്ഷിക്കേണ്ടതെവിടെ എന്നു നോക്കുമ്പോൾ ആകാശവും ഭൂമിയും മാത്രമാണു കാണുന്നതു്. അയാൾക്കു കിട്ടുന്ന 3¼ കാലുള്ള സ്റ്റൂളിലൊ 1½ കാലുള്ള ചെറുബെഞ്ചിലോ വീഴാതെ ഇരിക്കുന്നതിനു പ്രത്യേകപരിശീലനം അതുവരെ സിദ്ധിച്ചിട്ടില്ലാത്തതുകൊണ്ടു് അതിനുതന്നെ പ്രത്യേകമഭ്യസിക്കേണ്ടിയിരിക്കുന്നു. അതിൽ വല്ലവിധമിരുന്നു പഠിപ്പിച്ചശേഷം ബുക്കുകൾ വാങ്ങി മടിയിലോ മറ്റൊ വച്ചിട്ടു നോക്കാമെന്നു വിചാരിച്ചാൽ അതിനുള്ള സമയവുമയാൾക്കില്ല. വീട്ടിൽ കൊണ്ടുപോയി നോക്കുന്നതിനേ പിന്നീടു നിവൃത്തിയുള്ളു. വീട്ടിൽചെന്നാൽ ജീവിതം കഴിച്ചുകൂട്ടുന്നതിനു പണം സമ്പാദിക്കാൻ മറ്റു തൊഴിൽ വല്ലതും ചെയ്യാൻ ശ്രമിച്ചില്ലെങ്കിൽ താനും സന്താനങ്ങളും പട്ടിണികിടന്നു ചത്തുപോകും. ഇപ്രകാരമുള്ള അദ്ധ്യാപകന്മാർ ഈ വിഷയം പാടേ ഉപേക്ഷിക്കുന്നതു നിയമദൃഷ്ട്യാ സാധുവല്ലെങ്കിലും മനുഷ്യദൃഷ്ട്യാ അസാധുവായിരിക്കാൻ തരമില്ല. ഇപ്രകാരം അദ്ധ്യാപകാദ്ധ്യേതൃഗതമായ ഔദാസീന്യദാരിദ്ര്യങ്ങൾ ഏകോപിച്ചു് മലയാളം പള്ളിക്കൂടത്തിലെ ഭാഷാദ്ധ്യാപനത്തിൽ അതിപ്രധാനമായ രചനാവിഷയത്തെ തിരസ്കരിക്കുന്നതു് ഏറ്റവും സങ്കടകരമാകുന്നു.

മലയാളംപള്ളിക്കൂടങ്ങളിലെ വിദ്യാർത്ഥികൾ മലയാളഭാഷാജ്ഞാനവിഷയത്തിൽ ഇത്ര നീചമായ നിലയിലിരിക്കുന്നതിനുള്ള മറ്റൊരു കാരണം സംസ്കൃതഭാഷയെ പാടെ നിരാകരിച്ചതാണ്. പണ്ടു നാലാംക്ലാസിലും ആറാം ക്ലാസ്സിലും മററും പഠിച്ചിരുന്ന വിദ്യാർത്ഥികൾക്ക് ഇപ്പോൾ ഹയർക്ലാസുകളിൽ പഠിക്കുന്ന വിദ്യാർത്ഥികളെക്കാൾ കൂടുതൽ ഭാഷാജ്ഞാനമുണ്ടായിരുന്നു എന്ന് പലരും പറഞ്ഞുകേട്ടിട്ടുണ്ടു്. അതിനുള്ള പ്രധാനകാരണം അവർ ആശാന്മാരുടെ അടുക്കൽതന്നെ സിദ്ധരൂപം അമരകോശം എന്നീ രണ്ടു ഗ്രന്ഥങ്ങളെങ്കിലും പഠിച്ചിരുന്നു എന്നുള്ളതാണ്. അതുകൂടാതെ പള്ളിക്കൂടങ്ങളിലും ഇവ പഠിപ്പിച്ചിരുന്നു. അതുകൊണ്ടു് അവക്ക് എളുപ്പത്തിൽ ഭാഷാജ്ഞാനമുണ്ടായി. പള്ളിക്കൂടങ്ങളിലും കാളേജുകളിലും സംസ്കൃതംമാത്രം പഠിച്ചിട്ടുള്ള പല വിദേശികൾപോലും ഇപ്പോൾ പല മലയാളംപള്ളിക്കൂടങ്ങളിലും മലയാളപണ്ഡിതന്മാരായിരിക്കുന്നതുകൊണ്ടുതന്നെ മലയാളഭാഷാപഠനത്തിൽ സംസ്കൃതഭാഷാജ്ഞാനമെത്രമാത്രമുപകരിക്കുമെന്നു വെളിപ്പെടുന്നുണ്ടു്. വിദേശികൾക്ക് മലയാളഭാഷാശൈലി അപരിചിതമായതുകൊണ്ടു് ആദ്യകാലത്തു് അവർ കുറെ ബുദ്ധിമുട്ടാറുണ്ടെന്നുള്ളതു വാസ്തവമാണെങ്കിലും സ്വല്പകാലത്തിനുള്ളിൽ അവരും മലയാളഭാഷയെ സ്വാധീനമാക്കുന്നു. സംസ്കൃതം പഠിച്ചിട്ടുള്ള മലയാളികൾക്കു മലയാളഭാഷ നിഷ്പ്രയാസം സ്വാധീനപ്പെടുന്നു. മലയാളഭാഷാ

പണ്ഡിതനെന്ന പ്രസിദ്ധിനേടീട്ടുള്ളു. ആരെങ്കിലും സംസ്കൃതഭാഷാപരിചയശൂന്യനായിരുന്നിട്ടുണ്ടോ എന്നു ഞാൻ ബലമായി സംശയിക്കുന്നു. മലയാളഭാഷയ്ക്കു് പ്രൌഢിയും കാഠിന്യവും വരുത്തുന്നതുതന്നെ സംസ്കൃതപദപ്രയോഗപ്രാചുര്യംകൊണ്ടാണു്. സംസ്കൃതഭാഷയോടു് ഇപ്രകാരം മലയാളത്തിന്നു് അഭേദ്യമായ ഒരു ബന്ധം വന്നു ചേർന്നിട്ടുണ്ടു്. "പുരാകവീനാം ഗണനാപ്രസംഗേ കനിഷ്ഠികാധിഷ്ഠിതകാളിദാസാ— അദ്യാപി തത്തുല്യകവേരഭാവാദനാമികാസാൎത്ഥകനാമധേയാ" ഈ ശ്ലോകം ആറാം ക്ലാസിൽ പഠിപ്പിക്കാനുള്ളതാണു്. സംസ്കൃതപദങ്ങളോടും; സമാസങ്ങളോടും യാതൊരു പരിചയവുമില്ലാത്ത വിദ്യാൎത്ഥികളെ "അധിഷ്ഠിതകാളിദാസാ" എന്ന സമസ്തപദത്തിന്റെ അൎത്ഥം മനസ്സിലാക്കുന്നതു് എത്ര പ്രയാസമേറിയ ജോലിയാണെന്നു ശ്രമിച്ചുനോക്കീട്ടുള്ളവൎക്കേ അറിയാവൂ. ഇതു് ഉദാഹരണമാണെന്നു വിചാരിച്ചു തള്ളിക്കളയാം. "കാശിതൻ പുണ്യവീഥികണ്ണുശഷ്കുലികളെ പ്രാശിതപീയൂഷങ്ങളാക്കുവാൻ ശ്രമിക്കുന്നു." ഇതു് ഏഴാംക്ലാസ്സു് ടെക്സ്റ്ററിലെ ഒരു ഭാഗമാണു്. ഇവിടെ "കണ്ണുശഷ്കുലി, പ്രാശിതപീയൂഷം" എന്നീ പദങ്ങളുടെ ബന്ധവും "പ്രാശിതപീയൂഷം" എന്ന സമസ്തപദത്തിന്റെ സ്വഭാവവും വിദ്യാൎത്ഥികൾ കേവലമായ മലയാളഭാഷാജ്ഞാനംകൊണ്ടു് എങ്ങിനെ ഗ്രഹിക്കും? അധുനാതനകവികോകിലങ്ങൾതന്നെ— മലയാളപക്ഷപാതമില്ലാഞ്ഞിട്ടല്ല— ഇപ്രകാരമാണു പാടുന്നതു്. സംസ്കൃതപ്രഭാവകാലത്തെ മലയാളസാഹിത്യത്തിന്റെ കഥ പിന്നെ പറയാനില്ലല്ലോ. ഇപ്പോഴത്തെ മലയാളസാഹിത്യമെന്നു മാത്രമല്ല, സംസ്കൃതപ്രഭാവഘട്ടത്തിലെ മലയാളസാഹിത്യവും സംസ്കൃതഭാഷാനഭിജ്ഞന്മാൎക്കു സുഗ്രഹമല്ലെന്നും അതുകൊണ്ടുതന്നെ സംസ്കൃതഭാഷാഭ്യസനം ഭാഷാപണ്ഡിതന്നു് അത്യാവശ്യമാണെന്നും പറയുന്നപക്ഷം ദ്രാവിഡപ്രഭാവകാലത്തെ സാഹിത്യം പഠിക്കുന്നതിന്നു് മററു ദ്രാവിഡഭാഷകളും പഠിക്കേണ്ടതാവശ്യമില്ലേ എന്നൊരു ചോദ്യം ഈ ഘട്ടത്തിലുണ്ടായേക്കാം. മലയാളത്തിലുറച്ച പാണ്ഡിത്യം സിദ്ധിക്കുന്നതിന്നു് അന്യദ്രാവിഡഭാഷാജ്ഞാനവുമാവശ്യമാണെന്നുള്ളതു് തൎക്കമററ സംഗതിയാകുന്നു. എന്നാൽ സംസ്കൃതത്തെപ്പോലെ മറെറാരു ഭാഷയും മലയാളഭാഷയെപോഷിപ്പിച്ചിട്ടില്ലാത്തതുകൊണ്ടു് സംസ്കൃതജ്ഞാനമാണു് അവശ്യം സമ്പാദിക്കേണ്ടതു്.

സാമാന്യമായ സംസ്കൃതഭാഷാജ്ഞാനം ഇപ്പോൾ മലയാളംപള്ളിക്കൂടങ്ങളിൽ പഠിപ്പിച്ചുവരുന്ന വിഷയങ്ങൾ യാതൊന്നുമുപേക്ഷിക്കാതെതന്നെ വിദ്യാൎത്ഥികൾക്കുണ്ടാക്കിക്കൊടുക്കുന്നതു വിഷമമല്ല. മൂന്നും നാലും ഈ ക്ലാസുകളിൽ ആഴ്ചയിൽ ഒരു പീറേറിയഡുവീതം പഠിപ്പിക്കുന്നതായാൽ കുട്ടികൾക്കു് രണ്ടു കൊല്ലംകൊണ്ടു തൃപ്തികരമായ വ്യുല്പത്തി ഉണ്ടാകുന്നതാണു്. ആ ചെറുപ്രായത്തിൽ ഉരുവിടുന്നതിന്നു് അവൎക്കു ലവലേശം മ

ടിയുണ്ടാകുകയില്ല. സുബോധമായ ഭാഷാജ്ഞാനത്തിന് പലഭാഗങ്ങളും ഉതവിടുന്നതാവശ്യമാണ്. അഞ്ച്, ആറ് ഈ ക്ലാസുകളിൽ അമരകോശം മുഴുവൻ പഠിപ്പിച്ചുതീർക്കാം. ഏഴാംക്ലാസിൽ ഒരു ലഘുകാവ്യം പഠിപ്പിക്കുന്നതും അസാദ്ധ്യമല്ല. ഏഴാംക്ലാസുവരെ സംസ്കൃതം നിർബ്ബന്ധവിഷയമായിട്ടുതന്നെ പഠിപ്പിക്കണം. അതിനു മിക്ക വി. എം. സ്കൂളുകളിലും ഓരോ സംസ്കൃതമുൻഷിമാർ ഇപ്പോൾതന്നെ ഉണ്ട്.

ഇപ്രകാരം ഏഴാംക്ലാസുവരെ സംസ്കൃതം നിർബ്ബന്ധവിഷയമായിട്ടു പഠിപ്പിച്ചല്ലാതെ മലയാളമെഴുതുന്നതിൽത്തന്നെ വിദ്യാർത്ഥികൾ വരുത്താറുള്ള അക്ഷരവീഴ്ച പരിഹരിക്കാൻ സാധിക്കുന്നതല്ല. മലയാളത്തിനു വച്ചിട്ടുള്ള ഒന്നോ രണ്ടോ പീര്യേഡ് സംസ്കൃതം പഠിപ്പിക്കുന്നതിനുപയോഗിച്ചാൽ അതു് ഒരു ദോഷമായിട്ടു കലാശിക്കുകയില്ലെന്നു മാത്രമല്ല പ്രത്യുത വലിയൊരു ഗുണമായിത്തീരുകയും ചെയ്യും.

---

# പുസ്തകാഭിപ്രായം

## ആധുനികവിദ്യാഭ്യാസതത്വങ്ങളും രീതികളും.

ഗ്രന്ഥകർത്താക്കന്മാർ: മ. രാ. രാ. ഐപ്പു മത്തായി അവർകൾ ബി. എ. എൽ. ടി.
ടി കെ. എം. ജോസഫ് അവർകൾ ബി. എ., എൽ. ടി.

അദ്ധ്യാപകന്മാരുടേയും അദ്ധ്യാപകപരീക്ഷക്കു പോകുന്നവരുടേയും ആവശ്യത്തെ പുരസ്കരിച്ചു ശ്രീമാന്മാരായ ഐപ്പ് മത്തായി (ബി. എ. എൽ. ടി) അവർകളും കെ. എം. ജോസഫ് (ബി. എ. എൽ. ടി) അവർകളുംകൂടി ഇംഗ്ലീഷിലുള്ള അനവധി ഗ്രന്ഥങ്ങളെ പരിശോധിച്ചെഴുതീട്ടുള്ളതാകുന്നു ഞങ്ങളുടെ മുമ്പിലിരിക്കുന്ന 'ആധുനികവിദ്യാഭ്യാസതത്വങ്ങളും രീതികളും' എന്ന വലിയ പുസ്തകം. ഇതിൽ സാമാന്യവിദ്യാഭ്യാസതത്വങ്ങളും രീതികളും, പാഠശാലാവ്യവസ്ഥിതിയും സ്ക്കൂൾറിക്കാർഡുകളും, ഡിപ്പാർട്ടുമെണ്ടുസംബന്ധിച്ച നിയമങ്ങളും, സ്ക്കൂൾവിനയനം, ഭാഷാബോധനം, കണക്കുബോധനം, ചരിത്രബോധനം, ഭൂമിശാസ്ത്രബോധനം, പ്രകൃതിപാഠബോധനം, കരപരിശീലനം, ആരോഗ്യരക്ഷാശ്ശാസ്ത്രവും സന്മാർഗ്ഗപരിശീലനവും എന്നീപതിനൊന്നുവിഷയങ്ങളെപ്പററി പ്രതിപാദിച്ചിട്ടുള്ളതിനാൽ അദ്ധ്യാപകന്മാർ ധരിച്ചിരിക്കേണ്ട മിക്കസംഗതികളേയും ഇതിൽ ഉൾപ്പെടുത്തീട്ടുണ്ടെന്നുള്ളതു സ്പഷ്ടമാണല്ലോ. ഇങ്ങിനെയുള്ള ഒരു പുസ്തകം നിർമ്മിക്കുന്നതു് എത്ര ശ്രമസാദ്ധ്യമായിട്ടുള്ളതാണെന്നു് ഈ വിഷയത്തിൽ പരിചയിച്ചവർക്കു മാത്രമേ അറിവാൻ തരമുള്ളു. വിദ്യാഭ്യാസതത്വങ്ങളേയും രീതികളെയും വിവരിക്കുന്ന ഗ്രന്ഥങ്ങൾ മലയാളത്തിൽ ദുർല്ലഭമാകയാൽ പ്രസ്തുതപുസ്തകത്തിന്റെ ആവിർഭാവം കാലോചിതവും ഗ്രന്ഥകർത്താക്കന്മാർ അഭിനന്ദനാർഹരും ആണെന്നു പറയാതെ തരമില്ല.

എങ്കിലും ഈ പുസ്തകത്തിൽ ന്യൂനതകളൊന്നുമില്ലെന്നു പറവാൻ ഞങ്ങൾ ഒരുക്കമില്ല. ഇതിൽ ഗ്രന്ഥകർത്താക്കന്മാർ ഇംഗ്ലീഷിൽ വിദ്യാഭ്യാസവിദഗ്ദ്ധന്മാരാ

യ പല മഹാന്മാർ എഴുതിട്ടുള്ള ഗ്രന്ഥങ്ങളിൽനിന്ന് അനേകഭാഗങ്ങൾ പരിഭാഷപ്പെടുത്തി ചേൎക്കുകയല്ലാതെ അവരുടെ അഭിപ്രായങ്ങളേയും രീതികളേയും വഴിപോലെ ഗുണദോഷവിചിന്തനം ചെയ്തു സ്വാനുഭവങ്ങളോടു താരതമ്യപ്പെടുത്തി എത്രത്തോളം സ്വീകാൎയ്യമാണെന്നു തീരുമാനപ്പെടുത്തുവാൻ ശ്രമിക്കാത്തതു വലിയ ഒരു ന്യൂനതയായി വിചാരിക്കേണ്ടിയിരിക്കുന്നു. രണ്ടാമതു 772 ഭാഗങ്ങളുള്ള ഈ വമ്പിച്ച പുസ്തകത്തിൽ അനേകസംഗതികൾ ഒതുക്കീട്ടുണ്ടെങ്കിലും ചില ദിക്കുകളിൽ വിസ്താരം പോരായ്കകൊണ്ടും മറ്റുചില ദിക്കുകളിൽ അനാവശ്യമായി വിസ്തരിക്കകൊണ്ടും വായനക്കാൎക്കു പുസ്തകപാരായണംകൊണ്ടുണ്ടാകുന്ന ശ്രമത്തിന്നു തക്കവണ്ണം ഫലം സിദ്ധിക്കുന്നുണ്ടോ എന്നു സംശയമാണ്. ഒന്നാമദ്ധ്യായത്തിൽ വിദ്യാഭ്യാസചരിത്രത്തെപ്പറ്റി പറയുന്നകൂട്ടത്തിൽ പ്രാചീനഇൻഡ്യയിലെ വിദ്യാഭ്യാസത്തെപ്പറ്റിയുള്ള ചുരുങ്ങിയ വിവരണത്തിൽനിന്ന് അതിന്റെ ശരിയായ സ്വഭാവം വായനക്കാൎക്കു ജനിക്കാൻ പ്രയാസമാകുന്നു. ഇതു ശ്ലോകത്തിൽ കഴിച്ചുകൂട്ടത്തക്കവണ്ണം അത്ര പ്രധാനമായ ഒരു വിഷയമല്ല. വിദ്യാഭ്യാസരീതിയെ പരിഷ്കരിക്കാൻ ചെയ്യുന്ന ശ്രമങ്ങൾ മിക്കവാറും വിഫലമായിത്തീരുവാനുള്ള പ്രധാനകാരണം പ്രാചീനവിദ്യാഭ്യാസസമ്പ്രദായത്തെ സംബന്ധിച്ചുള്ള ശരിയായ ജ്ഞാനത്തിന്റെ അഭാവമാകുന്നു. ഡാൾട്ടൻ രീതി, പ്രോജക്ട് രീതി, ഗവേഷണരീതി, പ്രവൎത്തനരീതി, പ്രശ്നോത്തരരീതി എന്നിവയെല്ലാം ഈ സമ്പ്രദായത്തിൽ ഏറെക്കുറെ അന്തൎഭവിച്ചിട്ടുണ്ട്. ആരോഗ്യരക്ഷാനിയമങ്ങളേയോ സദാചാരസംരക്ഷണത്തേയോ സംബന്ധിച്ച് അക്കാലത്തു പ്രത്യേകം ഗ്രന്ഥങ്ങൾ നിൎമ്മിച്ചു വിദ്യാൎത്ഥികളെ പഠിപ്പിക്കയും പരീക്ഷിക്കയും ചെയ്തുവന്നിരുന്നില്ലെങ്കിലും പ്രാചീനവിദ്യാൎത്ഥികൾ അരോഗദൃഢഗാത്രന്മാരും സദാചാരതല്പരന്മാരും ആയിരുന്നു എന്നുള്ളതിലേക്കു പല ലക്ഷ്യങ്ങളും ഉണ്ട്. എന്നുതന്നെയല്ല പ്രാചീനന്മാർ ബ്രഹ്മചാരികളായിരുന്നകാലത്ത് അനുഷ്ഠിച്ചുവന്നിരുന്ന ചില നിശ്ചയങ്ങൾ ഇപ്പോഴും ഏറെക്കുറെ ദുൎല്ലഭമായി അനുസരിച്ചുവരുന്ന ചില വിദ്യാൎത്ഥികളുടെ അനുഭവങ്ങളിൽനിന്നും ഈ സംഗതി സ്പഷ്ടമാകുന്നതുമുണ്ട്. നേരേമറിച്ചു മേൽപറഞ്ഞ വിഷയങ്ങളെ സംബന്ധിച്ചുള്ള പുസ്തകങ്ങൾ കണക്കില്ലാതെ വൎദ്ധിച്ചുവരികയും വിദ്യാൎത്ഥികൾ അതുകളെ ഹൃദിസ്ഥമാക്കാൻ നിൎബ്ബന്ധിതരാകുകയും ചെയ്തുവരുന്ന ഇക്കാലത്തും ശുചി, ആരോഗ്യം, സന്മാൎഗ്ഗനിഷ്ഠ എന്നിവയെ സംബന്ധിച്ച് ഇത്രത്തോളം അശ്രദ്ധ പ്രദൎശിപ്പിക്കുന്നതിന്റെ രഹസ്യം എന്താണെന്ന് അദ്ധ്യാപകലോകം നിശ്ചയമായും അറിഞ്ഞിരിക്കേണ്ടതാണ്.

മതസംബന്ധമായ വിദ്യാഭ്യാസത്തെപ്പറ്റി ഇതിൽ പ്രതിപാദിച്ചിട്ടുള്ളതും തൃപ്തികരമായ വിധത്തിലായിട്ടില്ല. ആത്മീയകാൎയ്യങ്ങളിൽ അദ്ധ്യേതാക്കൾക്കു താല്പൎയ്യം കുറഞ്ഞുവരുന്നു എന്ന് ഒരപരാധം പരക്കെ ഉണ്ടായിക്കൊണ്ടിരിക്കുന്നു എന്നു ഗ്രന്ഥകാരന്മാൎക്കുതന്നെ ബോദ്ധ്യമുണ്ടായിട്ടും ഈ വിഷയത്തിന്നു ഗ്രന്ഥത്തിൽ അത്ര പ്രാധാന്യം കല്പിക്കാത്തത് എന്തുകൊണ്ടാണെന്നു മനസ്സിലാകുന്നില്ല. വിവിധജാതിമതസ്ഥന്മാരുള്ള നമ്മുടെ നാട്ടിൽ മതസംബന്ധമായ വിദ്യാഭ്യാസം പ്രായോഗികമാക്കിത്തീൎക്കുന്നതെങ്ങിനെയാണെന്ന ചോദ്യത്തിന്നു സമാധാനം പറയേണ്ട ചുമതല ഗ്രന്ഥകാരന്മാൎക്കുണ്ടായിരുന്നു. മിഷ്യൻവകയായും മറ്റുമുള്ള സൎക്കാർവകയല്ലാത്ത പള്ളിക്കൂടങ്ങളിൽ ക്രിസ്തീയവേദഗ്രന്ഥങ്ങളും ദുൎല്ലഭമായി ചില ഹിന്തുവിദ്യാലയങ്ങളിൽ ഹിന്തുമതഗ്രന്ഥങ്ങളും പഠിപ്പിച്ചുവരുന്നില്ലെന്നില്ല. പക്ഷെ ഈ ഏൎപ്പാട് ആശാസ്യമായിട്ടുള്ളതാണോ എന്നു ഞങ്ങൾ സംശയിക്കുന്നു. ഹിന്തുക്കളെ യ

ഥാൎത്ഥഹിന്തുക്കളും ക്രിസ്ത്യാനികളെ യഥാൎത്ഥക്രിസ്ത്യാനികളും മുഹമ്മദമതത്തെ അനുസരിക്കുന്നവരെ യഥാൎത്ഥമുസ്ലീമങ്ങളും ആക്കിത്തീൎക്കുക വിദ്യാഭ്യാസമാണു് അത്യന്താപേക്ഷിതമായിട്ടുള്ളതു്. ഒരു ഹിന്തു അദ്ധ്യാപകനോ ഒരു ക്രിസ്ത്യൻ അദ്ധ്യാപകനോ നാനാജാതിമതസ്ഥന്മാരായ വിദ്യാൎത്ഥികളുടെ സന്നിധിയിൽവെച്ചു സ്വമതത്തെ വളരെ ശ്ലാഘിക്കുകയും ഇതരമതങ്ങളെ ദൂഷിക്കയും ചെയ്യുന്നതുകൊണ്ടു് അദ്ധ്യേതാക്കൾക്കു് അവരവരുടെ മതങ്ങളിൽ വിശ്വാസം നശിക്കുമെന്നുള്ളതല്ലാതെ ഇതരമതത്തിൽ വിശ്വാസം ഉറച്ചുവരുന്നതായി സാധാരണ കാണുന്നില്ല. ആധുനികഹിന്തുവിദ്യാൎത്ഥികളിൽ അധികവും നാസ്തികന്മാരായിത്തീരുന്നതിന്റെ യഥാൎത്ഥകാരണം ഇതാകുന്നു. അതിനാൽ മതാഭ്യസനത്തിന്നു പ്രത്യേകം വിദ്യാലയങ്ങളോ പ്രത്യേകംഅദ്ധ്യാപകന്മാരോ ഉണ്ടായിരിക്കേണ്ടതു് അത്യാവശ്യമാകുന്നു. ഈ ജാതി വിദ്യാഭ്യാസം വേണ്ടവിധത്തിലായില്ലെങ്കിൽ മതഭ്രാന്തന്മാരെ സൃഷ്ടിച്ചുവിടുകയായിരിക്കും ഇതിന്റെ ഫലം. ഇന്ത്യയിൽ ഇപ്പോഴുള്ള കുഴപ്പത്തിന്റെ പ്രധാനകാരണം ശരിയായവിധത്തിലുള്ള മതാഭ്യസനത്തിന്റെ അഭാവമാകുന്നു.

ശിക്ഷയും വിനയവും എന്ന അദ്ധ്യായത്തിൽ അദ്ധ്യാപകവൃത്തിയിൽ ഏറിയ കാലത്തെ പരിചയം സിദ്ധിച്ചിട്ടുള്ള ഗ്രന്ഥകൎത്താക്കന്മാരിൽനിന്നു പുതിയ ചില സംഗതികൾ അദ്ധ്യാപകന്മാൎക്കു ഗ്രഹിക്കാനുണ്ടായിരിക്കുമെന്നാണു ഞങ്ങൾ കരുതിയിരുന്നതു്. ഇവിടെയും ഞങ്ങൾക്കു് ഇച്ഛാഭംഗമാണുണ്ടായതു്. കായികശിക്ഷ നിന്ദ്യമാണെന്നു് അഭിപ്രായപ്പെടാത്ത അദ്ധ്യാപകന്മാർ ഉണ്ടോ എന്നു സംശയമാണു്. പക്ഷെ ആ അഭിപ്രായത്തിന്നനുസരണമായി പ്രവൎത്തിക്കുന്നവർ വളരെ ചുരുങ്ങും. വിദ്യാഭ്യാസകോഡിൽ കായികശിക്ഷ നൽകാനുള്ള അധികാരം പ്രധാനാദ്ധ്യാപകന്നു മാത്രമേ നൽകീട്ടുള്ളു. കോഡിൽ ഇങ്ങിനെ ഒരു വ്യവസ്ഥ ചെയ്തതുകൊണ്ടു യാതൊരു പ്രയോജനവുമില്ല. എന്തെന്നാൽ ഏതു വിദ്യാലയത്തിൽ പോയാലും ചൂരൽ പ്രയോഗിക്കാത്ത അദ്ധ്യാപകന്മാരെ കാണ്മാൻ പ്രയാസമാണു്. വടി പഠിപ്പിക്കാനുള്ള ഉപകരണങ്ങളിൽ ഒന്നാണെന്നു് ഏതദ്ധ്യാപകനും കരുതുന്നതായി തോന്നും. സഹായാദ്ധ്യാപകന്നു ദണ്ഡശിക്ഷ നൽകാൻ അധികാരമില്ലെന്നുവെക്കുന്നതുകൊണ്ടുള്ള വൈഷമ്യങ്ങൾ ചില്ലറയൊന്നുമല്ല. "അദ്ധ്യേതാക്കൾ യോജിച്ചു മത്സരിക്കുകയും രക്ഷാകൎത്താക്കൾ അവരെ പ്രോത്സാഹിപ്പിക്കുകയും സമുദായത്തിൽ വിദ്യാഭ്യാസത്തെപ്പറ്റി മതിപ്പു കുറഞ്ഞിരിക്കുകയും ചെയ്ത" ഒരു കാലം ഉണ്ടായിരുന്നെങ്കിൽ അതു് ഇപ്പോഴും അസ്തമിതപ്രായമായിട്ടില്ല. പക്ഷെ കായികശിക്ഷ നൽകുന്ന അദ്ധ്യാപകന്മാർ നിയമലംഘനം ചെയ്യുന്നു എന്നു വിദ്യാൎത്ഥികൾ അറിയുമ്പോൾ അവരെപ്പറ്റി കലശലായ പുച്ഛം അദ്ധ്യേതാക്കൾക്കു ജനിക്കുകയും പ്രതിക്രിയക്കുള്ള അവസരം അവർ കാത്തിരിക്കയും ചെയ്യും. ഇതുനിമിത്തം സ്കൂൾഭരണവിഷയത്തിൽ വളരെ കുഴപ്പങ്ങൾ നേരിടുന്നുണ്ടു്. അതുകൊണ്ടു വേണ്ടിവന്നാൽ ദണ്ഡശിക്ഷ നൽകാനുള്ള അധികാരം ഏതദ്ധ്യാപകനും ഉണ്ടായിരിക്കുകയും ആ അധികാരത്തെ ദുരുപയോഗപ്പെടുത്താതെ നോക്കാനുള്ള ചുമതല പ്രധാനാദ്ധ്യാപകന്നു വിട്ടുകൊടുക്കുകയും ചെയ്യുന്നതായിരിക്കും ശിക്ഷയെ സംബന്ധിച്ചു മേൽപറഞ്ഞപ്രകാരമുള്ള ഒരു വ്യവസ്ഥവെക്കുന്നതിനെക്കാൾ അധികം നന്നായിരിക്കുക. ഒരദ്ധ്യാപകൻ നൽകുന്ന കഠിനമായ ശിക്ഷ വിദ്യാൎത്ഥികൾ സഹിച്ചു എന്നു വരാം. പക്ഷെ പ്രധാനാദ്ധ്യാപകനെക്കൊണ്ടു കൂടെക്കൂടെ ശിക്ഷകൊടുപ്പിക്കുന്ന അദ്ധ്യാപകന്റെ നേരെ വിദ്യാൎത്ഥികൾ ദ്വേഷബുദ്ധിയോടുകൂടിത്തന്നെ ഇരിക്കുന്നതാണു്.

ഈ പുസ്തകത്തിലെ ഭാഷാരീതിയെ സംബന്ധിച്ചും രണ്ടുവാക്കു ഞങ്ങൾക്കു പറവാനുണ്ടു്. ഇതിന്റെ ഭാഷ വളരെ ലളിതവും പ്രയാസമായിട്ടുള്ള ആശയങ്ങളെത്തന്നെയും വേഗത്തിൽ മനസ്സിലാകത്തക്കവിധം എഴുതിട്ടുള്ളതുമാണെന്നു പ്രസ്താവനയിൽ പറഞ്ഞിട്ടുള്ള അഭിപ്രായത്തോടു പൂർണ്ണമായി യോജിക്കുന്നതു പ്രയാസംതന്നെ. വിദ്യാഭ്യാസതത്വങ്ങളെ പ്രതിപാദിക്കുന്ന പ്രസ്തുതപുസ്തകത്തിൽ ഭാഷക്കു കാഠിന്യമുണ്ടാകുന്നതിൽ അത്ഭുതമൊന്നുമില്ല. പക്ഷെ ചില ദിക്കുകളിൽ ഭാഷ കഠിനമാക്കേണ്ട ആവശ്യം നേരിട്ടാലും ആശയങ്ങളെ ദൃഷ്ടാന്തങ്ങൾ മൂലം സ്പഷ്ടമാക്കേണ്ട ഭാരം ഗ്രന്ഥകാരന്മാർക്കുണ്ടായിരുന്നു. അതു് അവർ വേണ്ടവിധം നിർവ്വഹിച്ചിട്ടില്ല. താഴെ എഴുതുന്ന വാക്യങ്ങളുടെ അർത്ഥം ഇംഗ്ലീഷുഭാഷാനഭിജ്ഞന്മാരായ മലയാളികൾക്കു ക്ലേശംകൂടാതെ മനസ്സിലാക്കാൻ സാധിക്കുമൊ എന്നു വായനക്കാർ തീർച്ചയാക്കട്ടെ.

“പ്രകൃതിക്കനുയോജ്യമായവിധത്തിൽ പൂർത്തിയാക്കപ്പെടുന്ന വിഷമതാസമ്മിശ്രമായ പ്രവൃത്തിയത്രേ പ്രോജക്ക്റ്റ് എന്നു പറയുന്നതു്.” “ഇപ്രകാരമുള്ള സാമൂഹ്യബോധനത്തിന്റെ ശവമണി ഡാക്ടർ മോണ്ടിസ്സോവ്യ, പ്രത്യേകപരിശീലനപദ്ധതി ഏർപ്പെടുത്തിയതോടുകൂടി അടിച്ചുകഴിഞ്ഞു.” “സ്മരണ ഒരു കുറിയല്ല. പൂർവ്വാനുഭവങ്ങളാൽ ഉണ്ടായിട്ടുള്ള തലച്ചോറിലെ പാതകളെ വീണ്ടും ഉണർത്തുന്നതിനു തുല്യമായി ആശയങ്ങളെ തൽക്കാലത്തെ ആവശ്യത്തിനായി തിരിച്ചുവിളിക്കുന്ന മാനസികവ്യാപാരം തന്നെയാണു്.” “വ്യക്തമായ ഭാവനാശക്തിയുടെയും സൂക്ഷ്മമായ ആലോചനയുടെയും പ്രാരംഭവ്യവസ്ഥകൾ വ്യക്തമായ ഇന്ദ്രിയപ്രേരണകൾതന്നെയാണു്.” ‘ഭാഷാഭ്യസനത്തിന്റെ ഉദ്ദേശ്യങ്ങൾ’ എന്ന തലവാചകത്തിൽ ‘ആശയവിനിമയമാർഗ്ഗമായി മലയാളഭാഷ നമ്മുടെ രാജ്യത്തും അടുത്തുള്ള ഏതാനും പ്രദേശങ്ങളിലും മാത്രം ഉപയോഗപ്പെടുത്തുന്നുണ്ടെങ്കിലും വിദേശീയരായിട്ടുള്ള ഇടപാടുകളിൽ മിക്കവാറും ഇംഗ്ലീഷുഭാഷതന്നെയാണ് ഉപയോഗിച്ചുവരുന്നതു്” എന്നു പറഞ്ഞിരിക്കുന്നതിൽനിന്നു ഭാഷാഭ്യസനം അനാവശ്യമാണെന്നുള്ള അർത്ഥമല്ലേ സ്ഫുരിക്കുന്നതു്? ‘സാഹിത്യപരിശീലനവിഷയത്തിൽ നമ്മുടെ ഭാഷക്രമാഭിവൃദ്ധിയെ പ്രാപിച്ചുവരുന്നുണ്ടു്” എന്നു് ഉദ്ദേശ്യങ്ങളുടെ കൂട്ടത്തിൽ പറയുന്നതിന്റെ താല്പര്യവും അത്ര സ്പഷ്ടമല്ല. ഇങ്ങിനെ ചില ന്യൂനതകൾ ചൂണ്ടിക്കാണിച്ചതു് അടുത്തപതിപ്പു് അദ്ധ്യാപകലോകത്തിനു കുറേക്കൂടി ഗുണപ്രദമായിത്തീരണമെന്നുള്ള ഉദ്ദേശ്യത്തോടുകൂടിയാണെന്നു ഗ്രന്ഥകർത്താക്കന്മാർ മനസ്സിലാക്കാതിരിക്കയില്ലെന്നു വിശ്വസിക്കുന്നു. ഏതായാലും അദ്ധ്യാപകന്മാർ വായിച്ചുനോക്കേണ്ട ഈ പുസ്തകം ഏറ്റുമാനൂർ ട്രെയിനിംഗ് സ്കൂൾ ഹെഡ്മാസ്റ്ററോടു് ആവശ്യപ്പെട്ടാൽ കിട്ടുന്നതാണു്.

---

## സാഹിത്യപ്രഭവം

‘മഹാമഹിമശ്രീ ഇടപ്പള്ളി കൃഷ്ണരാജാവു തിരുമനസ്സിലെ മേൽനോട്ടത്തിൽ കേരളത്തിലെ കേളികേട്ട സാഹിത്യധുരന്ധരന്മാരുടെ സഹായസഹകരണങ്ങളോടുകൂടി ഇടപ്പള്ളി “സാഹിത്യസമാജത്തിന്റെ” ഭാരവാഹികൾ 102 മേടമാസം 11-ം 12-ം 13-ം തിയ്യതികളിൽ അവിടെവെച്ചു നടത്തിയ “സമസ്തകേരളസാഹിത്യമഹാപരിഷത്തിന്റെ” അഞ്ചു യോഗങ്ങളിലായി അവതരിപ്പിക്കപ്പെട്ട മുഖ്യ

കാൎയ്യങ്ങളെ ക്രോഡീകരിച്ചു, പുസ്തകരൂപമായി പ്രസിദ്ധപ്പെടുത്തിയതാകുന്നു പ്രകൃതപുസ്തകം. ഇടപ്പള്ളിയിൽവെച്ചു കൂടിയ പരിഷത്തിനുശേഷം മലയാളികളുടെ ഇടയിൽ ഭാഷയെക്കുറിച്ചും ഭാഷാസാഹിത്യത്തെക്കുറിച്ചും ക്രമപ്രവൃദ്ധമായ ഒരു അഭിനിവേശം ജനിച്ചിട്ടുണ്ടെന്നുള്ളതിനു സംശയമില്ല. എന്നാൽ ഇടപ്പള്ളി പരിഷത്തുകാർ മറെറാരുവിധത്തിലുംകൂടി ഭാഷാഭിമാനികളുടെ കൃതജ്ഞതയ്ക്കു പാത്രീഭവിച്ചിരിക്കുന്നു. അതായതു് അന്നു് അവിടെ നടന്ന അധ്യക്ഷപ്രസംഗങ്ങൾ, ഗദ്യപദ്യപ്രബന്ധങ്ങൾ, പ്രസംഗങ്ങൾ മുതലായവ കേവലം അന്തരീക്ഷത്തിൽ ലയിച്ചുപോകാതെ കേവലം അതെല്ലാംകൂടി ക്രോഡീകരിച്ചു 'സാഹിത്യപ്രഭവം' എന്ന പേരിൽ ഒരു പുസ്തകം അച്ചടിപ്പിച്ചു് ഇതാ കേരളീയൎക്കു സമ്മാനിച്ചിരിക്കുന്നു. കാൎയ്യപരിപാടി അനുസരിച്ചു നടന്ന അധ്യക്ഷപ്രസംഗങ്ങളും മററു പ്രബന്ധങ്ങളിൽ പലതും സാരഗൎഭങ്ങളായിരുന്നു എന്നുള്ളതിനു തൎക്കമില്ല. അധ്യക്ഷപ്രസംഗങ്ങൾ ഓരോന്നും വായിച്ചു ഹൃദിസ്ഥമാക്കേണ്ടവയാണു്. ടാഗൂർസാഹിത്യം, സാഹിത്യസാരം, സ്ത്രീകളും സാഹിത്യവും, കവിതയും ഭാവനയും, ആദിയായ പ്രസംഗങ്ങളും ചില ചെറുപദ്യപ്രബന്ധങ്ങളും നന്നായിരിക്കുന്നുണ്ടു്. ചില പ്രബന്ധങ്ങൾ വൃഥാ സ്ഥൂലങ്ങളുമായിട്ടുണ്ടു്. അധ്യക്ഷന്മാരുടെ ഛായകൾ കൂടാതെ പ്രസാധകന്റെയും ഒരു പ്രാസംഗികയുടേയും ഛായകൾകൂടി കൊടുത്തിരിക്കുന്നതു നയനാമണീയമായിട്ടുണ്ടെങ്കിലും അവ മാത്രം ചേൎക്കാനും മററുപലരുടേയും ചേൎക്കാതിരിക്കാനും ഉള്ള യുക്തി മനസ്സിലാകുന്നില്ല. ഈ പുസ്തകം നല്ല കടലാസിൽ വൃത്തിയായി അച്ചടിപ്പിച്ചിട്ടുള്ളതു മലയാളപുസ്തകങ്ങൾക്കു് അത്യന്തം അനുകരണയോഗ്യമായിരിക്കുന്നു. ഈ പുസ്തകത്തെക്കുറിച്ചു സമഷ്ടിയായി ഒരഭിപ്രായം പറഞ്ഞു എന്നല്ലാതെ വ്യക്തിഗതമായ ഒരു നിരൂപണം ഇവിടെ ചെയ്വാൻ സാധിച്ചിട്ടില്ല. എന്നാലും ഇവയിൽ പലതും കണ്ടും കേട്ടും ഞങ്ങൾക്കു സുപരിചിതങ്ങളാകയാൽ വായിക്കേണ്ടതും വായിക്കുന്നതുമായ ഒരു പുസ്തകമാണിതെന്നാണു ഞങ്ങൾക്കു തോന്നിയിട്ടുള്ളതു്. അതുകൊണ്ടു ഭാഷാപ്രണയികളായ എല്ലാവരും വാങ്ങി വായിച്ചു 'സാഹിത്യപ്രഭവ'ത്തിന്റെ പ്രാഭവം മനസ്സിലാക്കി പ്രസാധകന്മാരെ പ്രോത്സാഹിപ്പിക്കേണ്ടതാണു്. പി. കെ. കരുണാകരമേനോൻ, ഇടപ്പള്ളി എന്ന മേൽവിലാസത്തിൽ ആവശ്യപ്പെട്ടാൽ ഒരുറുപ്പികവിലയ്ക്കു ഈ പുസ്തകം കിട്ടുമെന്നറിയുന്നു.

---

മംഗളോദയം പ്രസ്സിൽനിന്നും അയച്ചുതന്നിട്ടുള്ള ഓട്ടംതുള്ളലുകൾ, വെള്ളുവക്കമ്മാരൻ, കഥയുള്ള കഥകൾ മൂന്നും നാലും ഭാഗങ്ങൾ, കോമളം, മദനവിലാസം, പാട്ടുകൾ, മണിമഞ്ജൂഷ, വനകുസുമം, ഐതിഹ്യമാല അഞ്ചാംഭാഗം എന്നീ പുസ്തകങ്ങൾ നന്ദിപൂൎവ്വം കൈപ്പററിയിരിക്കുന്നു. അഭിപ്രായം വഴിയെ.

---

# കുറിപ്പുകൾ

## ക്ഷേത്രപ്രവേശനം

---

'ഹിന്ദുക്കളുടെ ക്ഷേത്രങ്ങളിൽ സകലജാതിമതസ്ഥൎക്കും പ്രവേശിച്ചു്, ഈശ്വരഭജനം ചെയ്യുവാൻ സ്വാതന്ത്ര്യം [illegible]

സർവീസ് പത്രാധിപന്മാരായ മെസേഴ്സ് എം. രാമവർമ്മതമ്പാൻ ബി. എ. എൽ. റ്റി., എം. ആർ. കൃഷ്ണപ്പിള്ള ബി. എ. മുതലായ മാന്യന്മാർ ഞങ്ങളുടെ അഭിപ്രായം ആവശ്യപ്പെട്ടിരിക്കുന്നതിൽ സന്തോഷിക്കുന്നു. നാഗരികത്വത്തിന്റെ പോക്കും നാട്ടിന്റെ യോഗക്ഷേമവും ഈശ്വരന്റെ പരിശുദ്ധതയും വിചാരിച്ചു നോക്കിയാൽ ക്ഷേത്രങ്ങളിൽ സകലജാതിമതസ്ഥർക്കും പ്രവേശനം അനുവദിക്കുന്നതിൽ അസാംഗത്യം ഒന്നും കാണുന്നില്ല. ക്ഷേത്രകവാടങ്ങൾ വിശാലമായ ആശയത്തോടുകൂടി തുറന്നുകൊടുത്ത് എല്ലാവർക്കും പ്രവേശിക്കുവാൻ സ്വാതന്ത്ര്യം നൽകുന്നതായാൽ മതസംബന്ധമായും മറ്റുമുള്ള അനാവശ്യശണ്ഠകൾ മിക്കവാറും ശമിക്കുന്നതുമാണ്. തന്മൂലം നമ്മുടെ ഈശ്വരസത്തയുടെ സങ്കേതമായി സങ്കല്പിച്ചുവരുന്ന ക്ഷേത്രങ്ങൾ കുറെക്കൂടി വിശാലവും പരിപാവനവുമായ പുണ്യസ്ഥലങ്ങളായി പരിണമിക്കുമെന്നുതന്നെയാണു ഞങ്ങളുടെ അഭിപ്രായം.

ഇപ്പോൾതന്നെ ഇതരമതസ്ഥരുടെ ദേവാലയങ്ങളിൽ ഹിന്ദുക്കൾക്കു പ്രവേശനം അനുവദിച്ചിട്ടുള്ളതുകൊണ്ടു യാതൊരു ദോഷവും ഞങ്ങൾ കാണുന്നില്ല. അതിനാൽ ഉൽകൃഷ്ടവും ഉന്നതവും വിശാലവുമായ ഒരു വിശിഷ്ടോദ്ദേശ്യത്തോടുകൂടി പുറപ്പെടുവിച്ചിരിക്കുന്ന മിസ്റ്റർ തമ്പാൻ മുതൽപേരുടെ വിജ്ഞാപനത്തെ ഞങ്ങൾ പൂർണ്ണമായി അനുകൂലിക്കുന്നു.

## വീജയം ഭാഗ്യംകൊണ്ടാണോ?

ഏതെങ്കിലും ഒരു കാര്യത്തിനു പുറപ്പെടുമ്പോൾ, ആ കാര്യത്തിൽ വിജയം ലഭിക്കുമോ എന്നുള്ള വിശ്വാസത്തിനായി—യാത്ര ആരംഭിക്കേണ്ട ശുഭമുഹൂർത്തം അറിയുന്നതിനായി—ഇത്രവളരെ ജനങ്ങൾ ജ്യോത്സ്യന്മാരുടെ പടികാക്കുന്ന ഒരു രാജ്യം ഇൻഡ്യയെപ്പോലെ ലോകത്തിൽ വേറെയില്ല. എന്തുകൊണ്ടെന്നാൽ ഏതു കാര്യത്തിലുമുള്ള വിജയവും ഭാഗ്യംകൊണ്ടാണെന്നു ജനങ്ങൾ വിശ്വസിച്ചുപോരുന്നു. അവരുടെ തെറ്റുകൾകൊണ്ടു പരാജയം സിദ്ധിച്ചാൽതന്നെ അതു് അവരുടെ അശ്രദ്ധയുടെ ഫലമാണെന്നു സമ്മതിക്കാതെ നിർഭാഗ്യംകൊണ്ടാണെന്ന് അവർ പറയും.

ഈ സ്വഭാവം വൃദ്ധജനങ്ങളിൽ മാത്രമല്ല, കുട്ടികളിലും കണ്ടുവരുന്നുണ്ട്. ജീവിതകാലത്തു സംഭവിക്കുന്ന നന്മതിന്മകൾ അവർ മുമ്പെ ചെയ്തിട്ടുള്ള പ്രവൃത്തികളുടെ ഫലമാണെന്നും എത്ര പ്രയത്നിച്ചാലും പ്രയോജനമില്ലെന്നും മറ്റും അവരുടെ ജീവിതാരംഭം മുതല്ക്കുതന്നെ പഠിപ്പിക്കുന്നുണ്ടോ എന്നു സംശയിക്കേണ്ടിയിരിക്കുന്നു. ഈ വിശ്വാസം എത്രയും ദൃഢമൂലരായിത്തീർന്നിട്ടുള്ളതുകൊണ്ടു സാധാരണ പരീക്ഷയിൽ തോല്ക്കുന്ന ഒരു കുട്ടിയെപ്പോലും അങ്ങനെ സംഭവിച്ചതു പഠിത്തം ശരിയാകാഞ്ഞതുകൊ

ങ്ങളാണെന്നും വിധികൊണ്ടല്ലെന്നും വിശ്വസിപ്പിക്കുവാൻ വളരെ പ്രയാസമാണ്.

ജനങ്ങളുടെ ഈ അജ്ഞതകൊണ്ടു സമർത്ഥന്മാരായ ജ്യോത്സ്യന്മാർക്കു വളരെ ആദായമുണ്ടാകുന്നുണ്ട്. ഒരു കുട്ടി ജനിച്ചാൽ അതിന്റെ ഭാവിയെപ്പററി അറിയുന്നതിനായി ഉടനെ ജ്യോത്സ്യന്റെ അടുത്തു വരികയായി. അയാൾ ചില കണക്കുകൾ കൂട്ടി ഒരു ജാതകവും തയാറാക്കിക്കൊടുക്കുന്നു. അതിൽ ഗണിച്ചിരിക്കുന്നപോലെയെല്ലാം ചിലപ്പോൾ സംഭവിച്ചു എന്നു വരാം. പക്ഷെ സാധാരണ അങ്ങനെയല്ല കണ്ടുവരുന്നത്. ജാതകപ്രകാരമുള്ള സംഗതികൾ നടക്കാതെ വന്നാൽ കുട്ടിയുടെ രക്ഷിതാവു് ജ്യോത്സ്യന്റെ അടുത്തു ശണ്ഠക്കു പുറപ്പെടും. അപ്പോൾ കുട്ടി ജനിച്ചനാളും, തിയ്യതിയും, സമയവും ശരിയായി പറഞ്ഞുകൊടുത്തിട്ടില്ലെന്നു പറഞ്ഞ് അയാൾ രക്ഷപ്പെടും.

ചിലർ യാതൊരു ജോലിയും ചെയ്യാതെ മടിയന്മാരായിരിക്കുന്നതു കാണാം. അവരുടെ വിചാരം തലയിലെഴുതിയിട്ടുണ്ടെങ്കിൽ ജീവിതനിർവ്വഹണത്തിനു വേണ്ട ഭക്ഷണവും വസ്ത്രങ്ങളും തീർച്ചയായും ലഭിക്കുമെന്നാണ്. "വായ കീറിയിട്ടുണ്ടെങ്കിൽ ഇരയും കല്പിച്ചിട്ടുണ്ട്" എന്ന് അവർ സാധാരണ പറയാറുണ്ട്. പുരാതനകാലം മുതല്ക്കുതന്നെയുള്ള ഭാരതീയരുടെ അതിഥിസൽക്കാരപ്രിയം—ധർമ്മം—ആണ് ഈ വിഡ്ഢികളെ പട്ടിണിയിൽനിന്നും അകാലമരണത്തിൽനിന്നും രക്ഷിക്കുന്നത്.

എന്നാൽ ഇപ്പോൾ ഒരു പരിവർത്തനം കണ്ടുതുടങ്ങിയിട്ടുണ്ട്. ആധുനികസ്ഥിതികൾക്കനുസരണമായി ഏതെങ്കിലും പ്രവൃത്തിചെയ്താലല്ലാതെ ഭാഗ്യംകൊണ്ടുമാത്രം വിജയം ലഭിക്കയില്ലെന്ന് അന്യദേശക്കാരിൽനിന്നും അവർ മനസ്സിലാക്കി വരുന്നുണ്ട്.

അതുകൊണ്ടു വിജയം ലഭിക്കുന്നതു ഭാഗ്യംകൊണ്ടല്ലെന്നുതന്നെ പറയാം. വിജയം ജോലിയുടെ രീതിയെ ആശ്രയിച്ചിരിക്കുന്നു. ഒരാൾ ചെയ്യുന്ന പ്രയത്നവും, അയാളുടെ ക്ഷമയും, പരിശ്രമശീലവുമാണു വിജയഹേതുക്കൾ. ആദ്യത്തെ തവണ വിജയം സിദ്ധിച്ചില്ലെങ്കിൽ ഒരുവൻ നിരാശനായിത്തീർന്നുകൂടാ. ഇരട്ടി ശക്തിയോടും, ഒടുവിൽ വിജയം സിദ്ധിക്കുമെന്നുള്ള വിശ്വാസത്തോടുംകൂടി വീണ്ടും ജോലിചെയ്യണം.

ഏതെങ്കിലും പ്രവൃത്തിയിലേർപ്പെട്ടു വിജയം ലഭിക്കണമെന്നാഗ്രഹിക്കുന്ന എല്ലാവരുടേയും ആദർശം "തന്നാൽ കഴിയുന്നതു ചെയ്യുക; ഫലം എന്തെങ്കിലുമായിക്കൊള്ളട്ടെ" എന്നായിരിക്കണം.

"വെൽഫെയർ".

2. സ്ത്രീകൾക്ക് ഏതുതരം വിദ്യാഭ്യാസമാണ് ആവശ്യം?

സ്ത്രീവിദ്യാഭ്യാസം ഏതു രാജ്യത്തിനും മനുഷ്യലോകത്തിനു ആകെയും എത്രയും പ്രധാനമായിട്ടുള്ള ഒരു വിഷയമാണ്. ഓരോ രാജ്യത്തിന്റെ

യും മഹിമയും യശസ്സും ലോകത്തിന്റെ അഭിവൃദ്ധിയും ഈ വിഷയത്തെയാണ് മിക്കവാറും ആശ്രയിച്ചിരിക്കുന്നതു്.

സ്ത്രീവിദ്യാഭ്യാസത്തിൽ പ്രഥമമായി വേണ്ടതു സ്ത്രീകളുടെ ആരോഗ്യത്തെ സുദൃഢമാക്കുന്നതും സൌന്ദര്യത്തെ പൂർണ്ണമാക്കുന്നതുമായ കായികപരിശീലനവും വ്യായാമവും നൽകയാണ്. കായികമായും മാനസികമായുമുള്ള ശക്തി അവരിൽ ഉണ്ടാകുന്നതിന് കായികസംസ്കാരത്തേയും സന്മാർഗ്ഗബോധത്തേയും പ്രദാനംചെയ്യുന്ന സ്ഥാപനങ്ങൾ ലോകത്തിന്റെ എല്ലാ ഭാഗങ്ങളിലും വേണ്ടതാകുന്നു. അവയില്ലാത്ത ഒരു രാജ്യം മഹിമയോ, ശ്രേയസ്സോ സ്വപ്നത്തിൽപോലും ആശിക്കേണ്ട. സ്ത്രീകൾക്കായി കായികപരിശീലനവിദ്യാലയങ്ങൾ ഇല്ലാത്ത രാജ്യം ബലഹീനതയുടെ ഇരിപ്പിടമാകുന്നു. അതുകൊണ്ടു സ്ത്രീവിദ്യാലയത്തിൽ കായികപരിശീലനത്തിന് ഒരു പ്രധാനസ്ഥാനമുണ്ടു്; കായികമായിശക്തിയുള്ള ഒരു സ്ത്രീയിൽ ഉൽകൃഷ്ടജ്ഞാനവും ഉൽകൃഷ്ടചിന്തകളും ഉണ്ടാകും; സ്വഭാവം ഉൽകൃഷ്ടമാകും; അവൾ ഉൽകൃഷ്ടമാതാവും, ഉൽകൃഷ്ടപത്നിയും, ഉൽകൃഷ്ടാധ്യാപികയും ഉൽകൃഷ്ടസമുദായസ്നേഹിയുമായിത്തീരുന്നതാണ്.

കുറെ നഗരങ്ങളുടെ സ്ഥാനങ്ങൾ പഠിക്കുന്നതുകൊണ്ടോ, ചില സംഭവങ്ങളുടെ കാലമോ, മഹാന്മാരുടെ പേരുവിവരപ്പട്ടികയോ പഠിക്കുന്നതുകൊണ്ടോ പ്രയോജനമെന്താണ്? സ്ത്രീയെ ഒരു നല്ല നിഘണ്ടുവാക്കുകയല്ല സ്ത്രീവിദ്യാഭ്യാസത്തിന്റെ ഉദ്ദേശം. എന്നാൽ അവൾ വായിക്കുന്ന ചരിത്രത്തിൽ ശരിയായി പ്രവേശിക്കുവാനും, അതു തന്റെ സങ്കല്പശക്തിയിൽ ചിത്രീകരിക്കാനും, കാര്യാകാര്യങ്ങൾ മനസ്സിലാക്കുവാനും അറിഞ്ഞിരിക്കണം. അവൾ അനുകമ്പയുള്ളവളായിത്തീരണം. അവളുടെ പ്രാർത്ഥന ഭർത്താവിന്റെയോ കുഞ്ഞിന്റെയോ ദുഃഖം ശമിക്കുവാൻ മാത്രമായിരുന്നുകൂടാ. മറ്റനമേററു് യാതൊരു സഹായവുമില്ലാതെ എത്രപേർ ഉഴലുന്നു. അവർക്കുവേണ്ടി പ്രാർത്ഥിക്കണം. സ്ത്രീകൾക്ക് പുരുഷന്മാരോളം ബുദ്ധിശക്തിയുണ്ടോ എന്നൊരു ചോദ്യമുണ്ടു്. എന്നാൽ സ്ത്രീയുടെ തലച്ചോറു പുരുഷന്റേതിനേക്കാൾ താഴ്ന്നതല്ല എന്നുള്ളതു് സുസമ്മതവും സുസ്ഥാപിതവുമായ ഒരു തത്വമാണ്. സ്ത്രീകൾക്കു പ്രവേശനമുള്ള രാജ്യങ്ങളിൽ ജോലികൾക്ക് അവർ സമർത്ഥകളാണെന്നും ജോലിക്കാര്യത്തിൽ അവർ പുരുഷന്മാരോടു കിടപിടിക്കുന്നവരാണെന്നും കാണുന്നു. അമേരിക്കയിലും ഇംഗ്ലണ്ടിലും പരീക്ഷാബിരുദുകൾ ലഭിച്ചിട്ടുള്ള സ്ത്രീകൾ സുലഭമാണ്.

നമ്മുടെ രാജ്യത്തു സ്ത്രീകൾക്കു ശരിയായി വിദ്യാഭ്യാസം ലഭിക്കുന്നില്ല. അതുകൊണ്ടു ബുദ്ധിശക്തിയെ സംബന്ധിച്ചിടത്തോളം അവർ മോശസ്ഥിതിയിലാണ്. അതു നാം നിവസിക്കുന്ന നിർഭാഗ്യരാജ്യത്തിന്,

ഒരു ന്യൂനതയാകുന്നു. ആ ന്യൂനതകൊണ്ടു് സ്ത്രീകൾക്കും, അവരുടെ ഭർത്താക്കന്മാർക്കും, ഭാവിപരമ്പരകൾക്കും ഉപദ്രവങ്ങൾ ഉണ്ടാകുന്നുണ്ടു്.

സ്ത്രീകൾ വിദ്യാവിഹീനകളായതുകൊണ്ടു മാനസികവും സാന്മാർഗ്ഗികവുമായ ശക്തികൾ വികസിക്കാതിരിക്കുകയും, സങ്കുചിതമനസ്ഥിതിയുള്ളവരും അജ്ഞകളുമായിത്തീരുകയും ചെയ്യുന്നു. ലോകം അഭിവൃദ്ധിപ്പെട്ടുവെങ്കിലും അവർ ദോഷകരങ്ങളായ മൂഢവിശ്വാസങ്ങളെ മുറുക്കിപ്പിടിക്കുകയും അവരുടെ കുട്ടികളുടെ സ്വാതന്ത്ര്യത്തിനും വിജ്ഞാനത്തിനും എതിരായി സ്വാധീനശക്തിയെ ഉപയോഗിക്കുകയും ചെയ്യുന്നു. അജ്ഞതനിമിത്തം അവർ ഭർത്താക്കന്മാരുടെ സഹായികളായിത്തീരുന്നില്ല. ഭർത്താക്കന്മാരുടെ ഉദ്ദേശങ്ങളെയോ, ചിന്തകളെയോ, ആദർശങ്ങളെയോ മനസ്സിലാക്കുന്നതിനോ അവരോടു് അനുഭാവം പ്രദർശിപ്പിക്കുന്നതിനോ സാധിക്കുന്നില്ല. പാശ്ചാത്യരാജ്യങ്ങളിലെ സ്ത്രീകൾ അവരുടെ ഭർത്താക്കന്മാരുടെ സഹായികളും, ഉപദേഷ്ടാക്കളും, മിത്രങ്ങളും, സഹപ്രവർത്തകരുമാണു്. ആ സ്ഥാനം ഭാരതീയസ്ത്രീകൾക്കു് കരസ്ഥമാക്കുവാൻ കഴിയുന്നില്ല. മാതാക്കളുടെ അജ്ഞതനിമിത്തം കുട്ടികളെ സംബന്ധിച്ചിടത്തോളമുണ്ടാകുന്ന ദോഷം വലുതാണു്. കുട്ടികളുടെ സ്വഭാവരൂപവൽക്കരണത്തിനു് അവക്കല്ലെ കൂടുതൽ ഔത്സുക്യവും സന്ദർഭവും സ്വാധീനവും. മാതാവു് അജ്ഞയും അന്ധവിശ്വാസിയും പുരോഗതിയുടേയും വിജ്ഞാനത്തിന്റേയും ശത്രുവുമാണെങ്കിൽ കുട്ടികൾക്കു് എന്തു ഗുണമാണുണ്ടാകുന്നതു്?

കാൺഗ്രസ്സുകാർ ഇൻഡ്യയ്ക്കുവേണ്ടി പല കാര്യങ്ങളും ആവശ്യപ്പെടുന്നുണ്ടു്. എന്നാൽ ഇൻഡ്യയ്ക്കു് ഏററവും അത്യാവശ്യമായിട്ടുള്ളതു് സ്ത്രീവിദ്യാഭ്യാസമാണു്. അതു് മുൻപറഞ്ഞ രീതിയിലായിരിക്കണം. പരീക്ഷാബാധയിൽനിന്നും കാണാപ്പാഠനത്തിൽനിന്നും വിദ്യാഭ്യാസസമ്പ്രദായം വിമുക്തമായിരിക്കണം.

"വെൽഫെയർ."

### 3. ഒരു മാതൃകാഗ്രാമം

മൈസൂർ മഹാരാജാവുതിരുമനസ്സുകൊണ്ടു മൈസൂരിനടുത്തു് ഒരു മാതൃകാഗ്രാമം സ്ഥാപിച്ചിരിക്കുന്നു. ലളിതാദ്രിപുരം എന്ന ആ പുതിയ ഗ്രാമത്തിന്റെ സ്ഥാപനം എത്രയും പ്രാധാന്യമുള്ള ഒന്നാണു്. ഗ്രാമീണപുനസ്സംഘടനമാണു് അതിന്റെ ഉദ്ദേശം. എന്നാൽ പുതിയ ഗ്രാമീണർ നിർദ്ധനന്മാരും, ഊനബലരും, നിരക്ഷരകുക്ഷികളുമാണു്. ഗൃഹങ്ങൾ ഉണ്ടാക്കുന്നതിനു ഗവൺമെൻറിൽനിന്നും സൌജന്യമായി സ്ഥലങ്ങൾ നൽകിയിട്ടുണ്ടു്. അവ പണിയിക്കുന്നതിനുവേണ്ട പണവും കടം കൊടുത്തിട്ടുണ്ടു്. ആരോഗ്യകരവും സുഖകരവുമായ ജീവിതത്തിലേക്കുള്ള മാർഗ്ഗത്തിൽ അവർ കാലെടുത്തു വച്ചിരിക്കുന്നു എന്നുവേണം പറയുവാൻ. പുതിയ ഗ്രാമത്തിൽ ഐക്യതയും വ്യക്തിത്വവുമുണ്ടു്. ഓരോ ഗ്രാമവാസിയും ഗ്രാമത്തി-

ന്റെ ഒട്ടാകെയുള്ള ക്ഷേമത്തിന്നു ജോലിചെയ്യാൻ ഓരോരുത്തനും പൂർണ്ണമായ മനസ്സംതൃപ്തിയുണ്ടാകുമെന്നു ഗ്രാമവാസികളെ മനസ്സിലാക്കിയിരിക്കുന്നു. കുട്ടികളുടെ വിദ്യാഭ്യാസത്തിനായി വിദ്യാലയങ്ങൾ ആരംഭിക്കുന്നതാണു്. നല്ല കൃഷിക്കാരാകുന്നതിന്നുവേണ്ട പ്രായോഗികപരിശീലനം അവൎക്കു നല്കുന്നതുമാണു്. അതേസമയത്തുതന്നെ അവൎക്കു സാഹിത്യപരമായ വിദ്യാഭ്യാസവും നല്കും. വാസനയുള്ളവൎക്കു കൂടുതൽ പഠിക്കാവുന്നതും ഉന്നതവിദ്യാഭ്യാസം ചെയ്യാവുന്നതുമാകുന്നു. പരസ്പരസഹായസംഘങ്ങളും സ്ഥാപിക്കുന്നതാണു്. എല്ലാംവരും അംഗങ്ങളായിരിക്കണമെന്നുള്ളതു നിർബ്ബന്ധമാകുന്നു. ഭജനമന്ദിരങ്ങൾ പ്രായമായിട്ടുള്ളവരുടെ വിദ്യാഭ്യാസത്തിന്നും ആദ്ധ്യാത്മികക്ഷേമത്തിന്നും ഉപകരിക്കുന്നതാണു്. പുറമെയുള്ള ലോകവുമായി ഇടപെടുന്നതിന്നുള്ള സന്ദർഭങ്ങളും ധാരാളമുണ്ടു്. പുതിയ ഗ്രാമത്തിൽ പഞ്ചായത്തുകോടതികൾ ഉണ്ടായിരിക്കും. ചില പ്രത്യേകകേസുകളിലല്ലാതെ അവയുടെ വിധികളിന്മേൽ അപ്പീൽ ഉണ്ടായിരിക്കുന്നതല്ല. ഈ ഗ്രാമത്തിന്നു വിജയം സിദ്ധിക്കുമെന്നുള്ളതു നിശ്ചയമാണു്. ലളിതാദ്രിപുരത്തിന്റെ വിജയം നരസിംഗറാവുവിനെപ്പോലെയുള്ള നിസ്സ്വാൎത്ഥരായ ദേശാഭിമാനികളുടെ പ്രയത്നഫലമാകുന്നു. ഇൻഡ്യയിലെ മററു ഭരണകോയ്മകളും ജനങ്ങളും ഇതു് ഒരു മാതൃകയായി സ്വീകരിക്കുമെന്നു വിശ്വസിക്കുന്നു. കാൺഗ്രസ്സുകാർ ഈ ജോലി ആരംഭിച്ചിട്ടുണ്ടെങ്കിലും പൊതുജനസഹകരണക്കുറവിനാലും ഭരണകോയ്മയുടെ അശ്രദ്ധയാലും തടസ്സത്താലും പുരോഗതി സാദ്ധ്യമാകുന്നെന്നു തോന്നുന്നില്ല. ഗ്രാമീണപുനസ്സംഘടനക്കായി കാൺഗ്രസ്സു നല്ലപോലെ പരിശ്രമിക്കേണ്ടതാണു്. ദേശീയാഭിവൃദ്ധിക്കും പുരോഗമനത്തിന്നും ഉള്ള മാൎഗ്ഗം അതുതന്നെയാണു്.

### 4. സ്ത്രീവിദ്യാഭ്യാസവും വിവാഹവും.

സ്ത്രീവിദ്യാഭ്യാസം ധാരാളമുള്ള അമേരിക്കയിൽ 'വൃദ്ധകന്യകകൾ' സുലഭമാണു്. വിദ്യാഭ്യാസം കഴിഞ്ഞു ബിരുദങ്ങൾ ലഭിച്ചിട്ടുള്ള വനിതകളിൽ 40 ശതമാനത്തിലധികം അവിവാഹിതരായി കാണുന്നു.

| | | |
|---|---|---|
| വെൽസ് കാളേജ് — | 38 | ശതമാനം |
| ഓഹിയൊ — | 46 | ,, |
| വിസ്കാൺസിൻ— | 48 | ,, |
| ഇല്ലിനായിസ്സ് — | 46 | ,, |
| കാലിഫോർനിയൊ— | 40 | ,, |
| സ്റ്റാൻഫോർഡ് — | 40 | ,, |

ഉൽകൃഷ്ടവിദ്യാഭ്യാസം വിവാഹത്തിന് വനിതകളെ അയോഗ്യകളാക്കിത്തീർക്കുന്നതുകൊണ്ടോ, ഗൃഹസ്ഥാശ്രമത്തോടുള്ള നീരസംകൊണ്ടോ എന്തോ, അവർ അധികവും അവിവാഹിതകളായിട്ടാണു കാണുന്നതു്. വിദ്യാഭ്യാസം സിദ്ധിച്ചിട്ടുള്ള വനിതകൾ ഗൃഹസ്ഥാശ്രമത്തിൽനിന്നും ഒഴി

ത്തുനിൽക്കുന്ന വിവരം അമേരിക്കയിലെ പൊതുജനങ്ങളുടെ ഗാഢചിന്തക്കു വിഷയീഭവിച്ചിട്ടുണ്ട്.

(പ്രിൻസിലി ഇൻഡ്യ)

## 5. നല്ല പ്രതീകാരം.

27 സംവത്സരം മുമ്പെ കേംബ്രിഡ്ജ് സർവ്വകലാശാലയിലെ രണ്ടു യുവാക്കൾ അവരുടെ അലക്കുകാരത്തിയോടു ശണ്ഠപിടിച്ച് പ്രതീകാരം ചെയ്യണമെന്നു തീരുമാനിച്ചു. അലക്കുവാൻ കൊടുത്തിരുന്ന ഷർട്ടുകൾ ചിത്തയാക്കിക്കൊണ്ടുവരുന്നതുകണ്ട് സഹിക്കവയ്യാതായിട്ടാണ് അങ്ങനെ ചെയ്തത്. ചിലപ്പോൾ അവ തന്നെ തിരിച്ചുകിട്ടാതെയും വന്നിരുന്നു. അവർക്കു രണ്ടുപേർക്കും അല്പം പണമുണ്ടായിരുന്നതുകൊണ്ട് അവർ സ്വന്തം ഒരു 'അലക്കുശാല' ആരംഭിച്ച് അവരുടെ ഷർട്ടുകൾ അവിടെ അലക്കിക്കാമെന്നുറച്ചു.

അവർ ലണ്ടനിൽ ഒരു ചെറിയ മുറി വാങ്ങി. അലക്കുന്നതിനായി രണ്ടു പെൺകുട്ടികളെ ഏർപ്പെടുത്തി. അലക്കുന്നതിനെപ്പററി വേണ്ട ഉപദേശം ആ ബാലികമാർക്കു അവർ നൽകി.

കേംബ്രിഡ്ജ് സർവ്വകലാശാലയിലുള്ള അവരുടെ സ്നേഹിതന്മാർ അവർ ധരിച്ചിരുന്ന ഷർട്ടു കണ്ട് സന്തോഷിച്ച് അവരുടെ ഷർട്ടുകളും അങ്ങോട്ടയക്കട്ടെ എന്നു ചോദിച്ചു. അവർക്ക് അതു് അത്ര ഇഷ്ടമായില്ല. കൂലി കൂടുതലാകുമെന്ന് അവർ കൂട്ടുകാരോടു പറഞ്ഞു.

കൂടിയ നിരക്കിന് അലക്കാമെന്നു സമ്മതിച്ചു. അഞ്ചു പെൺകുട്ടികളെക്കൂടി അവർ അലക്കുന്നതിനായി നിയോഗിച്ചു. ആ അലക്കുശാലക്ക് ഒരു നാമകരണവും ചെയ്തു.

ഇന്ന് ആ അലക്കുശാല റോഡിന്റെ ഒരുവശം മുഴുവനും വ്യാപിച്ചിരിക്കുന്നു. അലക്കും ധാരാളമുണ്ട്. 500 ബാലികമാർ അവിടെ വേലചെയ്യുന്നുണ്ട്. എല്ലാവരും സമർത്ഥകളുമാണ്. ഇംഗ്ലണ്ടിലെ രാജാവിന്റെയും രാജ്ഞിയുടേയും അലക്കുകൂടി അവിടെയാണെന്നുള്ളതു പ്രസ്താവയോഗ്യമാണ്. രാജ്ഞിയ്ക്കു് അവിടെ ഒരു പ്രത്യേകവകുപ്പുണ്ട്. അവരുടെ വിശേഷവസ്ത്രങ്ങൾ അലക്കുന്നവർക്കു മാത്രമേ അവിടെ കടന്നു രാജ്ഞി എന്താണ് അയയ്ക്കുന്നതെന്ന് അറിയുവാൻ സാധിക്കയുള്ളു.

(പ്രിൻസിലിഇൻഡ്യ)

## 6. പഞ്ചായത്തുവിദ്യാലയങ്ങൾ.

മദ്രാസ് ഗവമ്മേൻറ പഞ്ചായത്തുകളുടെ വകയായി 500 പ്രാഥമികവിദ്യാലയങ്ങൾ ആരംഭിക്കുവാൻ അനുജ്ഞ നൽകിയിരിക്കുന്നു. അതിനു വേണ്ട പണവും അനുവദിച്ചിട്ടുണ്ട്. പഞ്ചായത്തുകളുടെ മേലധികാരി വിദ്യാഭ്യാസവകുപ്പിലുള്ള ഉദ്യോഗസ്ഥന്മാരോടും, സഭകളോടും ആലോചിച്ചിട്ടാണു വിദ്യാലയങ്ങൾ സ്ഥാപിക്കുവാനുദ്ദേശിക്കുന്നത്.

ഒരു പഞ്ചായത്ത് ഒരു വിദ്യാലയം ആരംഭിക്കണമെന്നു വിചാരിക്കുന്നെങ്കിൽ ആദ്യമായി എല്ലാവൎക്കും പ്രവേശനമുള്ള ഒരു സ്ഥലത്ത് ഒരു കെട്ടിടം പണിയിക്കണം; ഗവൎമ്മെന്റിൽനിന്നുമുള്ള സഹായധനത്തിനു പുറമെ വേണ്ടിവരുന്ന പണം ആ പഞ്ചായത്തുതന്നെ ചിലവിടണം; വിദ്യാലയങ്ങൾ ഇൻസ്പെക്ടർമാരുടെ പരിശോധനയിൻ കീഴിലായിരിക്കുകയും ചെയ്യും.

(റൂറൽഇൻഡ്യ)

## 8. അമേരിക്കയിലെ ശിക്ഷ.

കുറച്ചുനാൾമുമ്പ് രണ്ടു വൃദ്ധകളെ കൊന്ന കുററത്തിനു 'ലുസ്‌വിഗ് ലി' എന്ന ഒരാളെ ന്യൂയാൎക്ക് പട്ടണത്തിൽവച്ച് പോലീസുകാർ പിടിക്കുകയുണ്ടായി. അയാളെക്കൊണ്ട് ആ കുററം സമ്മതിപ്പിക്കുന്നതിന് അസാധാരണവും മൃഗീയവുമായ പീഡകൾ അനുഭവിപ്പിച്ചു എന്ന് ലി പറയുന്നു. രണ്ടു പക്കവാരികൾ (എല്ലുകൾ) ഒടിയുന്നതുവരെയും ശരീരം മുറിവുകൾകൊണ്ടു നിറയുന്നതുവരെയും അയാളെ പ്രഹരിച്ചു. അയാളുടെ തലമുടി കുറെ പറിച്ചെടുത്തു; കൈകാലുകൾ കെട്ടി വേദനിപ്പിച്ചു. ഉറങ്ങുന്നതിന് അയാളെ അനുവദിച്ചിരുന്നില്ല. നാലുദിവസം മുഴുവനും അയാളോടു ചോദ്യങ്ങൾ ചോദിച്ചു ബുദ്ധിമുട്ടിച്ചു. അയാളുടെ വക്കീൽ ലിയെ ഒരു അപ്പാത്തിക്കിരിയെക്കൊണ്ടു പരിശോധിപ്പിക്കുന്നതിനും മുറിവുകളുടെ ഒരു ഛായ എടുക്കുന്നതിനും അപേക്ഷിച്ചിട്ടു പോലീസുകാർ അനുവദിച്ചില്ല. മൂന്നു കോടതികളിൽ അതിനെപ്പററി വക്കീൽ പരാതി പറഞ്ഞെങ്കിലും ഫലമുണ്ടായില്ല. ലി നാൎവേരാജ്യക്കാരനാണ്. അവിടത്തെ ഗവൎമ്മെൻറ് കേസിനെപ്പററി അന്വേഷിക്കുന്നുണ്ട്. പോലീസുകാരുടെ 'ചായം' പുറത്താകുമെന്നുവേണം വിശ്വസിക്കുവാൻ. ഇപ്രകാരം മൃഗീയങ്ങളായ ശിക്ഷകളും പീഡകളും കുററക്കാരെ അനുഭവിപ്പിക്കുന്ന വേറൊരു പരിഷ്കൃതരാജ്യം ലോകത്തിലില്ല. അവ പാടെ നശിപ്പിക്കേണ്ട കാലം അതിക്രമിച്ചിരിക്കുന്നു. ലോകത്തിൽവച്ച് ഏററവും പരിഷ്കാരമുള്ള ഒരു ദേശത്തിലെ പോലീസുകാർ ആ ദേശത്തെ ഇങ്ങനെ അധഃപതിപ്പിച്ചുകൂടാ. *

'ന്യൂറിപ്പബ്ലിക്ക്'

---

ഇന്നുംപല്ലവപുഷ്പസൽഫലകിദംബാലംബമായ് ഭൂതലെ
മിന്നുംകൈരളിയാംരസാലതരുവിൻതുഞ്ചത്തിരുന്നാദരാൽ
മന്ദംപാടു് മധുവൎഷധാരതുടരെത്തൂകിസ്സതാംനിസ്തുലാ
നന്ദംനൽകുമജാനാപാവനശുകജ്യോതിസ്സിനായ് കൈതൊഴാം.

---

* നമ്മുടെ രാജ്യത്തോ? (ഗു. പ)

## "മണ്ഡനമഞ്ജരി"

ഗ്രന്ഥകർത്താ, ഡി. പത്മനാഭനുണ്ണി ബി. ഏ.

ഉള്ളൂർ, അപ്പൻ തമ്പുരാൻ, കുമാരനാശാൻ, ഏ. ആർ. രാജരാജവർമ്മ തമ്പുരാൻ, കുഞ്ചൻനമ്പ്യാർ, കെ. നാരായണകുരുക്കൾ, വേങ്ങയിൽ കുഞ്ഞിരാമൻ നായനാർ മുതലായ സാഹിത്യകാരന്മാരുടെ കൃതികളെക്കുറിച്ചു വിമർശിക്കുന്ന ഒരു ആധുനിക നിരൂപണഗ്രന്ഥം. ഇതിനെക്കുറിച്ചു മഹാമഹിമശ്രീ അപ്പൻതമ്പുരാൻ തിരുമനസ്സുകൊണ്ടു ഇങ്ങനെ പറയുന്നു.

"………ആദ്യം മുതല്ക്കുതന്നെ ഒന്നു നോക്കുവാൻ തോന്നിപ്പോയി. പിന്നെ അവസാനം കാണുന്നതുവരെ നിറുത്തുവാനൊട്ടു തോന്നിയതുമില്ല. 'മഞ്ജരി' മുഴുവനും ഹൃദിസ്ഥമായതിനു ശേഷമേ മനസ്സു സ്വാധീനത്തിൽ വന്നുള്ളു."

"…………കവിഹൃദയം വിമർശകന്റെ മനസ്സിൽ പകർന്നു, ബുദ്ധിനികഷത്തിൽ മാററുരച്ചുനോക്കി, കാവ്യകാരന്റെ മുഖവും നടപ്പും നോക്കാതെ സംസ്കൃതമായ സ്വാഭിപ്രായത്തിൽ ധൈര്യത്തോടുകൂടി കാവ്യത്തിന്റെ വിലമതിക്കുകയാണു വിമർശനത്തിന്റെ ഉത്തമാദർശമെങ്കിൽ "മണ്ഡനമഞ്ജരി" അപ്രകാരമുള്ള ഒരു രീതിയെയാണ് അവലംബിച്ചിട്ടുള്ളതു്."

മലയാളം സ്കൂൾലീവിങ്ങ്, ഇംഗ്ലീഷ് സ്കൂൾലീവിങ്ങ്, ഹയർ, പണ്ഡിതൻ, വിദ്വാൻ, ഇന്റർമീഡിയേററ്, ബി. ഏ. മുതലായ പരീക്ഷകൾക്കു പഠിക്കുന്നവർക്കും സാഹിത്യരസികന്മാർക്കും അത്യാവശ്യം. വില 10 ണ.

## "പ്രതാപസിംഹൻ"

ഗ്രന്ഥകർത്താ, ഡി. പത്മനാഭനുണ്ണി, ബി. ഏ.

ഇൻഡ്യാചരിത്രസംബന്ധമായ ഒരു നല്ല ആഖ്യായിക. 'നിന്റെ ശത്രുവിന്റെ തെററു ക്ഷമിക്കുക. ദൈവം നിന്റെ തെററു ക്ഷമിക്കും' എന്ന തത്വത്തെ അടിസ്ഥാനപ്പെടുത്തി എഴുതിയിട്ടുള്ളതു്. വില. 10 ണ.

മേൽകാണിച്ച രണ്ടു പുസ്തകവും ഒന്നായി എടുക്കുന്നവർക്കു രണ്ടുംകൂടി 1 ക. വിലയ്ക്കു കൊടുക്കും.

സി. ജി. സഹോദരന്മാർ,

വടക്കേക്കര,

പറവൂർ,

(തിരുവിതാംകൂർ)

ഉൽകൃഷ്ടന്മാരായ അദ്ധ്യാപകന്മാരും അദ്ധ്യാപികമാരും ആക്കുവാൻ

ആധുനികവിദ്യാഭ്യാസതത്വങ്ങളും രീതികളും.

(Eipe MathaiB. A, L. T. & K. M. Joseph B. A. L. T.)

സാമാന്യവിദ്യാഭ്യാസതത്വങ്ങൾ, വിദ്യാഭ്യാസചരിത്രം, മനഃശാസ്ത്രം, ആധുനികബോധനരീതികൾ, സ്കൂൾവ്യവസ്ഥിതി, സ്കൂൾവിനയനം, ഭാഷാബോധനം, കണക്കുബോധനം, ഭൂമിശാസ്ത്രബോധനം എന്നിങ്ങനെ ഒരദ്ധ്യാപകൻ അവശ്യം അറിഞ്ഞിരിക്കേണ്ട എല്ലാവിഷയങ്ങളേയും പ്രയോഗികവും ആധുനികവുമായ രീതിയിൽ സമഷ്ടിയായി വിവരിക്കുന്നതും, ട്രെയിനിംഗു പരീക്ഷാചോദ്യങ്ങളും പാഠക്കുറിപ്പുകളും ഉൾപ്പെടുത്തിയിട്ടുള്ളതും, 788 പുറം വലിപ്പമുള്ളതും, അദ്ധ്യാപകവൃന്ദത്തെ ഏററവും ആധുനികനിലയിലെത്തിക്കുവാൻ പര്യാപ്തമായിട്ടുള്ളതും ലഘുവായ (2 രൂ 12 ണ) വിലയുള്ളതുമായ ഈ "അമൂല്യസമ്പത്ത്" കൈവശമിരിക്കുന്നത് അദ്ധ്യാപകവൃത്തിയുടെ അഭിമാനത്തിനും ശ്രേയസ്സിനും അത്യന്താപേക്ഷിതമാകുന്നു.

[ഇതു] "ആംഗ്ലേയഭാഷാനഭിജ്ഞന്മാരായ അദ്ധ്യാപകന്മാൎക്ക് ഒരു അമൂല്യസമ്പത്തായിരിക്കുമെന്നുള്ളതിനു സംശയമില്ല... വിദ്യാഭ്യാസതത്വങ്ങളെപ്പററി സമഷ്ടിയായി പ്രതിപാദിക്കുന്ന ഒരു ഗ്രന്ഥം ഇദംപ്രഥമമായിട്ടാണു പ്രസിദ്ധീകരിക്കപ്പെട്ടിട്ടുള്ളത്. (മലയാളമനോരമ)

N. B. നല്ല കട്ടിയുള്ള ബോർഡിൽ ബയന്റുചെയ്ത പ്രതികൾ 2 രൂ 8 അണയും, മുഴുകാലിക്കോ ബയന്റുള്ളവ 2 രൂ. 12 അണയും വിലവച്ചു ബാക്കിയുള്ള പുസ്തകം പ്രതികൾ തീരുന്നതുവരെ വില്ക്കുന്നതും വിലയിൽ പകുതി അഡ്വാൻസോടുകൂടി മൂന്നു പുസ്തകത്തിൽ കുറയാതെ ഒരേസമയം ഓർഡർചെയ്യുന്നവൎക്കു വി. പി. ചെലവു സൌജന്യമായിരിക്കുന്നതും ആകുന്നു. പുസ്തകം പ്രതികൾ! ഉടൻ അപേക്ഷിക്കുക!

1. കെ. എം. ജോസഫ് ബി എ. എൽ. ററി., ഹെഡ്മാസ്റ്റർ, ട്രെയിനിംഗുസ്കൂൾ, ഏററുമാനൂർ.

2 എഡ്യുക്കേഷനൽ ബുക്കുഡിപ്പോ, പുത്തൻകാവ്, ചെങ്ങന്നൂർ.

---

## ചിന്താസന്താനം

(മൂന്നാംഭാഗം)

ഇന്നത്തെ ഗദ്യകാരന്മാരിലും ചിന്തകന്മാരിലും ഗണനീയമായ ഒരു സ്ഥാനത്തെ അൎഹിക്കുന്ന ശ്രീമാൻ ആർ. ഈശ്വരപിള്ള അവർകൾ എഴുതിയ ഇരുപത് ഉപന്യാസങ്ങൾ അടങ്ങിയ വിലയേറിയ ഒരു ഗ്രന്ഥം. പൊടിപ്പും തൊങ്ങലുംവച്ച് അനാവശ്യമായി നീട്ടി എഴുതുന്നരീതി ഇതിൽ കാണുകയില്ലെന്നു പറയേണ്ടതില്ലല്ലോ. 'മിതംചസാരം' എന്ന ഗ്രന്ഥകാരന്റെ ആദൎശംതന്നെയാണ് ഇതിലെ ആദൎശവും. ഇതിലെ അനുകരണീയമായ ഗദ്യരീതിയും, ആദരണീയമായ കാൎയ്യസാരവും സാമാന്യജനങ്ങൾക്ക് എത്രയും ഉപയോഗപ്രദമാകുന്നു. വിശേഷിച്ച് വിദ്യാൎത്ഥികളും അദ്ധ്യാപകന്മാരും ഈ ഗ്രന്ഥം വായിച്ചു ഹൃദിസ്ഥമാക്കേണ്ടതുതന്നെയെന്നു നിസ്സംശയം പറയാം.

വില 0—10—0

സി. ജി. സഹോദരന്മാർ വടക്കേക്കര പറവൂർ.